Rge. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 27 | 1129 കർക്കിടകം 12 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജൂലൈ 28 | ലക്കം 47

## സിസ്റ്റർ അൽഫോൻസാ

(ജെയിംസ് കെ. സി., മണിമല)

അന്ധകാരത്തിൽ ഒരു കൈത്തിരി കത്തിയിരുന്നു. ആയിരങ്ങൾ ഇടറാത്ത പാദങ്ങളോടെ അങ്ങോട്ടു നടന്നണഞ്ഞു.

കാലത്തിന്റെ യവനിക ഉയരുകയും താഴുകയും ചെയ്തു. കൊടുങ്കാററുകൾ ആഞ്ഞടിച്ചു. ഘോരമാരി തകർത്തു. കേരളക്കരയിൽ നിന്നും ആജ്യോതിസ്ഫുലിംഗം പൊലിഞ്ഞുപോയില്ല. ഏകാഗ്രമായി എരിയുകയായിരുന്നു.

* * *

തിരുസ്സഭാംബരത്തിൽ വെള്ളിത്താരങ്ങൾ ഉദയംചെയ്യുന്നതു കൈരളി കണ്ണിമയ്ക്കാതെ നോക്കിനിന്നു. ശുഭ്രമേഘങ്ങൾ അവയ്ക്കകമ്പടി സേവിച്ചിരുന്നു! മഴവില്ലുകൾ പലപ്പോഴും ആ ഘോഷയാത്രയ്ക്കു കമനീയകമാനങ്ങൾ നിർമ്മിച്ചിരുന്നു.

കുലീനയായ കൈരളി ആ മധുരനാമധേയങ്ങൾ വായിച്ചുനോക്കി. “ഫിലോമിനാ, ആഗ്നസ്, അനസ്താസിയാ, അക്വിലീനാ, അഗാത്താ, ബർബരാ, ബിബിയാനാ, ബ്രിജീത്താ, ജൂലിയാ, ക്രിസ്തീനാ, ക്ലാര—” അങ്ങിനെ അണിയണിയായി നിരന്നിരിക്കുകയാണു്, വിൺവീഥിയിൽ ആ തേജോരാശികൾ.

* * *

അരിമക്കുമാരികളിൽ ഒരാൾ പോലും ആ ജൈത്രയാത്രയിൽ സംബന്ധിക്കുകയില്ലെന്നോ? വിജയമകുടമണിയില്ലെന്നോ?! ആ അണയാത്ത കൈത്തിരിയുമായി അംബിക ഒന്നു നെടുവീർപ്പിട്ടു.

പടിഞ്ഞാറെ ചക്രവാളം ഇരുളിലാണ്ടിരുന്നപ്പോൾ വെളിച്ചത്തിന്റെ തങ്കപ്പൂച്ചണിഞ്ഞതു പ്രാചിയുടെ കവാടമാണു്. ഇരുൾക്കരിമ്പാറകൾ കീറിപ്പിളക്കുവാൻ മിന്നൽപ്പടവാളുമായി “വെളിച്ചത്തിന്റെ രാജാവു്” പടിഞ്ഞാറോട്ടു നീങ്ങിയതും അവിടെ നിന്നാണു്!! രാജാധിരാജൻ പാശ്ചാത്യഭൂമിയിൽ ദിഗ്ജയം നടത്തുന്നതിനു് എത്ര മുമ്പെ കൈരളി ആ തിരുവടികളിലെ പാവനധൂളികൾ അണിഞ്ഞിട്ടില്ല?!

എന്നിട്ടും അംബികയുടെ ഓമനമക്കളിൽ ഒന്നുപോലും ആ വെള്ളിത്താരങ്ങൾക്കിടയിൽ മിന്നിത്തിളങ്ങുകയില്ലെന്നോ?

II

മേഘമാലകൾക്കപ്പുറത്തേക്കു് ഒരു വെള്ളിവിമാനം നീങ്ങുന്നുണ്ടു്. വാനദൂതന്മാരാണു് അതിനകമ്പടി സേവിക്കുന്നതു്. മലയമാരുതന്റെ കുഴലൂത്തും, കോകിലങ്ങളുടെ കളഗാനവും അവിടെ മാറെറാലിക്കൊള്ളുന്നു.

അതാ! മൂടുപടം ധരിച്ച ഒരു രാജകന്യക ആ കവാടത്തിൽ പ്രത്യക്ഷപ്പെടുന്നു. എങ്ങോട്ടായിരിക്കുമോ കുമാരിയുടെ യാത്ര?— അല്ല താരാപഥത്തിലേക്കുതന്നെയാണല്ലോ.

* * *

കാനനസൂനങ്ങളെ! നിങ്ങൾ അറിയുമോ ആ അസുലഭഭാഗ്യശാലിനി ആരെന്നു്?


മാമലശൃംഗങ്ങളെ! മണൽപ്പരപ്പുകളെ! ആ മാനിനീമണിയെപ്പററി നിങ്ങൾക്കെന്തറിയാം?

മലരണിത്തോപ്പുകളെ! മരതകപ്പുൽപ്പരപ്പുകളെ! അവളുടെ മധുരനാമധേയം നിങ്ങൾക്കറിയാമോ?

“അൽഫോൻസാ!—”

ഒററശ്വാസത്തിൽ ഒരായിരം ഉത്തരങ്ങൾ!

കേരളാംബികേ! ആനന്ദിച്ചാലും! അഭിജാതമായ ഭവതിയുടെ അരിമക്കുമാരിയുടെ എഴുന്നള്ളത്താണതു്. അതിരും എതിരുമററ അനന്തവിശാലതയിലേക്ക്! അപ്രമേയമഹിമാവിലാസം നിറഞ്ഞ ആത്മനാഥന്റെ അന്തഃപുരത്തിലേക്ക്!!




8-ാം ചരമവാർഷികം

(ജൂലൈ 28)

For Favours Sathyadeepam

* * *

അംബികേ! ആ വെളിച്ചത്തിന്റെ കൈത്തിരി ഒന്നുയർത്തിക്കാണിക്കണേ. മംഗല്യമണിക്കിരീടമണിഞ്ഞ “ചേച്ചി”യെ ഞാൻ കൺകുളുർക്കെ ഒന്നു കണ്ടുകൊള്ളട്ടെ. ആ മിന്നിത്തിളങ്ങുന്ന വൈഡൂര്യങ്ങൾ അവൾ എവിടെനിന്നു സമാർജ്ജിച്ചു? തീരാരോഗത്തിന്റെ തീവ്രയാതനകളുടെ നിരന്തരസഹനത്തിൽ നിന്നോ? ധവളമോഹനമായ ആ പട്ടുടയാടയോ? നിഷ്കന്മഷതയുടെ നിതാന്തനൈർമ്മല്യത്തിൽനിന്നല്ലേ?

പരിമളമിയലുന്ന ആ വാടാമലർമാല്യം പരിത്യാഗത്തിന്റെ പരമോദാരമായ ഈടുവയ്പുകളല്ലയോ?

ഹാ! ധന്യചരിതേ, നിർമ്മലതയുടെ നിറകുടവുമായി നിത്യതയിലേക്കു പറന്നുയരുന്ന അങ്ങേ സന്നിധിയിൽ ഞാൻ ശൂന്യതയുടെ കൈത്തലം വിരിച്ചു നില്ക്കൊള്ളുകയാണു്. അഭ്യർത്ഥനകളുടെ പൂമാലയല്ലാതെ കാണിക്കവയ്ക്കുവാൻ എനിക്കൊന്നുമില്ല. അതിൽത്തന്നെ വാടിയ പൂക്കളാണധികവും!

എങ്കിലെന്തു്? കാട്ടുപൂവിന്റെ കാന്തിത്തുടുപ്പും, കൊച്ചുരുവിയുടെ നിഷ്കളങ്കതയും തികഞ്ഞ ആ ജീവിതവിശുദ്ധിക്കു നമോവാകം. പതറാത്ത ചിന്തകളോടും, ഇടറാത്ത ഭാവനയോടുംകൂടെ ഈ തൂലിക അങ്ങേ സന്നിധിയിലേക്കൊന്നു പറന്നണഞ്ഞുകൊള്ളട്ടെയോ?

III

യവനിക! ജീവിതത്തിന്റെ അന്ത്യവിതാനത്തിൽ തൂക്കപ്പെട്ടിരിക്കുന്ന ഒരു യവനികയാണു മരണം. അതിനപ്പുറം ഒന്നു തുറന്നുനോക്കുവാൻ മനുഷ്യാത്മാവു വെമ്പൽകൊള്ളുകയാണു്. ജീവിതകാലത്തു ഭുവനവിഖ്യാതരായിരുന്ന പലരും ആ വെളിയടക്കുള്ളിൽ മറഞ്ഞതിൽപ്പിന്നെ അജ്ഞാതരായിപ്പോയി. അവർ അവിടെ എന്തുചെയ്യുന്നുവെന്നു് ഇനിയും ലോകം അറിഞ്ഞിട്ടില്ല.

ലോകത്തിനു് അജ്ഞാതയായിരുന്നു ആ കന്യക—അൽഫോൻസാ. അങ്ങനെ ഒരു പേരുപോലും അന്നെങ്ങും ആരും പറഞ്ഞുകേട്ടില്ല. പാവപ്പെട്ട ക്ലാരമഠത്തിന്റെ ഭിത്തികൾക്കുള്ളിൽ അങ്ങനെ ഒരു ജീവിതം നിശ്ശബ്ദമായി നീങ്ങിയിരുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പത്താറു് ജൂലൈ ഇരുപത്തെട്ടു്! മരണം ആ ഭൗതികജീവിതത്തിനു് മുമ്പിൽ ഒരു കറുത്ത യവനിക വിരിച്ചിട്ടു. അതോടെ ആ യശ്ശഃജീവിതത്തെ മറച്ചിരുന്ന ധവള തിരസ്കരണി ഉയരുകയും ചെയ്തു.

വാടിക്കരിഞ്ഞ താമരത്തണ്ടു പോലെ ശവമഞ്ചത്തിൽ തളർന്നു

ഭാരതം ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തയായി.
നമ്മുടെ പഞ്ചവത്സരപദ്ധതിയുടെ നേട്ടം
ഇനി ഓരോ കുടുംബവും സ്വയംപര്യാപ്തമാകേണ്ടിയിരിക്കുന്നു.
അതിനുമുണ്ടൊരു പഞ്ചവത്സരപദ്ധതി
— അതാണു് —
"ഫെഡറൽമിച്ചനിക്ഷേപപദ്ധതി".
നിങ്ങൾക്കു സ്വന്തമായൊരു വീടുണ്ടാകണം. അതിനു 5000 ക. വേണമെന്നു വിചാരിക്കുക. മൂന്നുമാസത്തിലൊരിക്കൽ 200ക. വീതം തുടർച്ചയായി 22 തവണകളിലായി ആകെ 4400 ക. ഫെഡറൽ നിക്ഷേപഫണ്ടിൽ അടയ്ക്കുക. 23-ാമത്തെ തവണ അടയ്ക്കേണ്ട സമയമാകുമ്പോൾ നിങ്ങൾ 5000 ക. യുടെ അവകാശിയായിതീരും.
200 × 22 = 5000
വിളവെടുപ്പുകാലമനുസരിച്ച പണമടക്കേണ്ട സമയവും ക്രമീകരിക്കാവുന്നതാണു്.
5ക യിൽ കുറയാത്ത ഏതു തുകകൊണ്ടും പദ്ധതിആരംഭിക്കാം.
കൂടുതൽ വിവരങ്ങൾക്കു്:
ദി ഫെഡറൽ ബാങ്ക് ക്ലിപ്തം
H. O. ആലുവാ
ബ്രാഞ്ചുകൾ: എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

കിടന്ന ആ ഭൗതികാവശേഷം നോക്കി കണ്ണീർ വാർത്തുകൊണ്ടു് ഫാദർ റോമ്ളൂസ് പറഞ്ഞു: "മൺമറയുന്ന ഈ സാധുകന്യകയുടെ യഥാർത്ഥമഹത്വം അറിഞ്ഞിരുന്നെങ്കിൽ കർദ്ദിനാളന്മാർ തന്നെ ഇവിടെ തിങ്ങിക്കൂട്ടമായിരുന്നു."

അതു കേൾക്കുവാൻ അധികം പേരുണ്ടായിരുന്നില്ല. കേട്ടവരിൽതന്നെ പലരും അപ്പോഴേ വിസ്മരിച്ചുകളഞ്ഞു. ഇങ്ങനെ എത്രയോ ചരമപ്രസംഗങ്ങൾ കേട്ടിരിക്കുന്നു!

പക്ഷേ ചരിത്രം ആ ദീർഘദർശനത്തിനു സാക്ഷിനില്ക്കുന്നു. വർഷം ഏഴേ കഴിഞ്ഞുള്ളു. കർദ്ദിനാൾ സംഘത്തിലെ പ്രമുഖനായ അത്യുന്നത ടിസ്സരാങ്ങു് തിരുമേനി അവളുടെ നിത്യനിദ്രാവേദിയിൽനിന്നു ഭക്ത്യാദരസമന്വിതനായി, ആ കുമാരിയെ അൾത്താരയിൽ പ്രതിഷ്ഠിക്കുവാനുള്ള അപേക്ഷകസമിതി ഉദ്ഘാടനംചെയ്തു! ഭാരതത്തിന്റെ അഭിമാനഭാജനമായ അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് അവളുടെ ശവകുടീരത്തിൽ പ്രാർത്ഥിക്കുന്നതു് അഭിമാനമായിക്കരുതി.

ആയിരക്കണക്കിനു ഭക്തജനങ്ങൾ ഇന്നു് അവിടെ തിങ്ങിക്കൂടുകയാണു്. സമ്പന്നനും ദരിദ്രനും, പണ്ഡിതനും പാമരനും, സുന്ദരനും വിരൂപിയും, നേതാവും നീതനും എല്ലാം അവിടെ തോളോടുതോൾ ചേർന്നു് അർച്ചനാദ്രവ്യങ്ങളുമായി കാത്തുനില്ക്കുന്നു. ആധുനികലോകം ആവേശപൂർവ്വം ആഗ്രഹിക്കുന്ന 'സ്ഥിതിസമത്വം" കാണണമെങ്കിൽ ഒന്നവിടേക്കു തിരിഞ്ഞുനോക്കട്ടെ. ആദ്ധ്യാത്മികസമത്വത്തിന്റെ അനവദ്യമായ ബഹിർസ്ഫുരണം!

* * *

അൽഫോൻസാ! ആയിരങ്ങളുടെ ആശാങ്കുരങ്ങൾ മുളച്ചുതഴയ്ക്കുന്ന സുകൃതകേദാരമാണവൾ! അമൂല്യമായ ആത്മസത്തയുടെ കൈവിളക്കുമേന്തി അന്ധകാരത്തിലെ വഴിത്തിരിവിൽ കാത്തുനില്ക്കുന്ന കാരുണ്യദീപമാണവൾ!!- തിന്മയുടെ മുൾപ്പടപ്പിൽനിന്നു നന്മയുടെ കനകക്കതിരുകൾ ശേഖരിക്കുന്ന കൊയ്ത്തുകാരിയാണവൾ!!!- അലയടിച്ചുയരുന്ന സാഗരതരംഗപരമ്പരകളിൽ കൊച്ചുതോണിയിറക്കി തുഴഞ്ഞുപോകുന്ന ധൈര്യശാലിനിയാണവൾ!!!

* * *

നാഥാ! മഗ്ദലേനായ്ക്കു മാപ്പരുളി, അവളെ സുകൃതിനിയാക്കിയ ദയാനിധേ!- മാർഗ്ഗരറ്റിനെ ക്രൂശിതഹസ്തത്താൽ തഴുകിത്തലോടിയ സ്നേഹവാരാശേ! അവശലക്ഷങ്ങളുടെ ആശാങ്കുരമായ അൽഫോൻസായെയും അങ്ങേ സുകൃതിനികളുടെ ഗണത്തിൽ ഞങ്ങൾ വണങ്ങിക്കൊള്ളട്ടെയോ? അവിടുത്തെ അനിഷേധ്യനായ പ്രതിനിധി, അപ്രമാദസ്വരത്തിൽ ആ അനുവാദം പ്രഖ്യാപനം ചെയ്യുന്ന വിനാഴിക ഞങ്ങൾ കാത്തിരിക്കുന്നു! കേരളാംബികയുടെ കരൾത്തടം അന്നു് ആനന്ദാവേശത്തിന്റെ തിരത്തള്ളൽകൊണ്ടു തകർന്നുപോയെങ്കിൽ ഞങ്ങൾ അത്ഭുതപ്പെടുകയില്ല.

* * *

അൽഫോൻസാ! വിണ്മലർവാടിയിൽ പൂവിറുക്കൽ തുടങ്ങിയിരിക്കുന്ന പുണ്യാംബികേ! കൈയിൽക്കിട്ടിയ ഉപഹാരങ്ങളുമായി, ഞാൻ ഒരു വാടാമലരിനുവേണ്ടി കാത്തിരുന്നുകൊള്ളട്ടെയോ? അപൂർണ്ണമായ ഈ ആലേഖ്യത്തിനു നിറവും ഭംഗിയും തികഞ്ഞിട്ടില്ല. ശിഥിലഭാവനകൾ വാരിയെടുത്തു് ഇങ്ങനെ ഒരക്ഷരമാല്യം ചമച്ചതാണു്. അണിയുവാൻ അങ്ങേക്കാഗ്രഹമില്ലെങ്കിലും, അണിയിക്കുവാൻ ഞങ്ങൾ ആവേശംകൊള്ളുന്നു.

അനന്തതയുടെ മണിമുറ്റത്തു്, അമർത്ത്യതയുടെ കവാടത്തിൽ, അണയാത്ത ദീപവുമായി അങ്ങു കാത്തിരിക്കുകയാണു്. അന്ധകാരത്തിൽ അണഞ്ഞുപോകാത്ത കൈത്തിരിയുമായി ഞങ്ങളും അങ്ങോട്ടു് നടന്നുകൊള്ളട്ടെ!

—o—

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

പൂക്കൾ ചിരിക്കുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടോ? അതധികമാളുകളും കണ്ടിരിക്കയില്ല. കവിതയെഴുതുന്ന കലാകാരന്മാരാണതധികം കാണുക. ചുറ്റും പൂക്കൾ വിടർന്നു വാസന വീട്ടുകൊണ്ടാടി നില്ക്കുന്നതു് കാണുമ്പോൾ പ്രകൃതി മന്ദഹസിച്ചുകൊണ്ടു് നൃത്തം ചെയ്യുന്നു എന്നാണു് വിചാരിക്കേണ്ടതു്. ഭൂമിയിൽ ധാരാളം കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും രോദനവും വേദനയുമൊക്കെ ഉള്ളപ്പോൾ അതിന്റെ ചില ഭാഗങ്ങളിലിങ്ങനെ മനസ്സിനു കുളുർമ്മയുണ്ടാക്കുന്ന പുഷ്പങ്ങളേയും പക്ഷികളേയും അരുവിയും വെൺമേഘവുമൊക്കെ കാണിച്ചിരിക്കുന്നതു നോക്കുക. അതിൽനിന്നൊക്കെ നമുക്കൊന്നും പഠിക്കാനില്ലേ!!?


ഉണ്ടെന്നാണു് കുഞ്ഞമ്മാവനു് തോന്നുന്നതു്. നാമൊക്കെ പ്രകൃതിയുടെ അരുമസന്താനങ്ങളാണു്. അതിൽ ലയിച്ചു് ജീവിക്കുന്നതായാൽ—അതിനെ കണ്ടു്—കേട്ടു്—സ്പർശിച്ചു—പഠിച്ചുജീവിക്കുന്നതായാൽ—നമുക്കു് കൂടുതൽ ഉന്മേഷവും സുഖവും തോന്നും.

കുഞ്ഞുങ്ങളായിരിക്കുമ്പോഴേ പ്രകൃതിയിൽ അലിഞ്ഞുചേർന്നു ശീലിച്ചാൽ വലുതാകുമ്പോൾ ശ്രേഷ്ഠമായ ജീവിതമായിരിക്കും നിങ്ങൾക്കനുഭവപ്പെടുന്നതു്. അതുകൊണ്ടു നിങ്ങളിതു വായിച്ചുകഴിയുന്നതു മുതൽ ഒരു കാര്യം ചെയ്യൂ. ഒരു ദൃഢനിശ്ചയം എടുക്കൂ. അതു് നിങ്ങളെ ഏതു വിഷമക്കടലിൽനിന്നും രക്ഷിക്കുന്ന ഒരു ബോട്ടോ കപ്പലോ ആയിത്തീരും. അതു് മറ്റൊന്നുമല്ല. "എപ്പോഴും പുഞ്ചിരി തൂകുന്ന ഒരു ശീലം ഉണ്ടാകണമെന്നു് നിശ്ചയിക്കുക."

അതു് ആർക്കെല്ലാം സാധിക്കും? ഒരിക്കലും ചിരിക്കാത്ത ക്രൂരമുഖികളും, ചിരിക്കേണ്ട സന്ദർഭം വന്നാലും പല്ലിറുമ്മുന്ന ഭയങ്കരന്മാരും ധാരാളം നമ്മുടെ ചുറ്റും നിങ്ങൾ കണ്ടിരിക്കും. ചിരിക്കുന്നതു് സ്ഥിതിക്കു കുറവാണെന്നു് ഭാവിച്ചിരിക്കുന്നവരും കാണും. മറ്റൊരാളെ തന്റെ നല്ല മുഖം കാണിച്ചാൽ നമ്മളെക്കൊണ്ടു് വല്ല കാര്യവുംനേടാൻ അയാൾ വന്നേക്കുമെന്നു് കരുതി ചിരിക്കാത്തവരെയും കാണും. എന്നാൽ ഒരു പുഞ്ചിരിതൂകുന്നതിനാൽ ആർക്കും ഒരു നഷ്ടവും വരാനില്ല. കാണുന്നവർക്കു് അതു് സന്തോഷവും സുഖവും ഉണ്ടാക്കുന്നു. അതു് നിങ്ങൾക്കു് ധാരാളം സുഹൃത്തുക്കളെ ഉണ്ടാക്കുന്നു. നിങ്ങൾക്കു് പ്രയാസമുള്ള പല കാര്യങ്ങളും നിങ്ങളുടെ പുഞ്ചിരികൊണ്ടുമാത്രം സാധിക്കുന്നതാണു്. നിരാശരായി കഴിയുന്നവർക്കു് ഒരു പുഞ്ചിരി കൊടുക്കുക. അതു് അവർക്കൊരു പുതിയ ആശയേയും അഭിനന്ദനത്തേയുംകൊടുക്കുകയായിരിക്കും. വ്യസനിച്ചിരിക്കുന്നവരെ നിങ്ങളുടെ ഒരു പുഞ്ചിരി സന്തോഷവും പ്രസരിപ്പും ഉള്ളവരാക്കിയേക്കാം. ഒരു പുഞ്ചിരി ആശ്ചര്യകരമായ ഗുണങ്ങളുണ്ടാക്കുമെന്നു ധരിക്കുക.

ത്യാഗങ്ങളും ക്ലേശങ്ങളും യാതനകളും പട്ടിണിയും ദാരിദ്ര്യവും എല്ലാം നമ്മെ പിടികൂടുമ്പോഴെങ്ങിനെയാണു് ചിരിക്കാൻ തോന്നുന്നതു് എന്നു് നിങ്ങൾ ചോദിക്കുമായിരിക്കും. അതിനുത്തരം, എന്തുവന്നാലും മുഖത്തു പുഞ്ചിരിതൂകുന്നവരെ കഷ്ടപ്പാടുകൾ പിടികൂടുകയില്ല എന്നതാണു്. എന്തെന്നാൽ എന്നും ഒരു മന്ദഹാസത്തോടെ നേരിട്ടു് വിജയം നേടാനവനു് കഴിയും.

കുഞ്ഞുങ്ങൾ പല ആളുകളേയും നിത്യവും കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ, എപ്പോഴെങ്കിലും നിങ്ങളവരുടെ ഓരോരുത്തരുടേയും മുഖഭാവങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ സദാ ഉന്മേഷത്തോടെ മന്ദഹാസം പരത്തിക്കൊണ്ടു് ചലിക്കുന്ന വളരെക്കുറച്ചാളുകളെ കാണാൻ കഴിയും.


എപ്പോഴും പുഞ്ചിരിതൂകുന്ന ഒരു ശീലം ഉണ്ടാകണമെന്നു് നിശ്ചയിക്കുക.

കുഞ്ഞമ്മാവനു് കുറച്ചാളുകളെ അറിയാം. അവരുടെ ജീവചരിത്രം മുഴുവനറിഞ്ഞുകൂടെങ്കിലും വളരെ ഐശ്വര്യപൂർണ്ണവും ത്യാഗസമ്പന്നവുമാണവരുടെ ജീവിതം എന്നറിയാൻ കഴിഞ്ഞിട്ടുണ്ടു്. അന്നു് ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ അവിടത്തെ ഹെഡ്മാസ്റ്ററുടെ മുഖം ഇന്നും നല്ലവണ്ണം ഓർമ്മിക്കുന്നു. മന്ദഹാസം തൂകുന്ന ഒരു മുഖഭാവത്തോടെ അല്ലാതെ അറിവുവച്ചതിൽപ്പിന്നെ അദ്ദേഹത്തെ ആരും കണ്ടിട്ടില്ല. കുഞ്ഞായിരുന്നപ്പോൾ കരഞ്ഞിട്ടുള്ളതല്ലാതെ അദ്ദേഹം ജീവിതത്തിൽ വ്യസനിച്ചിട്ടുപോലുമില്ലെന്നു് അദ്ദേഹത്തിന്റെ




അടുത്തു പെരുമാറിയിട്ടുള്ളവർ പറഞ്ഞറിയാം.

ഇങ്ങനെ ചില വ്യക്തികളെ ഉദാഹരണമായെടുക്കാൻ നമ്മുടെ ചുറ്റും തന്നെ കാണും. കുഞ്ഞുങ്ങൾ ഇപ്പോഴേ സന്തോഷചിത്തരായി, മന്ദഹാസശീലരായിത്തീരണമെന്നാശിക്കുന്നു.

'സാറടിക്കാൻ വരുമ്പോഴെങ്ങിനാ കുഞ്ഞമ്മാവാ ചിരിക്കുന്നതു്?" എന്നു കൊച്ചുമിടുക്കന്മാർ ചോദിക്കും. എന്നാൽ അടിയിൽനിന്നും രക്ഷപെടാനൊരു നല്ല ഉപായമാണു് ചിരിയെന്നു പഠിച്ചോളൂ. അന്നൊരുദിവസം നാലാംക്ലാസിൽ പഠിക്കുന്ന കുട്ടികൾ "ഫേസ്ടുഫേസ്"നിന്നു് ഒരു ലാഭനഷ്ടക്കണക്കു ചെയ്യുകയായിരുന്നു. സാറൊരു വടിയും പിന്നിൽ പിടിച്ചു് അങ്ങനെ നടന്നു് കണക്കു് പരിശോധിക്കയാണു്. ബാലന്റെ പുറകിൽ സാറങ്ങു നിന്നു. ബാലൻ ഒന്നു ഞെട്ടി. എഴുതിയ സംഖ്യകൾ തുടച്ചു. അതു് ശരിയല്ല എന്നവനറിയാമായിരുന്നു; "ഈ കണക്കു് ശരിയാണോ, ബാലാ?" സാറൊരു ചോദ്യം അടിക്കാൻ വടിപൊക്കി. അപ്പോൾ ബാലൻ ചിരിച്ചുകൊണ്ടു പറഞ്ഞതിതാണു്:

"സാർ, ഞാനൊരു കാര്യം പറയാൻ മറന്നുപോയി. നാളെ എന്റനുജത്തിയുടെ പിറന്നാളാണു്. സാറുണ്ണാനങ്ങോട്ടു വരണമെന്നച്ഛൻ പ്രത്യേകം പറഞ്ഞു." സാറുയർത്തിയ വടി താഴ്ത്തി. ബാലന്റെ ചിരിയും ഭാഷണവും അവനെ അടിയിൽനിന്നു രക്ഷിച്ചു. ഇതു വാസ്തവത്തിൽ നടന്ന കഥയാണു്. അന്നത്തെ ബാലൻ കുഞ്ഞമ്മാവനായിരുന്നെന്നു മാത്രം.

അതുകൊണ്ടു് കുഞ്ഞുങ്ങൾ കണ്ണാടിയെടുത്തു ഒന്നു പതുക്കെ ചിരിച്ചുനോക്കൂ. അങ്ങനെ ചിരിച്ചുശീലിക്കൂ, പൂക്കൾവിടർന്നു നില്ക്കുംപോലെ.

സ്നേഹപൂർവ്വം
നിങ്ങളുടെ സ്വന്തം കുഞ്ഞമ്മാവൻ

## പുതിയ അടവ്

ചൈനയിൽനിന്നും മതവിശ്വാസം നിർമ്മാർജ്ജനം ചെയ്യുന്നതിനു പ്രയോഗിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റടവുകൾ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഒരു പുതിയ അടവാണു് ഇപ്പോൾ സ്വീകരിച്ചുതുടങ്ങിയിരിക്കുന്നതെന്നു ഹോങ്കോങ്ങിൽനിന്നു വരുന്ന റിപ്പോർട്ടുകൾ പ്രസ്താവിക്കുന്നു. ഷാങ്കേയിലെ കത്തോലിക്കാ നേതാക്കന്മാർക്കെതിരായിട്ടാണു് ഇതു പ്രയോഗിച്ചുകൊണ്ടിരിക്കുന്നതു്. ഷാങ്കേയിൽനിന്നും ഉദ്ദേശം ആറു നാഴിക അകലെയുള്ള "സേസേ"മാതാവിന്റെ തീർത്ഥസ്ഥലത്തേക്കു തീർത്ഥകരെ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രമുഖന്മാരായ കത്തോലിക്കാനേതാക്കന്മാരെ കമ്മ്യൂണിസ്റ്റുകൾ രാത്രിസമയം തട്ടിക്കൊണ്ടുപോകുന്നു. പിന്നീടു അവരെപ്പറ്റി ഒന്നും അറിയാൻ കഴിയുന്നുമില്ല. ആവുറോറാ യൂണിവേഴ്സിറ്റിയിൽ ഒരു രാത്രിതന്നെ മൂന്നു കത്തോലിക്കാ വിദ്യാർത്ഥിനേതാക്കന്മാർ ഇപ്രകാരം കമ്മ്യൂണിസ്റ്റുകളാൽ തട്ടിക്കൊണ്ടുപോകപ്പെട്ടു. യൂണിവേഴ്സിറ്റിയിൽ കമ്മ്യൂണിസ്റ്റുകൾ കുട്ടികളെ വഴിപിഴപ്പിക്കുന്നതിനു പ്രയോഗിച്ച അടവുകളെല്ലാം വിഫലമായപ്പോഴാണു് ഈ മാർഗ്ഗം കൈക്കൊണ്ടിരിക്കുന്നതു്. ആദ്യം മതത്തിനെതിരായി പ്രത്യേക ക്ലാസ്സുകൾ നടത്തി. പിന്നീടു ഭീഷണിപ്പെടുത്തുന്നതിനു കുറെപ്പേരെ ഇറക്കുമതിചെയ്തു.

# ബ. അൽഫോൻസാമ്മയുടെ അന്ത്യരംഗം

## (സ്മരണകൾ)

(വെരി റവ. ഫാദർ കുരുവിള, പ്ലാത്തോട്ടം)

ഞാൻ ഭരണങ്ങാനം പള്ളിവികാരിയായും മഠത്തിന്റെ കപ്ലോനായും പത്തുകൊല്ലത്തോളം ജോലിചെയ്തിട്ടുണ്ട്. ബ. അൽഫോൻസാമ്മയുടെ അവസാനകാലവും മരണവും ഞാൻ കപ്ലോനായിരുന്നപ്പോഴായിരുന്നു.

1946 ജൂലൈ 27-ാംനു അഞ്ചുമണിക്കശേഷം ഞാൻ മഠത്തിൽ പോയി ബ. അൽഫോൻസാമ്മയെ സന്ദർശിച്ചു. അപ്പോൾ അൽഫോൻസാ ജപമാലയും കൈയിൽ പിടിച്ച് കട്ടിലിൽ ഇരുന്നിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ച്, "അൽഫോൻസാ! വിശേഷം എന്തുള്ളു" എന്നു ചോദിച്ചു "നാളെ ഒരു യുദ്ധമുണ്ട്", ഞാൻ അതിനു ഒരുങ്ങുകയാണ്" എന്നു മറുപടിപറഞ്ഞു. അൽഫോൻസാ രോഗിണിയായിരുന്നതുകൊണ്ടും ഉപദേശങ്ങൾ കേൾക്കുന്നതിനു താല്പര്യം കാണിച്ചിരുന്നതുകൊണ്ടും പല ദിവസങ്ങളിലും അൽഫോൻസായെ സന്ദർശിക്കുക എനിക്കു പതിവായിരുന്നു. "അച്ചാ! വേണ്ടപോലെ ഞാൻ സഹിക്കുന്നില്ല, ഉപദേശം പറഞ്ഞുതരണമെ" എന്നു പലപ്പോഴും എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദീനവിവരങ്ങൾ എന്നോടു പറഞ്ഞിരുന്നു. പല മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന പരവേശങ്ങൾ പലപ്പോഴും ഉണ്ടാകുക അവസാനകാലങ്ങളിൽ പതിവായിരുന്നു. അസഹനീയവേദന അനുഭവിക്കുന്നതിനാൽ വല്ല നിരാശയിലും ഉൾപ്പെട്ടേക്കുമോയെന്നു ഞാൻ ഭയപ്പെട്ടിട്ടുണ്ട്. എന്നാൽ നിരാശസൂചകമായ ഒരു വാക്കുപോലും ഉച്ചരിച്ചു ഞാൻ കേട്ടിട്ടില്ല ദൈവതിരുമനസ്സിനു കീഴ്വഴങ്ങി എല്ലാം സന്തോഷത്തോടെ സഹിച്ചിരുന്നു. ശരീരത്തിലുണ്ടാകുന്ന ചില മാററങ്ങൾ കണ്ടുകൊണ്ട് "നാളെ പരവേശമുണ്ടാകും, അച്ചൻ എനിക്കായി അപേക്ഷിക്കണം" എന്നെല്ലാം ചില ദിവസങ്ങളിൽ എന്നോടു പറഞ്ഞിട്ടുണ്ട്. ജൂലൈ 27-ാംനു എനിക്കു കിട്ടിയ മറുപടി നാളെ ഒരു യുദ്ധമുണ്ടെന്നാണ്. യുദ്ധം എന്ന പദം അന്നുമാത്രമേ ഉപയോഗിച്ചിട്ടുള്ളു. എന്തുദ്ദേശത്തിൽ ആ പദം ഉപയോഗിച്ചുവെന്നു എനിക്കറിഞ്ഞുകൂടാ. പലപ്പോഴും ഉണ്ടായിക്കൊണ്ടിരുന്ന പരവേശം പിറേറദിവസവും ഉണ്ടാകുവാനിരിക്കുന്നുവെന്നു മനസ്സിലാക്കി "എത്ര യുദ്ധം കഴിഞ്ഞു, പഴയ ആയുധങ്ങൾ ഉണ്ടല്ലോ, അവ ഒരുക്കിവച്ചുകൊൾക" എന്നു ഞാൻ മറുപടി പറഞ്ഞു. "ഞാൻ അതാണു ചെയ്യുന്നതു" കുമ്പസാരിച്ചാൽ കൊള്ളാമായിരുന്നു, എന്നാൽ ഇപ്പോൾ കുമ്പസാരിക്കുന്നതിനു സുഖമില്ല" എന്നു എന്നെ അറിയിച്ചു "ഇപ്പോൾ കുമ്പസാരിക്കേണ്ടാ, തമ്പുരാനോടു കുമ്പസാരിച്ചുകൊണ്ടാൽമതി" എന്നു ഞാൻ പറഞ്ഞ മറുപടിയിൽ സമാധാനപ്പെട്ടു "അച്ചൻ എനിക്കായി അപേക്ഷിക്കണം, ഞാൻ അച്ചനായി അപേക്ഷിച്ചുകൊള്ളാം" എന്നു ഉടനെ എന്നോടു പറഞ്ഞു. പല അവസരങ്ങളിലും എന്റെ അപേക്ഷ അൽഫോൻസാ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ചോദിക്കാതെ എനിക്കായി അപേക്ഷിക്കാമെന്നു ഒരിക്കലും പറഞ്ഞിട്ടില്ല. എനിക്കായി അപേക്ഷിക്കണമെന്നു ആവശ്യപ്പെട്ടാൽ "ഞാൻ അപേക്ഷിക്കാം, കുരിശായിരിക്കും കിട്ടുന്നതു" എന്നാണ് സാധാരണ മറുപടി. ഞാൻ താമസിയാതെ യാത്രപറഞ്ഞു പിരിഞ്ഞു. പിറേറദിവസം പതിവനുസരിച്ച് പരവേശം തുടങ്ങി. പതിവിൽക്കവിഞ്ഞു കണ്ടപ്പോൾ വിവരം എന്നെ അറിയിച്ചു. അപ്പോൾ സമയം ഉച്ചകഴിഞ്ഞിരുന്നു. അന്ത്യലേപനം മുമ്പൊരിക്കൽ നൽകിയതാണെങ്കിലും മാസങ്ങൾ കഴിഞ്ഞതുകൊണ്ട് ഒരിക്കൽക്കൂടി നൽകിയെങ്കിലോ എന്നു ഞാൻ വിചാരിച്ചു. കണ്ടശേഷമാകട്ടെ എന്നുകരുതി ഉടൻ ഞാൻ മഠത്തിലെത്തി. അപ്പോൾ നാഡികൾ അടിച്ചിരുന്നു എന്നല്ലാതെ ശരീരത്തിനു ചലനമില്ലായിരുന്നു. പള്ളിയിൽനിന്നു അന്ത്യലേപനത്തിനുള്ളവ കൊണ്ടുവരുന്നതിന് മററു സഹോദരികളോടു പറഞ്ഞപ്പോൾ പലപ്പോഴും ഈ സ്ഥിതിയിൽ കിടക്കുന്നതാകകൊണ്ട് അതിനാവശ്യമില്ലെന്നാണ് അവർ ഉത്തരംപറഞ്ഞതു. അല്പം ഗൗരവത്തിൽ ഞാൻ പറഞ്ഞപ്പോൾ അവർ സാമാനങ്ങൾ കൊണ്ടുവന്നു. ഞാൻ അന്ത്യലേപനം നൽകി. നാഡിയടിയും നിലച്ചു. ജപമാലയെത്തിക്കുന്നതിനു ഞാൻ സഹോദരികൾക്കു നിർദ്ദേശം നൽകിയപ്പോൾ മരിച്ചോ ഇല്ലയോ എന്നു സംശയിച്ചു അവർ മടിച്ചു. ഞാൻതന്നെ മുട്ടുകുത്തി ജപമാല ആരംഭിച്ചു. മററുള്ളവർ കൂട്ടത്തിൽ ചൊല്ലി.

ശവസംസ്കാരം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പിന്നീടു ചെയ്തുതുടങ്ങി. പുതിയതായി പണിതീർത്തിട്ടുള്ള പള്ളിവക സിമിറേററി കപ്പേള മുഴുവൻ കല്ലറകെട്ടി ഇട്ടിരിക്കയാണ്. അതിൽ ഒരുനിര ബ. കന്യാസ്ത്രീകൾക്കായി നീക്കിയിട്ടിട്ടുണ്ട്. അതിലുള്ള കല്ലറകളിലൊന്നിലും ആരേയും അടക്കിയിട്ടില്ലായിരുന്നു. ഒററംമുതൽ അടക്കുവാൻ തുടങ്ങുകയാണ് ന്യായം, എന്നിരുന്നാലും അൽഫോൻസാ ദൈവത്തിനു ഇഷ്ടപ്പെട്ട ഒരാത്മാവെന്നുള്ള എന്റെ ബോദ്ധ്യംകൊണ്ട് കന്യാസ്ത്രീകൾക്കുള്ള നിരയിൽ മദ്ധ്യഭാഗത്തുള്ള കല്ലറയിൽ അടക്കംചെയ്തു ബഹുമാനിക്കണമെന്നുള്ള എന്റെ ആഗ്രഹത്താൽ ആ കല്ലറ തുറപ്പിച്ചു. എന്റെ ഈ പ്രവൃത്തി അൽഫോൻസാഭക്തക്ക് ഇന്നു വളരെ സൗകര്യം നൽകിക്കൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ആവശ്യം പ്രതീക്ഷിച്ചുകൊണ്ടല്ലാ ഞാൻ ചെയ്തതു. എന്നാൽ ദൈവം ഈ ആവശ്യം കണ്ടിരുന്നിരിക്കണം.

മരിച്ചദിവസം അഞ്ചുമണിക്കശേഷം ഈ പള്ളിയിലെ ബ. അച്ചന്മാർ പലർകൂടി മഠത്തിൽ വലിയ ഒപ്പീസുപാടി. 29-ാംനു രാവിലെ ഞാൻ മഠംവക കപ്പേളയിൽ പാട്ടുകുർബാന ചൊല്ലുകയും ചെറിയ ഒപ്പീസു നടത്തുകയുംചെയ്തു. ഇപ്രകാരമുള്ള നടപടികൾ സാധാരണ പതിവുള്ളതല്ല. ഒമ്പതുമണി കഴിഞ്ഞു ശവം പ്രദക്ഷിണമായി കൊണ്ടുവന്നു പള്ളിയിൽ സ്ഥാപിച്ചശേഷം റാസ, പ്രസംഗം, ഒപ്പീസു മുതലായവ നടന്നു. കന്യാസ്ത്രീകളുടെ ശവസംസ്കാരം പലതുമിവിടെ നടന്നിട്ടുണ്ട്. അതിൽ സംബന്ധിക്കുന്നവർ മരിച്ചയാളിന്റെ സംബന്ധികൾ, ബന്ധുക്കൾ, അയല്ക്കാർ, കന്യാസ്ത്രീകൾ, വൈദികർ മുതലായവരാണ്. സംബന്ധക്കാരാണ് സാധാരണ ശവമഞ്ചം വഹിക്കുന്നതു. അൽഫോൻസായുടെ വീട് ദൂരെയായതുകൊണ്ട് അവിടെനിന്നു വന്നവർ ചുരുക്കമായിരുന്നു. അതിനാൽ ശവമഞ്ചം വഹിക്കുന്നതിനും പള്ളിസാമാനങ്ങൾ എടുക്കുന്നതിനും മററാളുകളെ ഏർപ്പാടുചെയ്തിരുന്നു. എന്നാൽ ബ. കന്യാസ്ത്രീകൾക്കു അൽഫോൻസായോടുള്ള ബഹുമാനവും സ്നേഹവുംകൊണ്ട് അവർതന്നെ ശവമഞ്ചം വഹിച്ചു. മഠത്തിലെ വേലക്കാരികൾ സാമാനങ്ങൾ പലതുമെടുത്തു. പള്ളിയിലെ കർമ്മാദികൾക്കശേഷം ശവമഞ്ചം സിമിറേററികപ്പേളയിലേക്കു കൊണ്ടുപോയി ഞാൻതന്നെ പ്രധാനകാർമ്മികനായി. തയ്യാർചെയ്തിരുന്ന കല്ലറയിൽ സംസ്കാരകർമ്മം നടത്തി. ശവം കല്ലറയിൽ ഇറക്കുന്നതിനുമുമ്പ്, സന്നിഹിതരായിരുന്ന കന്യാസ്ത്രീകൾ എല്ലാവരും അൽഫോൻസായുടെ മുഖം ചുംബിച്ചു. ഇപ്രകാരം ഒരു ചടങ്ങ് ഇതിനു മുമ്പും പിമ്പും ഇവിടെ നടന്നിട്ടില്ല. ചടങ്ങുകളെല്ലാം വളരെ ക്രമമായും ഭക്തിമയമായും നടന്നു. ഞാൻ അവിടെ ജോലിയിലായിരുന്ന കാലത്തു ഏഴു കന്യാസ്ത്രീകളുടെ മരിച്ചടക്ക നടത്തിയിട്ടുണ്ട്. ഇത്രയും കൂടുതൽ കന്യാസ്ത്രീകളും വൈദികരും മററൊന്നിലും സംബന്ധിച്ചിട്ടില്ല. അൽഫോൻസായോടുള്ള സ്നേഹവും ബഹുമാനവുംകൊണ്ട് അന്യമഠങ്ങളിൽനിന്നു ധാരാളം കന്യാസ്ത്രീകൾ വന്നെത്തിയിരുന്നു. സ്ഥലത്തു താമസക്കാരും അന്യസ്ഥലത്തുനിന്നു വന്നവരുമായി പന്ത്രണ്ടിൽ കുറയാതെ വൈദികരും വിവിധ കർമ്മാദികളിൽ പങ്കുകൊണ്ടു.

രണ്ടുമൂന്നു മാസത്തേക്കു പ്രത്യേകമായി ഒന്നുംതന്നെ കുഴിമാടത്തുങ്കൽ കണ്ടിരുന്നില്ല എന്നാൽ അതിനുശേഷം സ്ഥലത്തുനിന്നും അയൽപ്രദേശങ്ങളിൽനിന്നും പലരും കുഴിമാടത്തുങ്കൽ വന്നുതുടങ്ങി. പലക്കും വലിയ അനുഗ്രഹങ്ങൾ അൽഫോൻസാവഴി ലഭിച്ചെന്നും മററും സംസാരംപൊങ്ങി. ക്രമക്കേടായ ഭക്തിക്കു ഇടയായെങ്കിലോ എന്നു കരുതി എപ്പോഴും ഇതിനെ ഞാൻ നിരുത്സാഹപ്പെടുത്തിയിരുന്നു. നാൾക്കുനാൾ ജനക്കൂട്ടം വർദ്ധിച്ചു ഇന്നത്തെ സ്ഥിതിയിലെത്തി. ബ. അൽഫോൻസാമ്മവഴി ദൈവമഹത്വം വർദ്ധിക്കട്ടെ.

ബ. അൽഫോൻസാമ്മയിൽ കണ്ടിരുന്ന പ്രധാനപുണ്യം എന്തെന്നു ചിലർ എന്നോടു ചോദിക്കാറുണ്ട്. ഇന്നത്തെ ലോകത്തിൽനിന്നു മിക്കവാറും അപ്രത്യക്ഷമായിരിക്കുന്ന "പരമാർത്ഥത"യാകുന്നു ഞാൻ അൽഫോൻസായിൽ കണ്ട പ്രത്യേകപുണ്യം. അൽഫോൻസാ മരിക്കുന്നതിനു രണ്ടുവർഷംമുമ്പ് ഞാൻ ചങ്ങനാശ്ശേരി മെത്രാസനാരമനയിൽ താമസിച്ചുവരികയിൽ അൽഫോൻസായെ ഒരിക്കൽവന്നു സന്ദർശിച്ചപ്പോൾ എന്നോടു എന്തോ അൽഫോൻസാക്കു പറയുവാനുണ്ടെന്നു മററു സഹോദരികൾ എന്നെ അറിയിച്ചു. എന്തെങ്കിലും പറയുവാനുണ്ടോയെന്നു ഞാൻ ചോദിച്ചപ്പോൾ പറയുവാനുണ്ടെന്നും മററുള്ളവർ കേൾക്കാതെ പറയണമെന്നും എന്നെ ധരിപ്പിച്ചു. മററുള്ളവരെ മാററിയശേഷം സംസാരം തുടങ്ങി. ക്ലാരമഠങ്ങളിലെ ശ്രേഷ്ഠത്തിമാരുടെ തിരഞ്ഞെടുപ്പു അപ്പോൾ സമീപിച്ചിരിക്കയായിരുന്നു. മററു സഹോദരികളിൽ ചിലർ അൽഫോൻസായെ മഠത്തിന്റെ ശ്രേഷ്ഠത്തിയായി തിരഞ്ഞെടുക്കുമെന്നു വിനോദമായി പറഞ്ഞുനടക്കുന്നുണ്ടായിരുന്നു. കന്യാസ്ത്രീകൾ കളിയായിട്ടുപോലും കളവുപറയുകയില്ലെന്നായിരുന്നു അൽഫോൻസായുടെ വിശ്വാസം. "എന്റെ അച്ചാ! ഇവർ പറയുന്നു എന്നെ ശ്രേഷ്ഠത്തിയായി തിരഞ്ഞെടുക്കുമെന്നു; ഞാൻ ദീനക്കാരിയാണ്; കട്ടിലിൽത്തന്നെ കഴിഞ്ഞുകൂടുന്നു; ജോലി നടത്തുവാൻ എനിക്കു നിർവ്വാഹമില്ല. അതിനാൽ ഇവർ എന്നെ തിരഞ്ഞെടുത്താലും അച്ചൻ പിതാവിനെ വിവരം ബോധിപ്പിച്ച് അതംഗീകരിപ്പിക്കരുതു" എന്നു സങ്കടത്തോടെ പറഞ്ഞു. ഞാൻ ചില സമാധാനങ്ങൾ പറഞ്ഞു തൃപ്തിപ്പെടുത്തി പിരിഞ്ഞുപോരുകയുംചെയ്തു. അൽഫോൻസായെ പുണ്യവതിയെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കയാണല്ലോ. പുണ്യവതിയെന്നു നാമകരണം ചെയ്യപ്പെട്ടുകാണുക എന്ന അനുഗ്രഹം നമുക്കു ലഭിക്കണമെങ്കിൽ അതിനു നമ്മെത്തന്നെ നാം യോഗ്യരാക്കണം. അതിനാൽ നമുക്കപേക്ഷിക്കാം; നമ്മെത്തന്നെ യോഗ്യരാക്കാം.

—o—


## സത്യദീപം

28-ാം വാല്യം 1-ാം ലക്കം

# വിശേഷാൽപ്രതി

### 1954 ആഗസ്റ്റ് 18-ാംനു പുറപ്പെടുന്നു

പ്രത്യേക ലേഖനങ്ങൾ—ചെറുകഥകൾ—വിവിധപംക്തികൾ
മുതലായവ കൂടുതൽ പേജുകൾചേർത്തു സമാകർഷകമായി
സംവിധാനം ചെയ്തിരിക്കുന്നു

ഭാരതസ്വാതന്ത്ര്യദിനവും പരിശുദ്ധകന്യകമറിയത്തിന്റെ
സ്വർഗ്ഗാരോപണപ്രഖ്യാപനദിനവും ഒത്തുചേർന്ന
ആഗസ്റ്റ് 15, സത്യദീപത്തിന്റെ ജന്മദിനമാണ്;
സത്യദീപപ്രചാരണത്തിനു ഉത്തമാവസരവും.

ആകയാൽ

1. കൂടുതൽ കോപ്പികൾ ആവശ്യമുള്ള ഏജൻറുമാർ ആഗസ്റ്റ് 4-ാംതീയതിക്കു മുമ്പ് ആപ്പീസിൽ വിവരം അറിയിക്കുക;
2. പുതുതായി പത്രം വരുത്താനാഗ്രഹിക്കുന്നവർ വരിസംഖ്യ നേരത്തേ മണിയോർഡർ അയച്ചു പേരു രജിസ്റ്റർ ചെയ്യുക;
3. കുടിശ്ശികയുള്ളവർ പത്രം തുടർന്നയയ്ക്കത്തക്കവണ്ണം കുടിശ്ശിക തീർത്തു മുൻകൂർ അടയ്ക്കുക;
4. പരസ്യം ചേർക്കാനുള്ളവർ നേരത്തെതന്നെ ആപ്പീസുമായി വേണ്ട എഴുത്തുകുത്തുകൾ നടത്തുക.

## സ്നേഹിതന്മാർക്കു മറക്കാനാവാത്ത സമ്മാനം!

ഒരു സത്യദീപം നിങ്ങളുടെപേർക്കു നിങ്ങളുടെ ഒരു സ്നേഹിതനയക്കുക; വരിസംഖ്യയും പത്രം അയയ്ക്കേണ്ട മേൽവിലാസവും ആപ്പീസിൽ ഏല്പിച്ചാൽ മതി; പ്രതിവാരം അതു നിങ്ങളുടെ സ്നേഹിതനുമായി സമ്പർക്കം പുലർത്തും. ഇതു നിങ്ങൾക്കാനന്ദകരമല്ലേ! സ്നേഹിതനു ഗുണപ്രദമല്ലേ!!

## വരിസംഖ്യ

ഒററപ്രതിക്കു വില 2 ണ.

| | | |
|---|---|---|
| ഒരു കൊല്ലത്തേക്കു തപാലിൽ | (ഇന്ത്യയിൽ) | 6 ക. 8 ണ. |
| ടി ടി | (ഇന്ത്യക്കു പുറമെ) | 8 ക. 12 ണ. |

ഏജൻസി വ്യവസ്ഥകൾക്കു നേരിട്ടു ആപ്പീസിൽ ആവശ്യപ്പെടുക.

വരിസംഖ്യ എപ്പോഴും മുൻകൂർ

സത്യദീപം മാനേജർ, എറണാകുളം 1

# സഹനജീവിതം

(വി. ഡി. ജോസഫ, മേലുകാവ്)

ജീവിതം ഒരു കലയാണെന്നു് എല്ലാവരും സമ്മതിക്കുമെങ്കിലും അതിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളും പലരും പലവിധത്തിലാണു് മനസ്സിലാക്കിയിരിക്കുന്നതു്. എന്നാൽ ജീവിതം ഒരു സമരമാണെന്ന യാഥാർത്ഥ്യം ആർക്കുംതന്നെ സ്വീകാര്യമാവാതിരിക്കയില്ല.

സമരം എന്ന പദം കേൾക്കുമ്പോൾ നമ്മിൽ ചില വിചാരവിശേഷങ്ങൾ സ്വയമേ ഉൽഭൂതമാകുന്നുണ്ടു്. യുദ്ധം നടക്കുന്നതിനു്, രണ്ടു കക്ഷികളും യുദ്ധരംഗവും ആയുധങ്ങളും മററു അനിവാര്യമാണു്. അങ്ങനെയെങ്കിൽ ജീവിതസമരത്തിലും ഇവയെല്ലാം ആവശ്യമാണു്. ആയുധങ്ങളുടെ മേന്മയിലാണു് യുദ്ധത്തിന്റെ വിജയസാദ്ധ്യത കൂടുതലായിട്ടുള്ളതു്.

ജീവിതസമരത്തിൽ വിജയം കൈവരിക്കുവാനാഗ്രഹിക്കുന്നവൻ ശക്തിമത്തും കൂരത്തേറിയതുമായ ആയുധങ്ങൾ സംഭരിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കേണ്ടതാണു്. ആയുധങ്ങളെപ്പററി ചിന്തിക്കുമ്പോൾ സഹനമാകുന്ന "വജ്റായുധം" നമ്മുടെ ചിന്തയ്ക്കു പ്രഥമ വിഷയമാകുന്നു. ഈ ആയുധമുപയോഗിക്കുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ലെന്നുള്ള പരമാർത്ഥം ഇതിന്റെ മാഹാത്മ്യത്തേയും ശക്തിയേയും സർവ്വോപരി ഉപയോഗത്തേയും വ്യക്തമാക്കുന്നു

ഒരു ക്രിസ്ത്യാനി, ക്രിസ്തീയ ജീവിതം നയിക്കുക എന്നു പറഞ്ഞാൽ സഹനത്തിലഭ്യസിക്കുകയെന്നർത്ഥമാണു്. സഹനമാകുന്ന മൂശയിൽ ജീവിതം വാർത്തുകഴിയുമ്പോഴാണു് ആത്മീയജീവനു് പരിപക്വതയുണ്ടാകുന്നതു്. അതുകൊണ്ടാണു് പറയുന്നതു്, "സഹിക്കുന്നവൻ ജീവിക്കുന്നു"വെന്നു്. ത്യാഗങ്ങൾ സഹിക്കുവാനും ക്ലേശങ്ങൾ വഹിക്കുവാനുമുള്ള അനുശാസനത്തിന്റെ കാല്പാടുകൾ, ക്രിസ്തുവിന്റെ ഉദ്ബോധനങ്ങളിലങ്ങോളമിങ്ങോളം കാണ്മാനുണ്ടു്. അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക. "എന്റെ പിന്നാലെ വരുന്നവൻ... അവന്റെ കുരിശു മെടുത്തു് എന്നെ പിന്തുടരട്ടെ" (Luke 9-23) ഇതുതന്നെയാണു് ക്രിസ്തുനാഥൻ വേറൊരവസരത്തിൽ പറഞ്ഞതു്: "യാതൊരുവൻ അവന്റെ കുരിശുമെടുത്തു് എന്നെ പിന്തുടരാതിരിക്കുന്നുവോ അവനെനിക്കു യോഗ്യനല്ല." (Math. 10-38) ഇതിൽ നിന്നും വ്യക്തമാകുന്നതുപോലെ, ഒരു വ്യക്തിക്കു "കുരിശുകൾ" വഹിക്കാതെ ജീവിക്കുവാൻ, ക്രിസ്തീയമായി ജീവിക്കുവാൻ സാദ്ധ്യമല്ല. അങ്ങനെ കുരിശുകളോടുകൂടിയ ഒരു ജീവിതം നയിക്കുവാനിഷ്ടമില്ലെങ്കിൽ, സുഖിമാനായി കഴിയുവാനാഗ്രഹിക്കുന്നെങ്കിൽ അവന്റെ ജീവിതംകൊണ്ടു് യാതൊരു ഗുണവുമില്ല; പ്രത്യുത ദോഷമായിരിക്കും ഫലം. അതിനാൽ "മനുഷ്യൻ അദ്ധ്വാനിക്കുന്നതിനുവേണ്ടിയാണു് ജനിച്ചതെന്നു" (Job-5) പറയുന്നതു് ഒരു പരമാർത്ഥം മാത്രമാണു്. അല്ലാതെ "എപ്പിക്യൂറസ്" പറഞ്ഞതുപോലെ "തിന്നുകുടിച്ചു മദിച്ചു ജീവിക്കു"ന്നതിനല്ല.

സഹിക്കുവാനുദ്ബോധിപ്പിക്കുന്ന ക്രിസ്തുതന്നെ സഹിക്കുന്നവരെ ആശ്വസിപ്പിക്കുന്നതായ മനോഹരരംഗങ്ങൾ നമുക്കു കാണുവാൻ സാധിക്കും. അവിടുന്നു്, ധനികരേയും സുഖഭോഗികളേയും അന്വേഷിച്ചില്ല; ആശ്വസിപ്പിച്ചില്ല; പ്രത്യുത കരയുന്ന മഗ്ദലനയിലും ദരിദ്രരിലും ക്ലേശിക്കുന്ന കുഷ്ഠരോഗികളിലും പീഡിതരിലുമാണു് അവിടുത്തേക്കനുകമ്പ തോന്നിയതു്. "എന്റെ നുകം മധുരമുള്ളതാകുന്നു"വെന്ന ഒററവാചകം മതി സഹിക്കുന്നവർക്കു് ആശ്വാസം നൽകുവാൻ. ധനികന്റെ പണസഞ്ചിയേക്കാൾ വിധവയുടെ "കൊച്ചുകാശി"നാണു അവിടുന്നു് കൂടുതൽ വിലകല്പിച്ചതു്. കഷ്ടപ്പെടുന്നവരോടുള്ള അവിടുത്തെ സ്നേഹം എത്ര അഗാധമാണു്! അവിടുന്നു് പിന്നെയും പീഡിതരെ ആശ്വസിപ്പിക്കുകയാണു്. "നിങ്ങളെ ലോകം വെറുക്കുന്നെങ്കിൽ, നിങ്ങൾക്കു മുമ്പുതന്നെ അതെന്നെ വെറുത്തിട്ടുണ്ടെന്നറിയുക." (John 15 18) നാമോരോരുത്തരുടേയും ഹൃദയത്തിൽ അവിടുന്നു് ഇപ്രകാരം പറയുന്നതായി നമുക്കു കരുതാം.

ഇന്നു് ചിലർക്കൊരു ധാരണയുണ്ടു്, "സഹിക്കുന്നവൻ ഭോഷനാ"ണെന്നു്. അങ്ങനെയുള്ള ധാരണയാൽ സഹനത്തിന്റെ മാഹാത്മ്യവും അതിലഭ്യസിക്കേണ്ട ആവശ്യകതയും നിരസിക്കുന്നതു അബദ്ധമാണു്. ഏതൊരു മനുഷ്യനും ഹൃദയശുദ്ധിയുണ്ടെങ്കിൽ എന്തു യാതനകളും സസന്തോഷം കവച്ചുവയ്ക്കുന്നതിനു സാധിക്കും. അവർ മാത്രമേ വിജയം കൈവരിക്കാറുമുള്ളു. ക്രിസ്തുവിന്റെ പരിപാവനമായ ചെയ്തികളെപ്പററി ചിന്തിക്കുക! അവിടുന്നു ജനനം മുതൽ മരണംവരെ സഹിച്ചു. സഹനത്തിന്റെ മാഹാത്മ്യം ലോകത്തിനു് പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു അതു്. അവിടുത്തെ ജീവിതം സഹനത്തിലൂടെയായിരുന്നതുകൊണ്ടാണു് ഓരോ ക്രിസ്ത്യാനിയും സഹനത്തിന്റെ സജീവ പ്രതീകമായിരിക്കണമെന്നു് പറയുന്നതു്. പൗലോസപ്പസ്തോലനോടുകൂടി നമുക്കു പറയാം "അവിടുത്തോടുകൂടി സഹിക്കുന്നുവെങ്കിൽ നാമും അവിടുത്തോടുകൂടി മഹത്വപ്പെടുത്തപ്പെടും." (Rom. 8-17).

"നല്ല കള്ളൻ" ഭാഗ്യവാനാണെന്നു് നാം വിശ്വസിക്കുന്നുണ്ടു്. എന്തുകൊണ്ടാണു് ഒരു കള്ളനെ ഭാഗ്യവാനെന്നു് നാം പറയുന്നതു്. എന്തുകൊണ്ടാണു്, "നീ, ഇന്നെന്നോടുകൂടെ പറുദീസായിലായിരിക്കു"മെന്ന സന്തോഷപ്രദമായ, ആശ്വാസദായകമായ മധുരവചനം ശ്രവിക്കുന്നതിനു് ആ കള്ളനു് ഭാഗ്യം സിദ്ധിച്ചതു്. അയാൾ മിശിഹായോടു ചേർന്നുകൊണ്ടു് ക്ലേശങ്ങൾ സഹിച്ചു. അതുകൊണ്ടാണു് ക്രൈസ്തവലോകം അയാളെ "നല്ല കള്ള"നെന്നു് പറയുന്നതു്. ഇങ്ങനെയുള്ള നൂറുനൂറുദാഹരണങ്ങൾ നമുക്കു് കാണുവാൻ സാധിക്കും.

നാമോരോരുത്തരും ഓരോ "ക്രിസ്ത്യാനി", സജീവക്രിസ്ത്യാനിയായിരിക്കേണ്ട അവസരമാണിതു്. അതായതു് സഹനമാകുന്ന ആയുധവുമേന്തി, ജീവിതമാകുന്ന പടക്കളത്തിലിറങ്ങി ധീരധീരം യുദ്ധംചെയ്തു എതിരാളികളെ തുന്നം പാടിക്കുന്ന ക്രിസ്തുവിന്റെ പ്രേഷിതരായിരിക്കണം നാം. ഇന്നു്, മറേറതു കാലത്തേയുംകാൾ നാം ജാഗരൂകരായിരിക്കേണ്ട അവസരമാണു്. ദൈവത്തിനുവേണ്ടി, മതത്തിനുവേണ്ടി, ദൈവം തന്നിട്ടുള്ള അവകാശസംരക്ഷണത്തിനുവേണ്ടി യുദ്ധംചെയ്യേണ്ടിയിരിക്കുന്നു. ഈ യുദ്ധത്തിൽ വിജയം കൈവരിക്കണമെങ്കിൽ "സഹനായുധം" എടുക്കുന്നതിനു് മറന്നേക്കരുതു്. അങ്ങനെ ജീവിതസമരത്തിൽ വിജയം കൈവരിക്കുന്നതിനു സാധിക്കും. ചിലപ്പോൾ, നമ്മുടെ ആദർശപുരുഷനായ ക്രിസ്തുവിനു വേണ്ടി മുറിവുകളേല്ക്കേണ്ടിവരും, അടികൊള്ളേണ്ടിവരും, കരയേണ്ടിവരും, അങ്ങനെ പലതും വരും. ആ അവസരങ്ങളിലെല്ലാം, നമ്മുടെ ജീവിതത്തിൽ സഹനത്തിനു് പ്രഥമവും പ്രധാനവുമായ സ്ഥാനം നൽകേണ്ടതത്യാവശ്യമാണു്. ആയതുകൊണ്ടു് "നമുക്കും അവനോടുകൂടി സഹിക്കാം." ക്രിസ്തുനാഥന്റെ വാക്കുകൾ നമുക്കു് ആശ്വാസം നൽകട്ടെ.

"കരയുന്നവർ അനുഗൃഹീതർ, എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും." (Matt. 5-5)


## വിമലാംബിക

അമലോത്ഭവ ജൂബിലിസ്മാരകം—അമലോത്ഭവത്തിന്റെ വിവിധവശങ്ങളെപ്പററി സമഗ്രമായ പ്രതിപാദനം ഒററപ്രതിക്കു് 9 ണ. ആറിനു് ഒന്നു കമ്മീഷൻ. ആവശ്യപ്പെടുക.

ജനറൽ സെക്രട്ടറി,
എസ്സ്. എച്ച്. ലീഗ്,
ആലുവാ നോർത്തു് P. O.


# ചെറിയ വീടു്

(തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. റ്റി.)

ചെറിയ വീടിനെപ്പററി ഒരു വലിയ ലേഖനത്തിന്റെ ആമുഖമായിട്ടാണു് വലിയ വീടിനെപ്പററി ഒരു ചെറിയ ലേഖനം മുൻപു അയച്ചതു്. വലിയ ലേഖനം എന്നു കേൾക്കുമ്പോൾ ആരും സംഭ്രമിക്കണ്ട. നീണ്ട ലേഖനമല്ല ഞാനുദ്ദേശിക്കുന്നതു്. അതെനിക്കറിഞ്ഞുകൂടാ. പ്രാധാന്യത്തിൽ വലുതെന്നേ അതിനർത്ഥമുള്ളു.

ഒരു ചെറിയ വീട്ടിൽ ഞാനൊരു ബോമ്പുകണ്ടു. അതാണീ രണ്ടു ലേഖനങ്ങൾക്കും കാരണം. ഞാൻ കണ്ട ബോമ്പു് ആററംബോമ്പോ ഹൈഡ്റജൻ ബോമ്പോ കോബാൾട്ടു ബോമ്പോ എന്നു എനിക്കു രൂപമില്ല. ഏതായാലും വളരെ അരക്ഷിതാവസ്ഥയിലാണതു വച്ചിരിക്കുന്നതു്. ഏതു വിനാഴികയിലും പൊട്ടിത്തെറിക്കത്തക്ക ഒരു മാരകവസ്തു! വളരെ അരക്ഷിതാവസ്ഥയിൽ!! മൂന്നുവശവും തുറന്നുകിടക്കുന്ന, അടുപ്പുകൂട്ടിയിരിക്കുന്ന വശംമാത്രം അടവുള്ള ഒരു ചെറിയ വീട്ടിൽ!!! ഞാനമ്പരന്നുപോയി.

ആ ചെറിയ വീടിന്റെ ഉടമസ്ഥനോടു ഞാൻ ചോദിച്ചു, അതിങ്ങനെ അരക്ഷിതമായി വച്ചിരിക്കുന്നതെന്താണെന്നു്. സുരക്ഷിതമായി വയ്ക്കാൻ അയാൾക്കു "പാങ്ങി"ല്ലെന്നു അയാൾ പറഞ്ഞു. സംസാരംകൊണ്ടു് അതു ആററംബോമ്പാണെന്നു എനിക്കു മനസ്സിലായി. അതു പൊട്ടിത്തെറിക്കാനുള്ള സാദ്ധ്യതയുണ്ടെന്നു അയാളും സമ്മതിച്ചു. പക്ഷെ അയാൾക്കതിൽ കൂസലില്ല. പൊട്ടിയാൽ നേരെ മുകളിലേക്കു് ഒരു പന്ത്രണ്ടടിയിൽ കുറയാതെ പൊങ്ങിയിട്ടു് വിതാനമായി നാലുപാട്ടമാണു് അണുക്കളുടെ പാച്ചിൽ.

ഈ കാഴ്ച അവിടെ മാത്രമല്ല, പലേടത്തും പലപ്പോഴും പിന്നീടു കാണാനിടവന്നിട്ടുണ്ടു്. ചെറിയ വീട്ടിൽ അണുബോമ്പു അരക്ഷിതമായിരിക്കുന്ന കാഴ്ച. ചിലേടങ്ങളിൽ അതു പൊട്ടിത്തെറിച്ച ഫലവും കണ്ടിട്ടുണ്ടു്. രോഗാണുക്കളാണതിൽ അടക്കിവച്ചിരിക്കുന്നതു്. ഉയർന്നുനില്ക്കുന്ന ഭവനങ്ങളിലേക്കാണു് ആ അണുക്കളുടെ പ്രവാഹം. പ്രത്യേകിച്ചു് യുവരക്തത്തിൽ അതു കലർന്നാൽ പിന്നെ രക്ഷയില്ല. അതിന്റെ ശക്തിയായ പാച്ചിലിൽ വലിയ വീടുകൾ തകർന്നുതരിപ്പണമായി കിടക്കുന്ന ദയനീയകാഴ്ചയും ഞാൻ കണ്ടു. ഇരുമ്പുപെട്ടികളുടെ ഭിത്തി തകർക്കാൻ അതിനു കരുത്തുണ്ടു്. മനുഷ്യസമുദായം സാമ്പത്തികമായും ആരോഗ്യപരമായും ധാർമ്മികമായും അധഃപതിക്കാൻ അതു കാരണമാകുന്നു. ഒരു ബോമ്പു് ഒരു ഗ്രാമത്തെയെങ്കിലും നശിപ്പിക്കാൻ ശക്തവുമാണു്. ഒരു ഗ്രാമത്തിൽ അനേകം ബോമ്പു് ഇങ്ങനെ ഇരിക്കുന്നുണ്ടുതാനും.

എന്താണിതിനു പരിഹാരം? ആരാണതു പരിഹരിക്കേണ്ടതു്?

ആ ബോമ്പു പൊട്ടിയാൽ ആർക്കു കേടുപററുമോ അവരാണല്ലോ അതു പരിഹരിക്കേണ്ടതു്.

ബോമ്പിന്റെ ഉടമസ്ഥനെ പാട്ടിലാക്കി അതിന്റെ ശക്തി "നള്ളിഫൈ" ചെയ്താൽ അപകടമില്ല. അതിരിക്കുന്ന ചെറിയ വീടിന്റെ അരക്ഷിതാവസ്ഥ മാററിയാലും കുഴപ്പം മാറിക്കിട്ടും.

ചെറിയ വീടു് സുരക്ഷിതമായിരിക്കണം. അതിനു രണ്ടിൽ കുറയാതെ മുറികൾ ഉണ്ടായിരിക്കണം. വിവിധവർഗ്ഗത്തിലും പ്രായത്തിലുമുള്ള കുടുംബാംഗങ്ങൾ ഒരു മുറിയിൽ അഹോരാത്രം വസിക്കുന്നതു നന്നല്ല. മുറികൾ നാലുവശവും ശരിയായി അടവുള്ളതും വാതിലുകൾ എല്ലാം അടച്ചുപൂട്ടുള്ളതുമായിരിക്കണം. അങ്ങനെയുള്ള ചെറിയ വീടുകളിൽ അണുബോമ്പു സുരക്ഷിതമായിരിക്കും.

ഈ വിധത്തിലുള്ള ഒരു ചെറിയ വീടിനു 250 ഉറുപ്പികയിൽ കൂടുതൽ ചെലവുവരികയില്ല. 10000 ഉറുപ്പികയുടെ ഒരു വീടു വയ്ക്കാൻ പ്ലാനും കഴിവുമുള്ളവൻ 9000 ഉറുപ്പികയ്ക്കു ഒരു വീടു വയ്ക്കട്ടെ. അതിന്റെ പകിട്ടും മതിപ്പും കാര്യമായി കുറയുകയില്ല. മിച്ചമുള്ള 1000 ഉറുപ്പിക സ്വന്തകുടുംബത്തിലെ ഭാവിതലമുറയുടെ നന്മയ്ക്കുവേണ്ടിയും സ്വന്തമായി പണികഴിപ്പിച്ച 9000 ഉറുപ്പികയുടെ ഭവനത്തിന്റെ ശാശ്വതമായ നിലനില്പിനുവേണ്ടിയും അയൽപക്കത്തുള്ള 4 ചെറിയ വീടു ഉറപ്പുള്ളതാക്കി അതിലിരിക്കുന്ന അണുബോമ്പുകളെ സുരക്ഷിതമാക്കിത്തീർക്കുന്നതിനു ഉപയോഗപ്പെടുത്തുക.

# സ്കൂളിലെ സന്മാർഗ്ഗശിക്ഷണം

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

യതിവര്യന്മാർ അധിവസിച്ചിരുന്ന ഈ രാജ്യത്തു് ഇന്നു് സന്മാർഗ്ഗപരമായ തകർച്ച വന്നുഭവിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം വിദ്യാഭ്യാസരംഗത്തു് വന്നുപോയ നോട്ടക്കുറവാണു്. സാന്മാർഗ്ഗികതത്വങ്ങൾ നമ്മുടെ യുവവിദ്യാർത്ഥികളിൽ രൂഢമൂലമാകാത്തിടത്തോളംകാലം നമ്മുടെ ആദ്ധ്യാത്മികത്വം സുസ്ഥാപിതമാകയില്ലെന്നു് നിസ്സംശയം പറയാം.

അസാന്മാർഗ്ഗികത ഇന്നു് ആഗോളവ്യാപകമായ ഒരു മഹാവ്യാധിയായിത്തീർന്നിരിക്കുകയാണു്. ഇക്കാലത്തു് നാം എവിടെയും ദർശിക്കുന്ന നേതൃത്വത്തിനുള്ള നെട്ടോട്ടത്തിൽ സന്മാർഗ്ഗനിയമങ്ങൾ മെഴുകുപോലെ കൈകാര്യം ചെയ്യപ്പെടുന്നു. മതവിശ്വാസമില്ലാത്തൊരു രാഷ്ട്രമോ, സന്മാർഗ്ഗനിയമങ്ങൾ വകവയ്ക്കാത്തൊരു വിദ്യാഭ്യാസപദ്ധതിയോ ഒരിക്കലും വിജയിക്കയില്ല; ഭാവിക്കു് ഹാനികരമായിരിക്കയും ചെയ്യും. റഷ്യ അതിന്റെ വിദ്യാഭ്യാസപദ്ധതിയിൽ കമ്മ്യൂണിസ്റ്റു് വിഷം ചേർത്തിരിക്കുന്നതു് അങ്ങനെ അവളുടെ സന്താനങ്ങൾ ആ വിഷംകൊണ്ടു നിറഞ്ഞവരായി പുറത്തുവരുന്നതിനാണു്. ഇത്തരുണത്തിൽ സുപ്രസിദ്ധനായ ജഫേർസൺ, വിദ്യാഭ്യാസപദ്ധതിയിൽ മതത്തിനും സന്മാർഗ്ഗത്തിനും ഉണ്ടായിരിക്കേണ്ട സ്ഥാനത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നതു് പ്രത്യേകം സ്മർത്തവ്യമാണു്.

"മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധവും അതിൽനിന്നുത്ഭവിക്കുന്ന കടമകളും അവനു് ആനന്ദകരവും വളരെ പ്രാധാന്യമർഹിക്കുന്നതുമാണു്. അതിനാൽ മനുഷ്യൻ അവയെപ്പററി പഠിക്കേണ്ടതു് അത്യന്താപേക്ഷിതവുമാണു്."

എന്നാൽ ഇന്നത്തെ വിദ്യാഭ്യാസരംഗത്തു്, ഏതൊരു സന്മാർഗ്ഗനിയമമാണു് നിലവിലിരിക്കുന്നതു്! വിദ്യാഭ്യാസത്തോടൊപ്പം അസാന്മാർഗ്ഗികതയും കുട്ടികളിൽ വളർന്നുവരുവാനുള്ള സാഹചര്യങ്ങളല്ലേ ഇന്നു നാം സ്കൂളുകളിൽ കാണുന്നതു്? ഒരദ്ധ്യാപകൻ അസന്മാർഗ്ഗിയെങ്കിൽ അയാളെ വേണ്ടവിധം ശിക്ഷിക്കുവാനുള്ള കർമ്മനിയമങ്ങൾ ആധുനികപദ്ധതിയിൽ വളരെ കുറവാണു്. അദ്ധ്യാപകന്റെ വ്യക്തിപരമായ കാര്യങ്ങളിൽ കൈകടത്തേണ്ട എന്നാണു് ഭാവം! എന്നാൽ ഒരദ്ധ്യാപകൻ ഒരിക്കലും ഒരു വ്യക്തിമാത്രമല്ല. പിന്നെയോ അദ്ദേഹം സമുദായരൂപവൽക്കർത്താവാണു്. അദ്ധ്യാപനജോലിയിൽനിന്നു പിരിഞ്ഞാലും അദ്ധ്യാപകൻ അനേകരുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചവനാണു്. അതിനാൽ അദ്ധ്യാപകൻ തന്റെ ദൈവനിർദ്ദിഷ്ടമായ ഉദ്യോഗത്തിന്റെ ഗൗരവം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കയും അദ്ധ്യേതാവു് തന്റെ ഉപാദ്ധ്യായനെ അനുസരിക്കുവാൻ പരിശ്രമിക്കയും ചെയ്താൽ വിദ്യാഭ്യാസരംഗം സുരക്ഷിതമായി.

ഇക്കാലത്തെ ഭൂരിഭാഗം വിദ്യാർത്ഥികളിലും ദർശിക്കുന്ന അച്ചടക്കരാഹിത്യത്തിനും അസാന്മാർഗ്ഗികത്വത്തിനും കാരണം അവർക്കു് ശരിയായ ശിക്ഷണം നൽകാത്തതാണു്. രക്ഷാകർത്താക്കളും അദ്ധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും രാഷ്ട്രവും ഒററക്കെട്ടായിനിന്നു് ആരോഗ്യപരമായ വിദ്യാഭ്യാസരംഗം വിദ്യാർത്ഥികൾക്കു തുറന്നുകൊടുക്കണം. മാറു


## NOTICE

The Home Science College, Mangalore, teaches Cooking, Painting, Flower Making, Machine Embroidery, Hand Embroidery, Lace Making and Knitting, Cutting out and Needle Work.

A Boarding is attached to the School.

Application forms can be had from Rev. Mother Superior.

*NAZARETH CONVENT*
Balmatta, Mangalore-2.

വിഷയങ്ങളെക്കാൾ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം സന്മാർഗ്ഗപാഠത്തിനും നൽകുക. ഭൂമി ഉരുണ്ടതാണെന്നും അതു സൂര്യനു ചുററും ഭ്രമണം ചെയ്യുന്നുവെന്നും ക്ലാസ്സുകളിൽ പഠിപ്പിക്കുമ്പോൾ, എല്ലാവർക്കും പിതാവായ ഒരു ദൈവത്തിന്റെ അസ്ഥിത്വം പകൽപോലെ പരമാർത്ഥമാണെന്നും ഓരോരുത്തർക്കും അമർത്ത്യമായ ഓരോ ആത്മാവുണ്ടെന്നും വിദ്യാർത്ഥിയോടു പറയുക. അവനിൽ ഇക്കാര്യങ്ങളെപ്പററി സുശക്തവും സർവ്വവ്യാപകവുമായ ഒരു ബോധം ഉണ്ടായാൽ ഭാവിതലമുറയിലേക്കു സത്യവെളിച്ചം താനേ വീശിക്കൊള്ളും.

ഇപ്പോൾ നമ്മുടെ സ്കൂളുകളിൽ കാണുന്ന മതനിഷ്പക്ഷത, സുരക്ഷിതമായ രാഷ്ട്രം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്ന നമ്മുടെ രാഷ്ട്രപിതാക്കന്മാരുടെ ഉദ്ദേശത്തിനു കടകവിരുദ്ധമാണ്. കാരണം മതവിദ്വേഷവും സന്മാർഗ്ഗഭ്രംശവും നമ്മുടെ കുട്ടികളിൽ അധികാരവിരോധവും വിധ്വംസകമനോഭാവവും വർദ്ധിപ്പിക്കുകയും അങ്ങനെ ഭാവിതലമുറ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ലാത്തവിധം ദുഷിച്ചൊരു അന്ധകാരശക്തിയായിത്തീരുകയും ചെയ്യും. അതിനാൽ കേവലം പരീക്ഷാസർട്ടിഫിക്കററുംകൊണ്ടു വരുന്ന ആർക്കും വിദ്യാഭ്യാസരംഗം ഒഴിഞ്ഞുകൊടുക്കാതെ, ആദർശശുദ്ധന്മാരെ, സന്മാർഗ്ഗകോവിദരെ, നാളത്തെ ലോകത്തെ കരുപ്പിടിപ്പിക്കുവാൻ നിയോഗിക്കുക. നിർദ്ദിഷ്ടമായ പാഠപദ്ധതിയിൽ സന്മാർഗ്ഗപഠനവും അത്യന്താപേക്ഷിതമാകണം. അസാന്മാർഗ്ഗികളെ—അദ്ധ്യാപകനായിരുന്നാലും അദ്ധ്യേതാവായിരുന്നാലും—അവർ അർഹിക്കുന്നവിധം ശിക്ഷിക്കുവാൻ നിയമമുണ്ടാകുക. അങ്ങനെ സുശക്തമായ സന്മാർഗ്ഗാടിസ്ഥാനത്തിന്മേൽ നമ്മുടെ രാഷ്ട്രം ഉയരും. സമത്വസുന്ദരമായ, സന്മാർഗ്ഗനിരതമായ ഒരു രാഷ്ട്രം അനതിവിദൂരഭാവിയിൽ നമുക്കു കാണുവാൻ സാധിക്കും.

## ഇടവകവാർത്തകൾ

**ഇരിഞ്ഞാലക്കുട:** ഫാത്തിമാ ബാലസംഘത്തിന്റെ അംഗങ്ങളായ 3 പേർ മിഷനു പോയിരിക്കുന്നു. ഇനിയും ഫാത്തിമാ ബാലസംഘത്തിൽനിന്നു അനേകം ദൈവവിളികൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. കുട്ടികളുടെ ഇടയിൽ മിഷൻ ചൈതന്യം കൈവളർത്താൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ടു എന്നതു പ്രസ്താവ്യമാണ്.

**വടയാർ:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി അസ്സീസി കോൺഫറൻസിന്റെ ഇക്കൊല്ലത്തെ അർദ്ധവാർഷികമഹോത്സവം ജൂലൈ 18-ാംനു- വി. വിൻസെൻറിന്റെ തിരുനാൾ ചടങ്ങുകളോടു കൂടി സമാരംഭിച്ചു. ഉച്ചകഴിഞ്ഞു വിശുദ്ധന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം സെൻറ് ലൂയിസ് സ്കൂൾഹാളിൽ എത്തുകയും, അവിടെവച്ചു വെരി റവ. ഫാദർ ഫ്രാൻസിസ് തച്ചിൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടുകയുമുണ്ടായി. യോഗത്തിൽ ബ്ര: കെ. എം. ചാക്കോ സ്വാഗതപ്രസംഗം നടത്തി. ബ്ര: കെ. സി. ചാക്കോ ബി. എ. പ്രസംഗിച്ചു. രഹസ്യപ്പിരിവിൽ ഗണ്യമായ ഒരു സംഖ്യ കിട്ടുകയുണ്ടായി. കലാപരിപാടികളിൽ വിജയികളായ കുട്ടികൾക്കു സമ്മാനങ്ങൾ കൊടുത്തു. ബ്ര: പേരേപ്പറമ്പന്റെ കഥാപ്രസംഗം, ഉപസംഹാരപ്രസംഗം, ബ്ര: ജെ. എക്സ്. മരങ്ങോലിയുടെ കൃതജ്ഞതാപ്രകടനം, പ്രാർത്ഥന, പാപ്പാമംഗളം ഇവയോടുകൂടി ചടങ്ങുകൾ സമാപിച്ചു.

**മണിപ്പുഴ:** സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥലം സ്കൂൾഹാളിൽവച്ചു നടത്തിയ യോഗത്തിൽ സംഘടനാഡയറക്ടർ റവ. ഫാ. ജോർജ്ജ് പൊന്നൊടുത്തുകല്ലേൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ ശ്രീ തോമസു മുക്കുംതോട്ടം, സെബാസ്റ്റ്യൻ മാടത്താനി എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ സഖ്യാംഗങ്ങൾ സെൻറ് വിൻസെൻറ് ഡി പോൾ പുണ്യവാന്റെ അപദാനങ്ങളെ ആസ്പദമാക്കി "ത്യാഗപ്രഭ" എന്ന പ്രഹസനം അഭിനയിച്ചു.

**Thanksgiving**



for favours received
T. P. T.
Mannanthuruth

**പുതുവേലി:** ജൂലൈ 19-ാംനു സെൻറ് വിൻസെൻറ് ഡി പോൾ പുണ്യവാന്റെ തിരുനാൾ പ്രമാണിച്ചു വിശുദ്ധ കുർബാന ചൊല്ലിക്കുകയും 100-ൽപ്പരം സാധുക്കൾക്കു സമൃദ്ധിയായി ഉച്ചഭക്ഷണം കൊടുക്കുകയും അതിനുശേഷം ഫാദർ മടക്കാലിൽ ജേക്കബ്ബ് അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ചെയ്തു.

**പിറവം:** സ്ഥലം സെൻറ് വിൻസെൻറ് ഡിപോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധന്റെ തിരുനാൾ 18-7-54-ൽ ആഘോഷപൂർവ്വം കൊണ്ടാടുകയും തിരുനാൾ സംബന്ധിച്ചു ഇരുന്നൂറോളം സാധുക്കൾക്കു വസ്ത്രവും അരിയും കൊടുക്കുകയും ചെയ്തു. കൂടാതെ തിരുനാൾ ദിവസം ഉച്ചയ്ക്കു സാധുക്കൾക്കു ഒരു കഞ്ഞിപ്പകർച്ചയും നടത്തുകയുണ്ടായി.

**തുരുത്തി:** സ്ഥലത്തെ ചെറുപുഷ്പമിഷൻ ലീഗിന്റെ സജീവപ്രവർത്തകരായിരുന്ന ബ്ര. കെ. പി. ജോർജ്ജ് ദൈവവചനസഭയിലേക്കും, കെ. ററി. ആഗസ്തി കപ്പൂച്ചിൻ സഭയിലേക്കും, എ. വി. വർഗ്ഗീസ് സലേഷ്യൻ സഭയിലേക്കും പോയിരിക്കുന്നു. ലീഗിന്റെ സാധാരണ യോഗത്തിൽവച്ചു ബ്ര. കെ. പി. ഫിലിപ്പിനെ സെക്രട്ടറിയായും ബ്ര. എം. ററി. ചാക്കോയെ ജോയൻറുസെക്രട്ടറിയായും തെരഞ്ഞെടുത്തു.

**സൗജന്യവിതരണഫണ്ടു്**

മി. ഇട്ടിയവിര ഉലഹന്നാൻ അടപ്പൂർ, പുത്തൻപുരയിൽ
കല്ലൂർ ക. 6-8-0

## ചരമവാർത്തകൾ

**ചാത്യാത്ത്:** എറണാകുളം ഉണ്ണിമിശിഹാപ്പള്ളി വികാരി റവ. ഫാദർ ലോപ്പസ് അവർകളുടെ പിതാവു ശ്രീ ഏലിയാസ് ലോപ്പസ് 80-ാമത്തെ വയസ്സിൽ 22-ാംതീയതി നിര്യാതനായിരിക്കുന്നു. വരാപ്പുഴ അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററു് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും വെരി റവ. മോൺ. ചമ്മിണി, വെരി റവ. മോൺ. വൈപ്പിശ്ശേരി, വെരി റവ. മോൺ. കോറയ തുടങ്ങി നാല്പതിൽപ്പരം വൈദികരുടെ സഹകരണത്തിലും ബന്ധുമിത്രാദികളുൾപ്പെടെയുള്ള ഒരു വമ്പിച്ച ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിലും ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു.

**കുമരകം:** ഈ ഇടവക ശ്രീ പി. ററി. തോമ്മസ്സ് രക്തസമ്മർദ്ദംമൂലം 19-ാംനു രാവിലെ നിര്യാതനായി. ഉച്ചകഴിഞ്ഞു 5 മണിക്കു റൈററു് റവ. മോൺ. ജയിക്കബ്ബ് കട്ടക്കയം അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു പല വൈദികരുടെ സഹകരണത്തിലും നാനാജാതിമതസ്ഥരായ വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും സംസ്കാരകർമ്മം നിർവ്വഹിച്ചു റവ ഫാ ഫിലിപ്പ് ആലുംപറമ്പിൽ ചരമപ്രസംഗം ചെയ്തു.

**കല്ലൂർക്കാട്:** കല്ലൂർക്കാട്ട് ഫൊറോനാപ്പള്ളി ഇടവക മല്ലിക്കൽ കുര്യൻ തോമ്മാ 78-ാമത്തെ വയസ്സിൽ ജൂലൈ 14-ാംനു അന്ത്യകൂദാശകൾ എല്ലാം കൈക്കൊണ്ടു കർത്താവിൽ ദീർഘനിദ്രപ്രാപിച്ചു. 15-ാംനു കല്ലൂർക്കാട്ട് ഫൊറോനാപ്പള്ളി സിമത്തേരിയിൽ യഥായോഗ്യം ശവം സംസ്കരിച്ചു. R. I. P.

**കൃതജ്ഞത**

വിശുദ്ധ 10-ാം പിയൂസിന്റെ മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. വി. ദേവസി
പൂണിത്തുറ

## വിനോദവീഥി



ഹായിഹായി, എന്തൊരു കാററും മഴയും!!

* * *

ജോൺ:- മി. കൃഷ്ണൻ, കഴിഞ്ഞദിവസം നിങ്ങൾ എന്നോടു വാങ്ങിച്ച കുടയെവിടെ?

കൃഷ്ണൻ:- അതു ഞാനതന്നെ നിങ്ങളെ ഏല്പിക്കാമെന്നു പറഞ്ഞാണല്ലോ മഹാദേവൻ എന്നോടു വാങ്ങിക്കൊണ്ടുപോയതു്?

ജോൺ:- അവനതാരുടെ കൈയിൽ കൊടുത്തോ ആവോ!

ഞാനതു പോളിന്റെ കൈയിൽനിന്നു കടംവാങ്ങിയതായിരുന്നു. ഇന്നു പോൾ വന്നിരിക്കുന്നു അവനതു കടംവാങ്ങിയ റോബർട്ടു കുടയന്വേഷിച്ചു വന്നെന്നു പറഞ്ഞു.

കൃഷ്ണൻ:- ഈശ്വരാ, മഴ തുടങ്ങിയപ്പോഴെക്കും കുടയുടെ കാര്യം കേട്ടു!

* * *

കളവുകേസിൽ പ്രതിയായ ഒരു ഗ്രാമീണനെ കോടതിയിൽ ഹാജരാക്കി വിസ്താരം നടത്തുകയാണ്.

ജഡ്ജി:- ഈ കേസിലെ പ്രതി നിങ്ങളാണോ?

ഗ്രാമീണൻ:- കളവുചെയ്തതു ഞാൻ തന്നെയാണ് ഏമാനേ. എന്നാൽ എന്റെ വക്കീലമ്മാൻ ഉറപ്പുപറഞ്ഞിട്ടുണ്ടു് അതു തെളിവില്ലാതെ തള്ളിച്ചുതരാമെന്നു്.

## പ്രത്യേക അറിയിപ്പ്

സത്യദീപം ഏജൻസിവ്യവസ്ഥയനുസരിച്ചു പത്രവില മുൻകൂർ അടയ്ക്കാത്തവർക്കു പത്രം അയക്കുന്നതല്ലെന്നു അറിയാമല്ലോ. തപാൽ നിയമമനുസരിച്ചു ബുധനും വ്യാഴവും ഒഴിച്ചുള്ള ദിവസങ്ങളിൽ തപാൽവഴി പത്രം അയക്കാൻ നിവൃത്തിയില്ലാത്തതിനാൽ സംഖ്യ താമസിച്ചയക്കുന്ന ഏജൻറുമാർക്കു പത്രം അയക്കുന്നതിനു ഒരാഴ്ച താമസം നേരിടുന്നുണ്ടു്. ഈ അസൗകര്യം ഒഴിച്ചുവയ്ക്കുന്നതിനു ആഗ്രഹിക്കുന്ന ഏജൻറുമാർ തലേതിങ്കളാഴ്ചയെങ്കിലും സംഖ്യ ആപ്പീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണെന്നു ഓർപ്പിക്കുന്നു. പത്രവരിക്കാരും തങ്ങൾ കൊടുക്കേണ്ട പത്രവില കുടിശിക വരുത്താതെ ഏജൻറുമാരെ യഥാകാലം ഏല്പിക്കുന്നപക്ഷം കാര്യം നടപ്പിനു സഹായകമായിരിക്കുമെന്നുള്ള വിവരം അവരെയും ഓർപ്പിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എന്റെ ഭർത്താവിന്റെ സുഖക്കേടിനു് ആശ്വാസം ലഭിച്ചതിനു് ഉപകാരസ്മരണ.



താമസിച്ചതിനു് ക്ഷമാപണം.

Mrs. C. M. Mathew
Trichur

## തിരുക്കൊച്ചിവാർത്തകൾ

**ഭൂനയബിൽ**

തിരുക്കൊച്ചി ഭൂനയബില്ലിനു കേന്ദ്രഗവമ്മെൻറിന്റെ അനുമതി ലഭിച്ചിരിക്കുന്നുവെന്നും പ്രസ്തുത ബില്ല് ജൂലൈ 30-ാംനു നിയമസഭയിൽ അവതരിപ്പിച്ചു് ഒരു സിലക്ട് കമ്മിററിക്കു വിട്ടുകൊടുക്കുന്നതും അതേത്തുടർന്നു ബിൽ സംബന്ധിച്ചു് പൊതുജനങ്ങൾക്കു് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതുമാണെന്നും മന്ത്രി ശ്രീ നടരാജപിള്ള വെളിപ്പെടുത്തിയിരിക്കുന്നു.

**റേഷൻ കടകൾ നിർത്തലാക്കുന്നു**

സംസ്ഥാനത്തു് നിലവിലിരിക്കുന്ന റേഷൻ കടകൾ നിറുത്തലാക്കാനും അവശ്യപകരം ന്യായവിലഷാപ്പുകൾ ഏർപ്പെടുത്തിനും ഗവമ്മെൻറു് ഉത്തരവായിരിക്കുന്നു. ഏതത്സംബന്ധമായി ഗവമ്മെൻറു് പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്സ്നോട്ടു് ഇപ്രകാരം തുടരുന്നു: അരിയുടെ വില, വിതരണം, കയററിറക്കു് എന്നിവയിലുള്ള നിയന്ത്രണങ്ങളെല്ലാം നീക്കിയിരിക്കുന്നു. 50 മന്നിൽ കൂടുതൽ അരി ശേഖരിച്ചു് സൂക്ഷിക്കുന്ന വ്യാപാരികൾമാത്രം മേലിൽ സിവിൽസപ്ലൈസ് കമ്മീഷണറിൽനിന്നും ലൈസൻസെടുത്താൽമതി. അരിദൗർലഭ്യം തീർന്നെന്നു ബോദ്ധ്യമാകുന്നതുവരെ ഇപ്പോൾ റേഷൻ കടകളുള്ളിടത്തെല്ലാം ന്യായവിലഷോപ്പുകൾ അരിവിതരണം തുടർന്നുനടത്തുന്നതാണ്. ന്യായവിലഷോപ്പുകളും മൊത്തഡിപ്പോകളും യഥാക്രമം 100-ം 500-ം ക സെക്യൂരിററിയിന്മേൽ സ്വകാര്യവ്യക്തികൾക്കും ഏറെറടുത്തു നടത്താം.

**അസംബ്ലിയിൽ**

ജൂലൈ 21-ാംനു സമ്മേളിച്ച തിരുക്കൊച്ചി നിയമസഭായോഗത്തിൽ വിദ്യാഭ്യാസവകുപ്പു് സംബന്ധമായി ഗവമ്മെൻറിൽനിന്നും വെളിപ്പെടുത്തിയ ചില വിവരങ്ങൾ താഴെ ചേർക്കുന്നു:

ഷിഫ്ററുസമ്പ്രദായം ഏർപ്പെടുത്തിയ അവസരത്തിൽ 1001 അദ്ധ്യാപകന്മാർക്കു ജോലി നഷ്ടപ്പെട്ടു. എന്നാൽ അവരെയെല്ലാം പിന്നീടു് സർക്കാർ സർവ്വീസിൽ നിയമിക്കുകയുണ്ടായി. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ ഇപ്പോൾ ഷിഫ്ററുസമ്പ്രദായം നിലവിലിരിക്കുന്നുണ്ടു്. എന്നാൽ നാലാംക്ലാസിൽനിന്നും പ്രസ്തുത സമ്പ്രദായം പിൻവലിക്കാനുദ്ദേശിച്ചിരിക്കുന്നു. മിഡിൽസ്കൂൾ ഫീസിളവുമൂലം മാനേജർമാർക്കു നേരിടുന്ന നഷ്ടം പരിഹരിക്കുന്ന കാര്യത്തിൽ, അവർക്കു പ്രസ്തുത 20 ശതമാനംതന്നെ നൽകണമോ അഥവാ സ്കൂൾസംരക്ഷണത്തിനു് ഒരു തുക ഗ്രാൻറായി നൽകിയാൽമതിയോ എന്നസംഗതി ആലോചനയിലിരിക്കുന്നു. തത്സംബന്ധമായ കൂടിയാലോചനകൾക്കായി മാനേജർമാരുടെ ഒരു കോൺഫറൻസു് ഉടൻതന്നെ വിളിച്ചുകൂട്ടുന്നതാണ്. പ്രൈവററു്-പ്രൈമറിസ്കൂളദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാനാലോചനയുണ്ടു്. പ്രൈവററു് സെക്കണ്ടറി സ്കൂൾപദ്ധതിയിൽ ചേരാതെ ഇനിയും 93 സ്കൂളുകളുണ്ടു്. അവയെ നിർബന്ധിച്ചു് പദ്ധതിയിൽ ചേർക്കുവാനുദ്ദേശമില്ല. അദ്ധ്യാപകർ പ്രൈവററു് ട്യൂഷൻ നടത്തുന്ന കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടു്. ഒരദ്ധ്യാപകൻ ഒരുദിവസം രണ്ടുമണിക്കൂറിലധികമോ 4-ൽ കൂടുതൽ കുട്ടികൾക്കോ ട്യൂഷൻ കൊടുക്കാൻ പാടില്ലെന്നു നിബന്ധനയുണ്ടു്.

സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ‖ ERNAKULAM JULY 28, 1954 | No. 47

# കുടിയേററപ്രശ്നം

ലോകചരിത്രത്തിൽ എക്കാലത്തും നിലനിന്നുപോന്നിട്ടുള്ള ഒരു പ്രശ്നമാണ് ജനതകളുടെ കുടിയേററപ്രശ്നം. ഏതെങ്കിലും ഒരു സ്ഥലത്തു ജനം വർദ്ധിച്ചുകഴിയുമ്പോൾ ജീവിതസൗകര്യങ്ങൾ അന്വേഷിച്ച് അതിലൊരുഭാഗം അന്യസ്ഥലങ്ങളിലേക്കു സംക്രമിക്കുന്നു. വേദാഗമഗ്രന്ഥങ്ങളിൽ ഈദൃശ കുടിയേററങ്ങളെപ്പററി ധാരാളം ഉദാഹരണങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. രാജ്യങ്ങളുടെ ചരിത്രം പഠിക്കുന്നവർക്കു പ്രധാനമായി ശ്രദ്ധിക്കാനുള്ള ഒരു ഭാഗമാണിത്. ആധുനികഅമേരിക്കാ കുടിയേററക്കാരുടെ ഒരു രാജ്യമാണെന്നു പറയാം. ഇന്ത്യയുടെ രാഷ്ട്രീയചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം ഇന്നത്തെ ഭാരതം എത്രയെത്ര കുടിയേററങ്ങൾക്കുശേഷമാണ് ഈ നിലയിൽ എത്തിച്ചേർന്നിട്ടുള്ളതെന്ന്. ഇന്നു ജനനിബിഡമായ ഇന്ത്യാരാജ്യം പല കുടിയേററപദ്ധതികളേയും ആസൂത്രണംചെയ്തു പോരുകയാണല്ലോ. ഇക്കാലത്തു രാജ്യങ്ങളുടെ രാഷ്ട്രീയാതിർത്തികൾ കച്ചബന്ധംചെയ്തുറപ്പിക്കുന്ന ഒരു നയം ഗവമ്മെൻറുകൾ സ്വീകരിക്കുന്നതുകൊണ്ട് കുടിയേററപ്രശ്നം അതിരൂക്ഷമായ ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഫലപുഷ്ടമായ വിസ്തൃതരാജ്യവിഭാഗങ്ങൾ ഓരോരോ വൻകിടശക്തികൾ കൈയടക്കിവച്ചുകൊണ്ട് മററു രാജ്യക്കാരെ അവിടെ പ്രവേശിപ്പിക്കാതെ അകററിനിർത്തുകയാണ് ഇന്നത്തെ രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു തന്ത്രം. മാനവവർഗ്ഗത്തിന്റെ പൊതുവായ ജീവിതസൗകര്യത്തിനുവേണ്ടിയാണ് ലോകം മുഴുവനും സ്രഷ്ടാവായ ദൈവം നമുക്കു തന്നിരിക്കുന്നതെന്നു വിശ്വസിക്കുകയും സാക്ഷാത്തായ സാഹോദര്യമനോഭാവത്തിൽ ജീവിക്കണമെന്നഭിലഷിക്കുകയും ചെയ്യുന്നവർക്ക് ഈ നയം സ്വാഗതാർഹമല്ല. പൊതുഗുണത്തിനാവശ്യമായ നിയന്ത്രണങ്ങൾക്കു വിധേയമായി ഫലപുഷ്ടമായ സ്ഥലങ്ങളിൽ കുടിയേറിത്താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം മനുഷ്യനു ജന്മസിദ്ധമായ ഒരവകാശമാണ്.

## ജൂലൈമാസത്തെ പ്രാർത്ഥനാനിയോഗം

കുടിയേററക്കാരുടെ ആദ്ധ്യാത്മികസംരക്ഷണം എന്നുള്ളതായിരുന്നുവല്ലോ ഈ ജൂലൈമാസത്തിലെ പ്രാർത്ഥനാനിയോഗം. എല്ലാ കത്തോലിക്കാ പത്രമാസികകളും യഥാസമയം ആ കാര്യം പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. പക്ഷെ അതേപ്പററി ജനസാമാന്യം വേണ്ടതു ശ്രദ്ധിച്ചുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥം അക്കാര്യം പരിചിന്തിക്കപ്പെട്ടെങ്കിൽ, ഇന്നത്തെ നമ്മുടെ സാഹചര്യങ്ങളിൽ പ്രത്യേകിച്ചും, പ്രായോഗികമായ പല പദ്ധതികളും ഇതിനകം രൂപംപ്രാപിച്ചു കഴിയുമായിരുന്നു എന്നുള്ളതു തീർച്ചയാണ്. നമ്മെ സംബന്ധിച്ചു പറഞ്ഞാൽ, നമ്മുടെ തിരുക്കൊച്ചിയിൽ ജനസംഖ്യയിലുള്ള വർദ്ധനവുകൊണ്ടും ആവശ്യമായ കൃഷിഭൂമികൾ കിട്ടാനുള്ള അസൗകര്യങ്ങൾകൊണ്ടും നമ്മുടെ സഹോദരങ്ങളിൽ ഒരു വലിയ വിഭാഗം അടുത്തകാലത്തു മലബാറിൽ കുടിയേറിത്താമസിച്ചിട്ടുണ്ട്. എല്ലാ പ്രകാരത്തിലും നമ്മുടെ സ്വന്തപ്പെട്ടവരായ അവരുടെ സ്ഥിതിഗതികളെപ്പററി നാം ആരായുകയോ അവർക്കു ചെയ്തുകൊടുക്കുന്നതിനു നാം സർവ്വഥാ ബാദ്ധ്യസ്ഥരായിരിക്കുന്ന നമ്മുടെ കർത്തവ്യങ്ങളെപ്പററി ചിന്തിക്കുകയോ ചെയ്തിട്ടുണ്ടോ? അവരുടെ സാഹസികമായ ഈ കുടിയേററപ്രസ്ഥാനം പ്രകാരാന്തരേണ നമ്മുടെ സുസ്ഥിതിയെക്കൂടി സ്പർശിക്കുന്നതാണെന്നുള്ള ഒരു ബോദ്ധ്യം നമുക്കുണ്ടോ? വാസ്തവത്തിൽ മലബാറിൽ കുടിയേറിത്താമസിക്കുന്ന നമ്മുടെ സഹോദരങ്ങളെ സംബന്ധിക്കുന്ന കാര്യം നമ്മുടെ ഒരു സ്വന്തകാര്യവും, ഇക്കാര്യത്തിൽ നാം പ്രകടിപ്പിക്കുന്ന മനോഭാവം നമ്മുടെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ചു ഒരു പരീക്ഷണവുമായിരിക്കുമെന്നു പറയാവുന്നതാണ്.

## അവരുടെ ആവശ്യങ്ങൾ

ഭൗതികമായ രംഗങ്ങളിൽ അവർതന്നെ മലയോടും മലമ്പനിയോടും കാട്ടുമൃഗങ്ങളോടും കല്ലിനോടും മുള്ളിനോടുമെല്ലാം പടവെട്ടിക്കൊള്ളും. എന്നാൽ അവരുടെ ആദ്ധ്യാത്മികമായ കാര്യങ്ങളിലും സാമൂഹികമായ രംഗങ്ങളിലും നമ്മുടെ ചില ഒത്താശകൾ കൂടാതെ അവർക്കു സാദ്ധ്യമല്ല. ആദ്ധ്യാത്മികതയെ ശരിയായി വിലമതിക്കുന്ന നമ്മുടെ പുരാതനകുടുംബങ്ങളിൽ നിന്നാണ് അവർ പോയിട്ടുള്ളത്. അതുകൊണ്ട് അവരുടെ മതകർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു നേരിടുന്ന പ്രതിബന്ധങ്ങളാണ് അവരെ ഏററം കൂടുതലായി അലട്ടുന്നത്. മതപരമായ ആവശ്യങ്ങളെ ശരിയായി നിർവ്വഹിക്കാനുള്ള പരിതസ്ഥിതികൾക്കുറപ്പുണ്ടായിരുന്നെങ്കിൽ ഇനിയും വളരെയേറെ ആളുകൾ അവിടങ്ങളിൽ കുടിയേറിപ്പാർക്കുമായിരുന്നു എന്നുള്ളതു തീർച്ചയാണ്. അതുപോലെതന്നെ അവരുടെ സാമൂഹികമായ ആവശ്യങ്ങളും അവരെ അലട്ടുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിനുവേണ്ട സ്കൂളുകൾ വൈദ്യസഹായത്തിനുവേണ്ട ആശുപത്രികൾ ഇവയെല്ലാം കുടിയേററക്കാരുടെ പ്രാഥമികാവശ്യങ്ങളാണ്. കുടിയേററത്തിന്റെ പ്രാഥമികഘട്ടങ്ങളിൽ കുടിയേററക്കാർക്കു അവ സ്വയം ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ബന്ധപ്പെട്ട ഗവർമ്മെൻറുകളുടെയും പൊതുജനങ്ങളുടെയും പ്രബലമായ പിൻതുണ അവർക്കു കൂടിയേകഴിയൂ. അതുകൊണ്ട് മലബാറിലെ കുടിയേററക്കാരായ നമ്മുടെ സഹോദരങ്ങൾക്കു ഈ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ നമുക്കും അതിഗൗരവമായ കർത്തവ്യമുണ്ട്.

## തിരുസഭയുടെ പ്രബോധനം

കുടിയേററക്കാരെ സംബന്ധിച്ചു തിരു[illegible] എപ്പോഴും വലിയ ശുഷ്കാന്തി പ്രദർശിപ്പിച്ചുപോന്നിട്ടുണ്ട്. ലോകവ്യാപകമായ തിരുസഭയിൽ ഓരോ സ്ഥലത്തും ഈ പ്രശ്നം എന്നും നിലനിന്നിരുന്നു. കുടിയേററക്കാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ യഥാസമയം നിറവേററിക്കൊടുക്കുന്നതിനു സാധിക്കാതിരുന്ന അവസരങ്ങളിൽ സാമാന്യേന അവരിൽ ഭൂരിഭാഗവും തിരുസഭയ്ക്കു നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളത്. കാരണം, അവർ ചെന്നു താമസിക്കുന്ന വിദേശങ്ങളിൽ, അവിടെയുള്ളവരിൽനിന്നു അവർക്കു നേരിടേക്കാവുന്ന അനാദരവും, വിദേശീയമായ സാഹചര്യങ്ങളിൽ അവർക്കുണ്ടാകാവുന്ന അരോചകമായ അനുഭവങ്ങളും അവരെ വളരെ എളുപ്പത്തിൽ മതനിഷ്പക്ഷമായ ഒരു മനസ്ഥിതിയിലേക്കു ആനയിക്കുന്നതാണ്. ഒരുദാഹരണം ഈ വസ്തുതയെ വിശദമാക്കും. കഴിഞ്ഞ നൂററാണ്ടിൽ ക്രൊയേഷ്യായിൽനിന്നു 2ലക്ഷംപേർ കാലിഫോർണിയായിലും അയൽസംസ്ഥാനങ്ങളിലും കുടിയേറിപ്പാർത്തു. അവിടെ അവർക്കു വേണ്ടിടത്തോളം സ്വന്തരാജ്യക്കാരായ വൈദികരോ സ്വന്തം പള്ളികളോ ഇല്ലായിരുന്നു. ഒരു നൂററാണ്ടിനുശേഷം ഇന്നത്തെ ശോചനീയമായ നിലയെന്താണെന്നോ? പ്രയോഗത്തിൽ കത്തോലിക്കാജീവിതം നയിക്കുന്നവരായി അവിടെ ഇന്നു 20,000 പേർ പോലുമില്ല. 20,000 ത്തിലധികം കമ്മ്യൂണിസ്റ്റുകളാണ്. 1 ലക്ഷത്തി 60 നായിരത്തോളം മതവിശ്വാസമില്ലാത്തവരും ഭൗതികവാദികളുമായി തീർന്നിരിക്കുന്നു. ശരിയായി മതാനുഷ്ഠാനത്തിനും മതപഠനത്തിനും വേണ്ട സൗകര്യങ്ങൾ അവർക്കുണ്ടായിരുന്നെങ്കിൽ ഒരുനൂററാണ്ടിനുമുമ്പ് കുടിയേറിപ്പാർത്ത 2 ലക്ഷംപേർ ഇന്നു എത്രലക്ഷമായി വർദ്ധിക്കുമായിരുന്നു! ഈദൃശവസ്തുതകളെ അടിസ്ഥാനമാക്കിയാണ് തിരുസഭ കുടിയേററക്കാരെ സംബന്ധിക്കുന്ന നിയമങ്ങളും പദ്ധതികളും ക്രോഡീകരിച്ചിട്ടുള്ളത്.

1215-ൽ കൂടിയ ലാററൻ കൗൺസിൽ ഇക്കാര്യത്തിൽ സ്മരണാർഹമായ ഒരു പ്രഖ്യാപനം ചെയ്തിട്ടുണ്ട്: "പല സ്ഥലങ്ങളിലും ഒരേ പട്ടണത്തിലും ഒരേ രൂപതയുടെ അതിർത്തിക്കുള്ളിലും വിവിധഭാഷകൾ സംസാരിക്കുന്നവരും വിവിധറീത്തുകളിൽപ്പെട്ടവരും വിവിധപാരമ്പര്യങ്ങൾ ഉള്ളവരുമായി ഒരേവിശ്വാസത്തിൽപ്പെട്ട ആളുകൾ ഇടകലർന്നു താമസിക്കുന്നതുകൊണ്ട്, അത്തരം പട്ടണങ്ങളിലും രൂപതകളിലും അധികാരമുള്ള മെത്രാന്മാർ അവരുടെ റീത്തുകൾക്കും ഭാഷകൾക്കും യോജിക്കുന്നവിധത്തിൽ തിരുകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും കൂദാശകൾ കൊടുക്കുന്നതിനും വാക്കുകൊണ്ടും മാതൃകകൊണ്ടും അവരെ പഠിപ്പിക്കുന്നതിനും പററിയ വൈദികരെ അവർക്കു സമ്പാദിച്ചുകൊടുക്കണമെന്നു ഞങ്ങൾ നിർബന്ധമായി ആജ്ഞാപിക്കുന്നു." ആദിമശതകങ്ങൾമുതൽ തിരുസഭയിൽനിലനിന്നുപോന്നിരുന്നതും 13-ാം നൂററാണ്ടിൽ ഖണ്ഡിതമായി പ്രഖ്യാപിക്കപ്പെട്ടതുമായ ഈ ആദർശം വേണ്ടവിധത്തിൽ പ്രയോഗിച്ചിരുന്നുവെങ്കിൽ എത്രയെത്ര ശീശ്മകളും പാഷണ്ഡതകളും അധഃപ്പതനങ്ങളും തിരുസഭാചരിത്രത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടുമായിരുന്നുവെന്നു ചരിത്രപഠിതാക്കൾ പരിചിന്തിക്കട്ടെ. നമ്മുടെ കേരളത്തിൽത്തന്നെ ഈ ആദർശം യഥാവിധി അനുവർത്തിക്കപ്പെട്ടിരുന്നുവെങ്കിൽ. കേരളകത്തോലിക്കാസഭയുടെ ചരിത്രം ഇന്നു എത്ര വിഭിന്നമായിരുന്നേനേ! വന്നതെല്ലാം വന്നു. ഇനിയെങ്കിലും നമുക്കു കർത്തവ്യനിരതരാകരുതോ? ഇപ്പോൾ നമ്മെ ഭാഗ്യമോടെ ഭരിക്കുന്ന പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ ഇക്കാര്യത്തിന്റെ ഗൗരവത്തെ ആധാരമാക്കി തിരുസഭയുടെ പഠനത്തെ "എക്സൂൾ ഫമീലിയാ" എന്ന ഒരു കൺസ്റ്റിറ്റ്യൂഷൻ വഴി ഒരിക്കൽക്കൂടി വിശദീകരിച്ചുതന്നിരിക്കുന്നു. കുടിയേററക്കാർക്കു നൽകപ്പെടണമെന്നു ഈ കൺസ്റ്റിറ്റ്യൂഷനിൽ ആജ്ഞാപിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളേയും ഒത്താശകളേയും സ്വാതന്ത്ര്യങ്ങളേയും പരിമിതപ്പെടുത്തുന്നതിനു ആരെങ്കിലും ശ്രമിക്കുന്നുവെങ്കിൽ അതു സാധൂകരിക്കാവുന്നതല്ലെന്നും തന്മൂലം വന്നുചേരുന്ന തിരുസഭയുടെ തീരാനഷ്ടത്തിനു അങ്ങനെയുള്ളവർ ഉത്തരവാദികളായിരിക്കുമെന്നും അതിൽ പ്രത്യേകം അനുസ്മരിപ്പിച്ചിട്ടുണ്ട്. ഓരോ രൂപതകളിലുമുള്ള കുടിയേററക്കാർക്ക് ആ രൂപതയിൽ ജനിച്ചു വളർന്നവർക്കുള്ള ആനുകൂല്യങ്ങളും പരിഗണനയും കൃത്യമായി നൽകപ്പെടണമെന്നും അതു പാടുള്ളിടത്തോളം അവരുടെ സ്വന്ത റീത്തിൽപ്പെട്ട സ്വന്ത വൈദികർവഴി ചെയ്തുകൊടുക്കണമെന്നുമാണ് പരിശുദ്ധപിതാവ് ഊന്നിപ്പറഞ്ഞിട്ടുള്ളത്. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ കൺസ്റ്റിറ്റ്യൂഷനനുസരിച്ചു ഒരു മനോഭാവം ഇന്നത്തെ സാഹചര്യങ്ങളിൽ ഉദാരമായി കുടിയേററക്കാരോട് കാണിക്കാത്തപക്ഷം, കഴിഞ്ഞ നൂററാണ്ടിൽ 13-ാംലെയോ മാർപ്പാപ്പാ "റേരും നൊവാരും" എന്ന ചാക്രികലേഖനത്തിൽ ആവശ്യപ്പെട്ട സൗഹൃദമനോഭാവം കൈക്കൊള്ളാതിരുന്നതുമൂലം തൊഴിലാളിവിഭാഗം തിരുസഭയ്ക്കു നഷ്ടപ്പെട്ടതുപോലെ കുടിയേററക്കാരും നഷ്ടപ്പെടുമെന്നാണ് പ്രത്യേകം അനുസ്മരിപ്പിക്കപ്പെട്ടിട്ടുള്ളത്. ചുരുക്കത്തിൽ കുടിയേററക്കാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ യഥാവിധി നിറവേററുന്നതിനുള്ള സാഹചര്യങ്ങൾ അവർക്കു വിഷമം തോന്നാത്തതും അഭിമാനകരവുമായ രീതിയിൽ നിർവ്വഹിച്ചുകൊടുക്കണമെന്നുള്ളതാണ് തിരുസഭയുടെ സുവ്യക്തമായ സിദ്ധാന്തം. കത്തോലിക്കരായ കുടിയേററക്കാർ ചെന്നുതാമസിക്കുന്ന സ്ഥലത്തേയും അവർ വിട്ടുപോകുന്ന സ്ഥലത്തേയും വൈദികാധികാരികൾക്കും കത്തോലിക്കാജനവിഭാഗത്തിനും ഇതിൽ ഒഴിച്ചുകൂടാത്ത കർത്തവ്യങ്ങളാണ് നിർവ്വഹിക്കാനുള്ളത്.

## മലബാറിലെ സ്ഥിതി

ഇവിടെനിന്നും മലബാറിൽ കുടിയേറി താമസിച്ചിട്ടുള്ളവരിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരാണെന്നും അവരുടെ സംഖ്യ ഇപ്പോൾ ഒരു ലക്ഷത്തിലധികം വരുമെന്നും നാം പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. മലബാറിൽ അങ്ങിങ്ങോളമിങ്ങോളം ചിന്നിച്ചിതറിയാണ് ഈ ജനം താമസമുറപ്പിച്ചിട്ടുള്ളത്. 4000-ത്തിൽ പരം ചതുരശ്രമൈലിനിടയ്ക്കു അവിടവിടെയായി കൃഷിസൗകര്യം നോക്കി കുടിയേറിപ്പാർക്കുന്ന ഒരു ലക്ഷത്തിലധികം വരുന്ന ഈ കത്തോലിക്കാ ജനതയ്ക്കു അവരുടെ ആദ്ധ്യാത്മികകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സാമൂഹ്യാവശ്യങ്ങൾ നിറവേററുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്നു ആരാഞ്ഞറിയേണ്ടതു അവരുടെ സഹോദരങ്ങളായ കേരളത്തിലെ കത്തോലിക്കരാണ്. കുടിയേററക്കാരിൽ ബഹുഭൂരിപക്ഷം വരുന്ന കത്തോലിക്കാ സുറിയാനി ക്രിസ്ത്യാനികൾക്കു പരിശുദ്ധസിംഹാസനത്തിലെ ചിരന്തനമായ ആദർശമനുസരിച്ചു അവരുടെ സ്വന്തറീത്തിൽപെട്ട വൈദികരാൽ അവരുടെ ആദ്ധ്യാത്മികകാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനു സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി 1953 ഡിസംബർ 31-ാം തീയതിയിലെ തിരുവെഴുത്തുമൂലം തലശ്ശേരി പുതിയ രൂപത സംസ്ഥാപിക്കപ്പെടുകയും റൈററ് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയെ ആ രൂപതയുടെ അഡ്മിനിസ്ട്രേറററ് അപ്പസ്തോലിക്കയായി നിയമിക്കുകയും ചെയ്തുവല്ലോ. പക്ഷെ ഒരു വിസ്തൃതമായ രൂപതയുടെ നടത്തിപ്പിനു വേണ്ട സജ്ജീകരണങ്ങളിൽ ഒന്നുംതന്നെ അവിടെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഇന്നത്തെ നില. രൂപതാസ്ഥാപനബൂളയിലെ പരിശുദ്ധപിതാവിന്റെ നിർദ്ദേശമനുസരിച്ചു തലശ്ശേരിയിലുള്ള ലത്തീൻ ഇടവകപള്ളിയും മുറിയുമാണ് താല്ക്കാലികമായി അഡ്മിനിസ്ട്രേറററ് തിരുമേനി ഉപയോഗിച്ചുപോരുന്നതു. പേരിൽ 22 ഇടവകകൾ കണക്കു കൂട്ടാമെങ്കിലും 5 സ്ഥലങ്ങളിൽ മാത്രമേ പള്ളികളുള്ളൂ. മററുള്ള സ്ഥലങ്ങളിൽ തല്ക്കാലം പള്ളിക്കൂടങ്ങളിലും ഷെഡ്ഡുകളിലുമാണ് വിശുദ്ധകർബാന ചൊല്ലിപ്പോരുന്നതു. ഇനിയും എത്ര സ്ഥലങ്ങളിൽ പള്ളികൾ ഉണ്ടാകേണ്ടിയിരിക്കുന്നു! അതിവിസ്തൃതമായ ഈ പുതിയ രൂപതയിൽ ആകെയുള്ള വൈദികർ വെറും 30 മാത്രമാണ്. എത്രയെത്ര വൈദികർ ഇനിയും വേണ്ടിയിരിക്കുന്നു! ഭാവിവൈദികരാകുവാൻ ഭാഗ്യവശാൽ 20 പേർ മേജർ സെമ്മിനാരിയിലും 25 പേർ പെററിസെമ്മിനാരിയിലും പഠനം നടത്തുന്നുണ്ട്. പക്ഷെ അവരുടെ ചിലവുകൾ രൂപതയുടെ നാമമാത്രമായ സാമ്പത്തികകഴിവുകളെ ഭാരപ്പെടുത്തുന്നവയാണ്. അതുകൊണ്ടു കുടിയേററപ്രശ്നത്തെ സംബന്ധിച്ചു ഒരു പ്രായോഗികരംഗമാണ് നമ്മുടെ പ്രവർത്തനത്തിനായി മലബാറിൽ തുറക്കപ്പെട്ടിരിക്കുന്നതു.

"I have done my part in erecting the new diocese; the old Syrian Dioceses have to bring it up."—പുതിയ ഒരു രൂപതയെ സ്ഥാപിച്ചുതന്നതുകൊണ്ടു എന്റെ ഭാഗം ഞാൻ ചെയ്തുകഴിഞ്ഞു; അതിനെ വളർത്തിക്കൊണ്ടുവരേണ്ടതു പഴയ സുറിയാനിരൂപതകളുടെ കർത്തവ്യമാണ്—എന്നത്രെ നമ്മുടെ അത്യുന്നതകർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി ഈയിടെ പ്രസ്താവിച്ചതു. റീത്തുകളുടെ തിരുസംഘത്തിന്റെ മേധാവിയായ കർദ്ദിനാൾ തിരുമേനി നമുക്കോ നമ്മുടെ പരിതസ്ഥിതികൾക്കോ അപരിചിതനല്ല. ഈ അടുത്തകാലത്തു സ്നേഹപൂർവ്വം നമ്മെ സന്ദർശിച്ചു നമ്മുടെ കാര്യങ്ങളെല്ലാം നേരിൽ കണ്ടു മനസ്സിലാക്കിപ്പോയിട്ടുള്ള തിരുമേനിയുടെ പ്രസ്താവത്തിനു വളരെ അർത്ഥമുണ്ട്. തലശ്ശേരിരൂപതയുടെ കാര്യം കേരളത്തിലെ പഴയ 5 സുറിയാനിരൂപതകളുടേയും അതിലെ വൈദികരുടേയും അൽമായരുടേയും സ്വന്തംകാര്യമാണെന്നുള്ള വസ്തുതയാണ് അതിൽ തെളിഞ്ഞുകാണുന്നതു. പരിശുദ്ധസിംഹാസനത്തിൽനിന്നു പൊതുവായും പ്രത്യേകമായും നൽകപ്പെടാവുന്ന സഹായസഹകരണങ്ങളോടൊപ്പം നമ്മുടെ കഴിവനുസരിച്ചു ഉദാരമായ സഹായങ്ങൾ ആ രൂപതയ്ക്കുവേണ്ടി ചെയ്യണമെന്നാണ് ഇതിന്റെ സാരം. വളരെക്കാലത്തെ ന്യായയുക്തമായ നമ്മുടെ അപേക്ഷകളെ അംഗീകരിച്ചു നമ്മുടെ വികസനത്തി

നു നൽകപ്പെട്ടിട്ടുള്ള ആദ്യത്തെ ഒരു പരീക്ഷണരംഗമാണിതെന്നു നാം പ്രത്യേകം ധരിക്കണം. ധീരമതികളായ നമ്മുടെ യുവതീയുവാക്കന്മാർ ഇന്നു ഭാരതമാകെ വേദപ്രചാരപരമായ കൃത്യങ്ങളിൽ വ്യാപൃതരായിക്കഴിഞ്ഞിട്ടുണ്ടു്. അവർ ക്രിസ്തുവിന്റെ സൈന്യത്തിലെ നിരീക്ഷകവ്യൂഹംമാത്രമാണു്. സംഘടിതമായ പരിശ്രമത്തിനുള്ള രംഗങ്ങൾ ഇനിയും ഉണ്ടാകാനിരിക്കുന്നതേയുള്ളു. നമ്മുടെ മിഷ്യൻപ്രവർത്തനത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുതരുവാൻ പരിശുദ്ധസിംഹാസനം എപ്പോഴും തയാറാണെന്നു നാം കണ്ടുകഴിഞ്ഞു. നമ്മുടെ ഭാഗത്തുനിന്നുള്ള സംഘടിതവും ഫലപ്രദവുമായ പ്രവർത്തനപദ്ധതികളാണു്, ക്രിസ്തുവിന്റെ രക്ഷാകരമായ അഭിലാഷപൂർത്തിയെ സാർത്ഥകമാക്കുവാൻ ആവശ്യമായിരിക്കുന്നതു്.

### നമുക്കെന്തു ചെയ്യാം

ഒന്നാമതായി വേണ്ടതു നമുക്കു ധാരാളം പ്രവർത്തകരെയാണു്. കേരളം ഇന്നു ദൈവവിളിയുടെ വിളനിലമാണു്. പ്രതിവർഷം എത്രയെത്ര യുവതീയുവാക്കന്മാർ വിവിധ മിഷ്യൻരംഗങ്ങളിലേക്കു സധീരം കുതിച്ചുപായുന്നു! അവർ സർവ്വവും പരിത്യജിച്ചുകൊണ്ടാണു് യാത്രയാകുന്നതു്. എത്രയെത്ര യുവതീടന്മുകൾ അവരുടെ അഭിലാഷങ്ങൾ പൂർത്തിയാക്കുന്നതിനു മാർഗ്ഗമില്ലാതെ നിരാശരായിക്കഴിയുന്നു! ഇവർക്കെല്ലാം വേണ്ട പ്രവർത്തനസൗകര്യങ്ങൾ നാം സൃഷ്ടിക്കണം. നമുക്കു ആളുമാത്രം പോരാ; അർത്ഥവുമുണ്ടാകണം. ഇക്കാര്യത്തിൽ ശക്തിമത്തായ ഒരു ശുഭപ്രതീക്ഷ്വിശ്വാസത്തിനു പ്രഥമസ്ഥാനം നൽകേണ്ടിയിരിക്കുന്നു. സാമാന്യേന നമ്മുടെ കഴിവുകളിൽ അവിശ്വസിക്കുന്ന ഒരു മനോഭാവമാണു് നമുക്കുള്ളതു്. ത്യാഗസമന്വിതമായ ഒരു മനോഭാവവും സംഘടിതമായ പദ്ധതികളുമുണ്ടാവുകയാണെങ്കിൽ വലിയ കാര്യങ്ങൾ നിഷ്പ്രയാസം നമുക്കു ചെയ്യുവാൻകഴിയും. നമ്മുടെ ഓരോ സംരംഭങ്ങളും നോക്കുക. പാവപ്പെട്ടവരായ നാം ഇവിടെ എന്തെല്ലാം മഹൽക്കാര്യങ്ങളാണു് സാധിച്ചിട്ടുള്ളതു്? നമ്മുടെ മനോഹരമായ ഇടവകദേവാലയങ്ങൾ, നമ്മുടെ പള്ളിമുറികൾ, നമ്മുടെ വിദ്യാലയമന്ദിരങ്ങൾ, അനാഥശാലകൾ, ആതുരാലയങ്ങൾ, അച്ചുകൂടങ്ങൾ, പത്രികകൾ, മഠങ്ങൾ, കൊവേന്തകൾ മുതലായ നമ്മുടെ ഈ സ്ഥാപനങ്ങളെല്ലാം എവിടെനിന്നുണ്ടായി? നമ്മുടെ കഴിവുകൾ പരിമിതങ്ങളാണെങ്കിലും അവയെ അതിശയിക്കുന്ന നേട്ടങ്ങളല്ലയോ ഇവയെല്ലാം. അതുകൊണ്ടു് അത്യാവശ്യമായ ഒരു കാര്യം നടക്കണമെന്നു നമ്മുടെ ജനങ്ങൾ വിചാരിക്കുകയാണെങ്കിൽ അതു നടത്തുന്നതിനുള്ള കഴിവും മിടുക്കും നമ്മിലുണ്ടെന്നേയുണ്ടു്. സംഘടിതമായ പ്രവർത്തനം വേണം. അതുണ്ടെങ്കിൽ സമ്പത്തിക്ലേശം ദൈവാനുഗ്രഹത്താൽ ഒരു പ്രശ്നമേയല്ല എന്നുള്ള ശുഭപ്രതീക്ഷ്വിശ്വാസം നമ്മുക്കുണ്ടാകട്ടെ. നമ്മുടെ കൊച്ചുകൊച്ചു മിഷൻലീഗുകൾ ഇന്നു ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ എത്ര പ്രോത്സാഹനജനകങ്ങളാണെന്നു പ്രത്യേകം പറയേണ്ടല്ലോ. അവ പിഞ്ചുകിടാങ്ങളുടെ വിനോദാത്മകമായ പ്രവർത്തനംകൊണ്ടു് എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടു്.

### പ്രായോഗികപദ്ധതി

കേരളീയരായ നമുക്കു ഇന്നു വേദപ്രചാരപരമായി മൂന്നു പ്രധാനരംഗങ്ങളിലാണു് ശ്രദ്ധിക്കാനുള്ളതു്: മാനസാന്തരവേല, പുനരൈക്യപ്രസ്ഥാനം, കുടിയേററപ്രശ്നം. ഇവ മൂന്നും ഒരുപോലെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണു്. ഇവയുടെ പുരോഗതിക്കുവേണ്ടി നമ്മുടെ കഴിവുകളെയെല്ലാം ഒത്തിണക്കി ശരിയായ നിയന്ത്രണത്തോടും ഏകമനസ്സോടുംകൂടി മുന്നോട്ടുനീങ്ങണം. ഓരോ ഇടവകകളിലും സജീവമായ സംഘടനകൾ പ്രവർത്തിക്കണം. ഓരോ രംഗങ്ങളിലും പ്രവർത്തിക്കുന്നതിനു നമ്മുടെ യുവതീയുവാക്കന്മാരുടെ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും, വിവിധ സംഘടനകൾവഴി കഴിവുള്ളിടത്തോളം പണം സ്വരൂപിച്ചു ഫലപ്രദമായ വിധത്തിൽ അവ ഉപയോഗിക്കപ്പെടുകയും ചെയ്യണം. ഓരോ ഇടവകകളിലും സംഭരിക്കപ്പെടുന്ന തുകകൾ അതതു രൂപതാദ്ധ്യക്ഷന്മാർവഴി കൈകാര്യം ചെയ്യപ്പെടുകയാണെങ്കിൽ അതിന്റെ ഫലദായകമായ വിനിയോഗത്തെപ്പററി നമുക്കാശങ്കപ്പെടേണ്ടതില്ല. അതുപോലെ തന്നെ നാം സഹായിക്കുന്നതിനുദ്ദേശിക്കുന്ന രംഗങ്ങളിൽ അവിടെയുള്ള രൂപതാദ്ധ്യക്ഷന്മാർ വഴി നമ്മുടെ സഹായം നാം എത്തിച്ചുകൊടുക്കുകയാണെങ്കിൽ അതു ഏററവും കൂടുതൽ ആവശ്യമുള്ള കാര്യങ്ങളിൽ വിനിയോഗിക്കപ്പെടുകയും ചെയ്യുന്നതാണു്. ഇതാണു് കത്തോലിക്കാസഭയിൽ നടപ്പിലിരിക്കുന്ന രീതിയും.

അതുകൊണ്ടു് കുടിയേററപ്രശ്നത്തെപ്പററി നമ്മുടെ കർത്തവ്യങ്ങൾ യഥാവിധി മനസ്സിലാക്കി, മലബാറിൽ കുടിയേറിത്താമസിക്കുന്ന നമ്മുടെ സഹോദരന്മാർക്കു നാം ചെയ്യേണ്ടതായ സഹായസഹകരണങ്ങൾ ഉദാരമായും ഫലപ്രദമായും ചെയ്യുന്നതിനു് എല്ലാവരേയും ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### പരസ്നേഹപ്രവർത്തകരെ ഗവന്മെൻറ് പ്രോത്സാഹിപ്പിക്കണം

ജാതിമതഭേദമെന്യേ അവശരായ അനേകം വൃദ്ധജനങ്ങളെ കഴിഞ്ഞ കാൽശതാബ്ദക്കാലമായി സംരക്ഷിച്ചുപോരുന്ന ഒരു ജീവകാരുണ്യസങ്കേതമാണു് ചുണങ്ങംവേലി അഗതിമന്ദിരം. നിരാലംബരായ 642 പേരെ ഇതേവരെ ഈ സ്ഥാപനത്തിൽ സ്വീകരിച്ചു പരിചരിച്ചിട്ടുണ്ടു്. ആശുപത്രിയിൽനിന്നു പ്രക്ഷിക്കപ്പെട്ടവരേയും വഴിയിൽ ഗതിയില്ലാതെകിടന്നു വലയുന്ന പലരേയും മന്ദിരത്തിൽ സ്വീകരിച്ചു പരസ്നേഹത്തിന്റെ മാതൃകകളായ കന്യാകാമിനികൾ അവരെ സംരക്ഷിക്കുന്നു. അഭിജാതകുടുംബങ്ങളിൽ ജനിച്ചവരും സർവ്വകലാശാലാബിരുദധാരിണികളുമായ സഹോദരികളുൾപ്പെടെ സ്വയം ത്യജിച്ച കന്യാസ്ത്രീകൾ സംവേവയോധികശുശ്രൂഷയിൽ ഇവിടെ ഏർപ്പെട്ടിരിക്കുകയാണു്. നിസ്സഹായരായ സമസൃഷ്ടങ്ങളെ സഹായിക്കുവാൻ കേരളത്തിൽ ഇദംപ്രഥമമായി ആരംഭിച്ച കേന്ദ്രവും ഇതുതന്നെ. ദിവാന്മാരും മന്ത്രിമാരും ഉൾപ്പെടെയുള്ള അതതു കാലത്തെ ഭരണാധിപന്മാർ സാധുമന്ദിരം സന്ദർശിച്ചു വിലയേറിയ അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്.

ഉപവിയുടെ ഈ സഹോദരികൾ ഗ്രാമങ്ങളുടെ ഉൽപ്രദേശങ്ങളിൽ സഞ്ചരിച്ചു് സാധുരോഗികളെ ചികിത്സിച്ചു ഭേദപ്പെടുത്തിവരുന്നു. ഇതിനും പുറമെ ഒരു സാധുഡിസ്പെൻസറിയും സൗജന്യസഹായത്തിനായി ഇവിടെ സ്ഥാപിച്ചിട്ടുണ്ടു്. അഗതികളുടെ ഈ സഹോദരികൾ വീടുതോറും നടന്നു വാങ്ങുന്ന ധർമ്മവും ഗവന്മെൻറിൽനിന്നു ലഭിക്കുന്ന തുച്ഛമായ ഗ്രാൻറുതുകയുമാണു് ഈ മഹാസ്ഥാപനത്തിന്റെ മൂലധനം.

ഇപ്പോഴത്തെ സാമ്പത്തികതകർച്ചനിമിത്തം വീട്ടുപിരിവിൽനിന്നുള്ള വരവു കുറഞ്ഞിട്ടുണ്ടു്. ഒന്നൊന്നരക്കൊല്ലമായി ഗ്രാൻറുതുകയും മുടങ്ങിയിരിക്കുന്നു. അഗതികളുടെ ഈ സഹോദരികൾക്കുവേണ്ടി ശുപാർശചെയ്ത മുടങ്ങിയ ഗ്രാൻറുതുക ത്വരിതപ്പെടുത്തുവാൻ ആരുമില്ല. ഈ ദയനീയപരിതസ്ഥിതികളിൽ മന്ദിരനടത്തിപ്പിനു അധികൃതന്മാർ വല്ലാതെ വിഷമിക്കുന്നുണ്ടു്.

റൈററ് റവ. മോൺ. വല്യാറമ്പത്തിന്റെ നിരന്തരപരിശ്രമത്താൽ പുരോഗതിയിലേക്കു നീങ്ങുന്ന ഈ സ്ഥാപനത്തിനു ലഭിക്കുന്ന ഓരോ പൈസയും കഷ്ടതയനുഭവിക്കുന്ന മിത്രങ്ങൾക്കുവേണ്ടി ഫലപ്രദമായും പ്രയോജനകരമായും ചെലവാക്കുന്നുണ്ടു്. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഗവർമ്മെൻറു് ചുണങ്ങംവേലി സാധുമന്ദിരത്തിന്റെ മുടങ്ങിയ ഗ്രാൻറ് ഉടനെ നൽകുന്നതിലും കൂടുതൽ ഗ്രാൻറ് നൽകി പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

* * *

### തിരുക്കൊച്ചിയിലെ ഭൂവുടമ—അതിന്റെ ചില കണക്കുകൾ

ഭൂപരിധിനിർണ്ണയത്തെ പരാമർശിച്ചു് മി. എം. പി. ജോസഫ് ബി.എ. ബി. എൽ (റിട്ട കമ്മീഷണർ) എഴുതിയ ഒരു ലേഖനത്തിൽ തിരുകൊച്ചിയിലെ ഭൂവുടമയുടെ ചില കണക്കുകൾ കൊടുത്തിട്ടുള്ളതു് ഈ അവസരത്തിൽ വായനക്കാർ ഓർത്തിരിക്കുവാൻവേണ്ടി ഞങ്ങൾ ഉദ്ധരിക്കുന്നു:-

തിരുക്കൊച്ചി സംസ്ഥാനഗവമ്മെൻറു് നിയമിച്ചിരുന്ന ഭൂനയക്കമ്മററിയുടെ റിപ്പോർട്ടിൽ കൈവശം വയ്ക്കാവുന്ന പരമാവധി ഭൂമിയെപ്പററി ശുപാർശചെയ്തിരുന്നതിങ്ങനെയാണു്. ഇരുപ്പുനിലം 50 ഏക്കർ. ഒരുപ്പൂനിലം 75 ഏക്കർ. തെങ്ങിൻതോട്ടം 50 ഏക്കർ. മറെറല്ലാത്തരത്തിൽപ്പെട്ട കരഭൂമി (Dryland) 75 ഏക്കർ. 5 അംഗങ്ങളുള്ള ഒരു കുടുംബത്തിനു് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയാണു് ഇതു്. എസ്റ്റേററുകൾ, റബർ, തേയില, ഏലം, കാപ്പിത്തോട്ടങ്ങൾ, കായൽ നിലങ്ങൾ എന്നിവയുടെ കാര്യത്തിൽ കമ്മററി Exemption (ഒഴിവാക്കപ്പെടൽ) ശുപാർശചെയ്തിട്ടുണ്ടു്.

തിരുക്കൊച്ചിയിൽ ജെന്മിസമ്പ്രദായം നിലവിലില്ല. മുതലും ചില വ്യക്തികളുടേയോ ഗ്രൂപ്പുകളുടേയോ കൈവശം സ്ഥിരമായി ഭൂമി കുന്നുകൂടികിടപ്പുമില്ല. തിരുക്കൊച്ചിയിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഇടയിലും ഭൂമി ന്യായമായി വിതരണം ചെയ്യപ്പെട്ടിരിക്കുകയാണു്. ചില ഇടവകകളുടെ കാര്യത്തിൽ മാത്രമേ അതിനൊരു വ്യത്യസ്തതയുള്ളു. ഇടവകഭൂമികളുടെ ഉടമസ്ഥൻ സാങ്കേതികമായി നോക്കിയാൽ ഇടവക അധികാരിയാണെങ്കിലും, ഇടവകഭൂമിയുടെ പൂർണ്ണമായ ഉടമസ്ഥാവകാശം കുടിയാനവനിലാണു്. കുടിയാനവൻ ലാൻറു് റവന്യൂ ഒഴിച്ചു് കൂടുതലായി യാതൊന്നും കൊടുക്കേണ്ടതായിട്ടില്ല. ഇടവക കുടിയാനവന്മാർ എന്തെങ്കിലുമവശത അനുഭവിക്കുന്നതായി എന്റെ അറിവിൽപ്പെട്ടിട്ടില്ല. തിരുക്കൊച്ചിയിൽ കർഷകരാണു് ഭൂവുടമകൾ. കൈവശമുള്ള ഭൂമികൾ ചെറുതുമാണു്. തിരുവിതാംകൂറിൽ മൊത്തം 65ലക്ഷം ജനങ്ങളിൽ പതിനെട്ടുലക്ഷം മാത്രമാണു് പാട്ടദാരന്മാരുടെ സംഖ്യ. പാട്ടദാരന്മാർ കേവലം വ്യക്തികളല്ല, കുടുംബഘടകങ്ങളാണു്. അതിൽനിന്നു് എല്ലാ വിഭാഗങ്ങളുടെയും സമുദായങ്ങളുടേയും ഇടയിൽ ന്യായമായിട്ടാണു് ഭൂമിവിതരണം ചെയ്യപ്പെട്ടിരിക്കുന്നതെന്നു കാണാം. ഭൂമി കുന്നുകൂടിയിട്ടുണ്ടെങ്കിൽ അതു തിരുക്കൊച്ചിഗവമ്മെൻറിന്റെ കൈവശത്തിലുമാണു്.

ഇടവകക്കാരെ ഒഴിച്ചുനിർത്തിയാൽ, പിന്നെ വളരെയധികം ഇവിടെ ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അവരുടെ സംഖ്യ ഏററവും തുച്ഛവുമാണു്. തിരുക്കൊച്ചിയിലാകട്ടെ, 50 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ സംഖ്യ കേവലം 2370 മാത്രമാണെന്നു് ഭൂനയക്കമ്മററിയുടെ റിപ്പോർട്ടിൽ (പേജ് 129) പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽ 601 വലിയ റബർത്തോട്ടങ്ങളും തേയിലത്തോട്ടങ്ങളുമാണു്. പിന്നീടു് കൂടുതൽ കായൽനിലങ്ങളും കരിനിലങ്ങളുമത്രേ. അവയിൽ പ്രത്യേകസമ്പ്രദായത്തിലും വിപുലമായ തോതിലുമാണു് കൃഷി ചെയ്യേണ്ടതും. ഏകദേശം 6705 ഏക്കർ ഭൂമി ഹിന്ദുദേവസ്വങ്ങളുടേയും ട്രസ്റ്റുകളുടേയും കൈവശമുണ്ടു്. ഇതൊക്കെ ഒഴിച്ചുനിറുത്തിയാൽ പിന്നെ, 50 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ സംഖ്യ കേവലം 1000 മാത്രമായിരിക്കും.

* * *

### നിയമലംഘനപ്രസ്ഥാനം നാട്ടാപത്തായിതീർന്നിരിക്കുന്നു

നിയമംലംഘിച്ചു് ഉദ്ദിഷ്ടം സാധിക്കുവാനുള്ള വാസന വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് നാട്ടിനു് അതു് എത്ര വലിയ ആപത്താണെന്നുള്ള . ബോധം ജനഹൃദയങ്ങളിൽ ആഴമായി പതിയേണ്ടിയിരിക്കുന്നു. അതു സംബന്ധിച്ചു് "സഹോദരൻ" പത്രത്തിൽ എഴുതിയിരുന്ന ഒരു "കുറിപ്പു്" ശ്രദ്ധേയമാണു്. അതിലെ ചില ഭാഗങ്ങൾ ചുവടെ ചേർക്കാം.-

ഗാന്ധി നിയമലംഘനപ്രസ്ഥാനം തുടങ്ങിയപ്പോൾ അതുവരെ അദ്ദേഹത്തെ താങ്ങിയിരുന്ന ആനി ബെസൻറു് ആ പ്രസ്ഥാനത്തെ ശക്തിയായി എതിർക്കുകയുണ്ടായി. നിയമലംഘനവാസന ജനങ്ങൾക്കുണ്ടാകുന്നതു് ഭാവിയിൽ ആപല്ക്കരമായിരിക്കുമെന്നോ മറേറാ ആയിരുന്നു ബെസൻറിന്റെ വാദം. ഗാന്ധി നടത്തിയ മാതിരി നിയമലംഘനം ഒരു ആപദ്ധർമ്മംപോലെ സ്വീകാര്യമായാലും ബെസൻറു് പറഞ്ഞ ദോഷം നിയമലംഘനത്തിനുണ്ടെന്നു് സമ്മതിക്കാതെ തരമില്ല. നിയമലംഘനം ആകാമെങ്കിൽത്തന്നെ സാമാന്യഗതിക്കു വളരെ വിരളമായ വ്യത്യസ്തമായ അതു നടത്താവൂ. ഇപ്പോൾ നിയമലംഘനം ഒരു നാടോടിപ്രസ്ഥാനമായിരിക്കുകയാണു്. നിയമം അനുസരിക്കുന്നവർ ജനങ്ങളുടെ ദൃഷ്ടിയിൽ പിന്തിരിപ്പൻമാരും ലംഘിക്കുന്നവർ പുരോഗമനക്കാരുമാണു്. പാർട്ടി പ്രതിപക്ഷത്താണെങ്കിൽ പാർട്ടിക്കു ജനസമ്മതം കൂട്ടാൻ സത്യഗ്രഹമോ നിയമംലംഘിച്ചു് ജയിൽവരണമോ നടത്തുന്നതു് പാറിയ പണിയാണെന്നാണു് പാർട്ടിനേതാക്കന്മാരധികവും കരുതുന്നതു്. തിരുക്കൊച്ചിയിൽ തമിഴ്നാട്ടുകോൺഗ്രസ്സ് നേതാവു നേശമണി ഇവിടത്തെ പി. എസ്. പി ഗവർമ്മെൻറിനെതിരായി നിയമംലംഘിച്ചു് ജയിലിൽപ്പോകുന്ന അവസരത്തിലാണു് പി. എസ്. പി. നേതാവായ ലോഹ്യാ ഫറൂക്കാബാദിൽ കോൺഗ്രസ്സ് ഗവമ്മെൻറിനെതിരായി നികുതിനിഷേധം പ്രസംഗിച്ചു് അറസ്റ്റുവരിക്കുന്നതു്. നിയമലംഘനം സംബന്ധിച്ചു് എല്ലാ പാർട്ടിക്കുമുള്ള തത്വശാസ്ത്രം ഇവിടെ ഒന്നാണു്. ഭരിക്കുമ്പോൾ നിയമസമാധാനങ്ങൾ പാലിക്കുവാൻവേണ്ടി നിയമലംഘനത്തെ അമർത്തുക, പ്രതിപക്ഷത്തു നില്ക്കുമ്പോൾ നിയമലംഘനം കർത്തവ്യമായി കരുതുക. ഈ സ്ഥിതിഗതിയിൽ നിയമലംഘനപ്രസ്ഥാനത്തിന്റെ ഗുണദോഷചിന്ത പാർട്ടികൾക്കു വിടാൻ നിവൃത്തിയില്ല. ഭരിക്കുന്ന കക്ഷി ബെസൻറിനെ പ്രമാണമാക്കും. പ്രതിപക്ഷകക്ഷി ഗാന്ധിയേയും. കക്ഷിയില്ലാത്ത ജനങ്ങളുടെ ഇടയിലുള്ള വിവരമുള്ള ആളുകളുടെ പ്രചരണംകൊണ്ടേ നിയമലംഘനനാട്ടാപത്തു് ഇല്ലാതാകയുള്ളു. നിയമത്തോടുള്ള ആദരം കൊണ്ടു്, ഭയംകൊണ്ടല്ല നിയമം അനുസരിക്കുന്ന ശീലം പരിഷ്കൃതസമുദായജീവിതത്തിന്റെ ലക്ഷണമാണു്. അതില്ലാതെ സമാധാനപൂർവ്വമായ പുരോഗതിയും സ്വസ്ഥമായ സമുദായജീവിതവും സാദ്ധ്യമല്ല. ഓരോ പാർട്ടിനേതാക്കന്മാർക്കും ഓരോ ഭ്രാന്തുദയം ഉണ്ടാകുമ്പോൾ നിയമലംഘനം തുടങ്ങും. ഞാണിന്മേൽക്കളി കാണുന്ന പുരുഷാരത്തെപ്പോലെ ജനങ്ങൾ ആർപ്പുവിളിയും തുടങ്ങും. നിയമലംഘകനെ സമുദായശത്രുവായി കരുതുന്ന വളർച്ച ജനങ്ങൾക്കുണ്ടാകാതെ നിയമലംഘനദോഷ്ക്കുകൊണ്ടുള്ള ഉപദ്രവം ഒഴിയുകയില്ല. നിയമലംഘനവും ജയിലിൽപ്പോകും ധീരതയും ത്യാഗവുമാകണമെന്നില്ല. മിക്കപ്പോഴും അതു ചുരുവിൽ രാഷ്ട്രീയമൂലധനം നേടാനെടുക്കുന്ന വിദ്യയാണു. അതിൽ ധീരതയും ത്യാഗവും കാണിക്കുന്നുണ്ടെങ്കിൽ തന്നെ അതു നേതാക്കന്മാരല്ല, അവരുടെ പിന്നാലെപോകുന്ന സാധാരണക്കാരാണു്. പോലീസ്സ് മർദ്ദനവും മററും ചിലപ്പോൾ വേണ്ടിവന്നാൽ അതു പുറത്തും ജയിലിലും ഏല്ക്കേണ്ടിവരുന്നതു് നേതാക്കളല്ല, സാധാരണക്കാരാണല്ലോ. പരിഷ്കൃതമായ സമുദായജീവിതത്തിനു് ആവശ്യമായ ജനങ്ങളുടെ നിയമാനുസരണശീലം താറുമാറാക്കുന്ന എടുത്തുചാട്ടങ്ങളിലല്ല ശരിയായ ത്യാഗമുള്ളതു്, അനീതികൾ നീക്കാനും ആവശ്യങ്ങൾ സാധിക്കാനും നിയമത്തിനുള്ളിൽനിന്നു് വിവേകപൂർവ്വം ക്ഷമയോടുകൂടി പ്രവർത്തിക്കുന്നതിനു വേണ്ടിവരുന്ന നഷ്ടങ്ങളും പ്രയാസങ്ങളും സഹിക്കുന്നതിലാണു്.

* * *

### തിരുക്കൊച്ചിയിലെ ജനങ്ങളുടെ സാമ്പത്തികനില

തിരുക്കൊച്ചി നിയമസഭയിലെ ഇപ്പോഴത്തെ സമ്മേളനത്തിൽ ധനകാര്യമന്ത്രി ചെയ്ത ബഡ്ജററുപ്രസംഗത്തിൽ ഇവിടത്തെ ജനങ്ങളുടെ സാമ്പത്തികനിലയെപ്പററി നൽകിയിരിക്കുന്ന വസ്തു

തകൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണു്:-

രാജ്യത്തെ 55 ശതമാനം ജനങ്ങൾ കർഷകരാണു്. കൃഷിക്കുപയുക്തമായിട്ടുള്ളിടത്തോളം സ്ഥലങ്ങളിൽ കൃഷിചെയ്തുകഴിഞ്ഞു. രണ്ടു വിളവെടുക്കാവുന്ന കൃഷിസ്ഥലത്തിന്റെ കണക്കു് ആളൊന്നിക്കു് 104 സെന്റു നിലവും 21 സെന്റു കരഭൂമിയുമാണു്. ഈ അടിസ്ഥാനത്തിൽ 5.5 അംഗങ്ങളുള്ള ഒരു കുടുംബത്തിനു് 57 സെന്റു നിലവും 116 സെന്റു കരഭൂമിയുമേയുള്ളു. അങ്ങിനെ 173 സെന്റു് ഭൂമിയാണു് ആകെ ഒരു കുടുംബത്തിനു ലഭിക്കുന്നതു്. ഇതു ജീവിക്കാൻ തീത്തും മതിയാകാത്തതാണു്. നമ്മുടെ നാട്ടിലെ ദാരിദ്ര്യത്തിനും താഴ്ന്ന ജീവിതനിലവാരത്തിനുമുള്ള കാരണമിതാണു്. കൂടാതെ കൃഷിഭൂമി അങ്ങേയററം തുണ്ടുതുണ്ടായി വിഭജിച്ചതിന്റെ ഒരു സൂചനയുമാണു് ഇതു്.

ഈ നാട്ടിലെ ജനസംഖ്യയുടെ തോതനുസരിച്ചു് ഇവിടത്തെ ഭൂമിയിൽനിന്നു ലഭിക്കുന്ന ആദായം വളരെ കുറവാണെന്ന സംഗതി പലരും പൂണ്ണമായി മനസ്സിലാക്കിയിട്ടില്ല. കൃഷിഭൂമിയിൽ മൂന്നിലൊരുഭാഗം മററു ഭക്ഷ്യവിഭവങ്ങൾക്കായിട്ടുള്ളതാണു്. അവസാനഭാഗം എണ്ണക്കുരുക്കൾ, കാപ്പി, തേയില, ഏലം എന്നിവ കൃഷിചെയ്യപ്പെടുന്ന സ്ഥലമാണു്. പ്ലാന്റേഷനും ഫിഷറിസും ഉൾപ്പെടെ രാജ്യത്തു് ആകപ്പാടെയുള്ള ഉല്പാദനം ഇപ്പോഴത്തെ വിലവച്ചു നോക്കിയാൽ 138 കോടി രൂപാസ്സു വരും. അതിൽ 69 കോടി രൂപാ ഭക്ഷ്യധാന്യങ്ങൾക്കും 47 കോടി ക. മററു വിഭവങ്ങൾക്കും 22 കോടി ക. ഫിഷറിസ്, ഡെയറി എന്നിവയ്ക്കുമായി കണക്കാക്കാവുന്നതാണു്. അങ്ങിനെ ഒരാളുടെ കാർഷികവരുമാനം ആണ്ടിൽ 141 ക. യാണു്. വ്യാവസായികവരുമാനം ഇതിൽ പ്പെടുന്നില്ലെങ്കിലും ഈ സംസ്ഥാനം പ്രധാനമായും കർഷകരാജ്യമായതുകൊണ്ടു് മേൽക്കാണിച്ച സംഖ്യയിൽ കാര്യമായ മാററമൊന്നും ഉണ്ടാകുന്നതല്ല.

ഏതാനുംപ്രദേശങ്ങളിൽ വ്യാവസായികവികസനംകൊണ്ടു് പ്രയോജനമുണ്ടാകും. സംസ്ഥാനത്തെ കർഷകർ ആണ്ടുവട്ടം മുഴവൻ തൊഴിലുള്ളവരല്ല. നെൽകൃഷിക്കു മുഴവൻ സമയവും ശ്രദ്ധ ആവശ്യമില്ല. തെങ്ങിനും മററു ആദായകരമായ കൃഷികൾക്കും കാലികമായ ശ്രദ്ധചെലുത്തിയാൽ മതിയാകും. ചുരുക്കിപ്പറഞ്ഞാൽ ആണ്ടിൽ 8 മാസംമാത്രമേ കർഷകർ പ്രവത്തനനിരതരായിരിക്കുന്നുള്ളു. ശേഷിച്ച നാലുമാസങ്ങളിൽ അവർ മിക്കവാറും അലസരായി കഴിയുകയാണു്. പ്രവത്തനരഹിതമായ ആ കാലം തുടർച്ചയായിട്ടുള്ളതല്ല. ചിലപ്പോൾ ഒന്നോ രണ്ടോ ദിവസത്തേക്കായിരിക്കും തുടർച്ചയായി പണിയില്ലാത്തതു്. ഇങ്ങനെ ഇടവിട്ടു പ്രവൃത്തിയില്ലാത്തതിനാൽ ഒരു നിശ്ചിതകാലത്തേക്കു് കർഷകക്കു വ്യവസായശാലകളിൽ പണിചെയ്യാൻ സാദ്ധ്യമല്ലാതെ വരുന്നു. തന്മൂലം കർഷകന്റെ ജീവിതനിലവാരം ഉയർത്തുവാനുള്ള ഏതൊരു പദ്ധതിയും അയാൾ വെറുതെയിരിക്കുന്ന ഘട്ടങ്ങളിൽ ഒന്നുകിൽ അയാളുടെ കുടുംബത്തിൽതന്നെയോ, അഥവാ സമീപപ്രദേശങ്ങളിലോ ജോലി ചെയ്യാൻ പയ്യാപ്തമായവിധത്തിലുള്ളതായിരിക്കണം.

—o—




പന്തക്കു: 8-ാം ഞായർ

# നശ്വരങ്ങളെക്കൊണ്ടു് അനശ്വരങ്ങളെ ആർജ്ജിക്കുക

സുവിശേഷം—വിശുദ്ധ ലൂക്കാ 16:1—9

"അനന്തരം അവിടുന്നു തന്റെ ശിഷ്യരോടരുളിച്ചെയ്തു: ധനവാനായ ഒരു മനുഷ്യനു ഒരു കാര്യസ്ഥൻ ഉണ്ടായിരുന്നു. ഈ കാര്യസ്ഥൻ അവന്റെ ധനമെല്ലാം ദുർവ്യയം ചെയ്യുന്നു അവനറിവുകിട്ടി. ആകയാൽ അവനെ അളയച്ചുവരുത്തി അവനോടു് പറഞ്ഞു: നിന്നെപ്പററി ഞാൻ ഈ കേൾക്കുന്നതെന്താണു്? ഇനിമേൽ നീ എനിക്കു കാര്യസ്ഥനായിരിക്കാൻ പാടില്ലാത്തതു



യജമാനൻ കാര്യസ്ഥനോടു കണക്കു ചോദിക്കുന്നു

കൊണ്ടു്, നിന്റെ കാര്യസ്ഥതയുടെ കണക്കുതരിക. ഇതുകേട്ടു് ആ കാര്യസ്ഥൻ ഇങ്ങനെ ആത്മഗതംചെയ്തു: യജമാനൻ എന്റെ കാര്യസ്ഥത എന്നിൽനിന്നെടുത്തു കളയുമെന്നതിനാൽ ഇപ്പോൾ ഞാൻ എന്താണു് ചെയ്യേണ്ടതു്? കിളയ്ക്കുവാൻ എനിക്കു ശക്തിയില്ല. ഭിക്ഷയാചിക്കുക എനിക്കു ലജ്ജാകരമാണു്. കാര്യസ്ഥതയിൽനിന്നു ഞാൻ നിഷ്കാസിതനാകുമ്പോൾ, ജനങ്ങൾ തങ്ങളുടെ ഭവനങ്ങളിൽ എന്നെ സ്വീകരിക്കേണ്ടതിനു എന്തുചെയ്യണമെന്നെനിക്കറിയാം. അനന്തരം അവൻ തന്റെ യജമാനന്റെ കടക്കാരെ ഓരോരുത്തരായി വിളിച്ചുവരുത്തി, ഒന്നാമത്തവനോടു്, നീ എന്റെ യജമാനനു എന്തുകൊടുക്കുവാനുണ്ടു് എന്നു ചോദിച്ചു. നൂറു ചോതന എണ്ണ എന്നവൻ പറഞ്ഞപ്പോൾ, ഇതാ



നൂറുചോതന എന്നതു വെട്ടി അമ്പതെന്നാക്കുക

നിന്റെ പ്രമാണം; വേഗം അവിടെ ഇരുന്നു് (ഇതിൽ) അമ്പതെന്നെഴുതുക, എന്നു് അവനോടു് പ്രതിവചിച്ചു. അനന്തരം രണ്ടാമത്തവനോടു്, നീ എന്തു കൊടുക്കാനുണ്ടു്? എന്നു ചോദിച്ചു. നൂറുപറ ഗോതമ്പു് എന്നവൻ മറുപടിപറഞ്ഞപ്പോൾ, ഇതാ നിന്റെ കടപ്പത്രം. (ഇതിൽ) എൺപതെന്നെഴുതുക എന്നവനോടു പ്രത്യുത്തരിച്ചു. വഞ്ചകനായ ഈ കാര്യസ്ഥൻ തന്റെ



നൂറു പറ എന്നതു വെട്ടി എമ്പതാക്കുക

പ്രവൃത്തിയിൽ കാണിച്ച വിവേകംനിമിത്തം യജമാനൻ അവനെ പ്രശംസിച്ചു. ഈ ലോകത്തിന്റെ സന്താനങ്ങൾ തങ്ങളുടെ നടപടികളിൽ പ്രകാശത്തിന്റെ സന്താനങ്ങളേക്കാൾ തീർച്ചയായും വിവേകമുള്ളവരാകുന്നു. എനിക്കു നിങ്ങളെ ഉപദേശി



നശിച്ചുപോകുന്ന ധനംകൊണ്ടു നിത്യഭാഗ്യം സമ്പാദിക്കുക

ക്കാനുള്ളതു് ഇതാണു്: അനീതിപരമായ ധനം ഉപേക്ഷിച്ചു പോകേണ്ടിവരുമ്പോൾ നിത്യവസതിയിൽ നിങ്ങൾക്കു സ്വാഗതം അരുളേണ്ടതിനായി അതു കൊണ്ടു നിങ്ങൾ സ്നേഹിതന്മാരെ സമ്പാദിച്ചുകൊള്ളുവിൻ."

പിതാവു്:- ഇന്നത്തെ സുവിശേഷത്തിലെ കഥ എല്ലാവക്കും പിടിച്ചുകാണും, ഇല്ലേ?

ജോണി:- ബലേ, ബേഷ്! അവൻ മിടുമിടുക്കൻ. ഞാൻ ആദ്യം കരുതി അവൻ തെണ്ടിയതുതന്നെ, എന്നു്.

ലൂസി:- അപ്പച്ചാ, പക്ഷെ അവൻ ചെയ്തതു ശരിയായോ? വഞ്ചനയല്ലേ അവന്റെ പ്രവൃത്തി?

മേരി:- അവനു ജീവിക്കേണ്ടേ? അവൻ അങ്ങിനെ അല്ലാതെ എന്തുചെയ്യും?

പിതാവു്:- കൊള്ളാം. നിങ്ങളുടെ ആശയങ്ങളെല്ലാം എനിക്കു മനസ്സിലായി. ഇത്തരത്തിലൊക്കെയാണു് ഇന്നു വളരെ ആളുകൾ ചിന്തിക്കുന്നതും പ്രവത്തിക്കുന്നതും. ചില ആളുകളുണ്ടു്, എത്ര നീതികേടായ മാർഗ്ഗത്തിലായാലും വേണ്ടതില്ല, അവരുടെ കാര്യം നേടണം. എന്നാൽ അവക്കു സന്തോഷമായി. കളവു ചെയ്തും, തട്ടിപ്പറിച്ചും, കൊലപാതകം നടത്തിയും അവർ മററുള്ളവരെ അപഹരിക്കും. പോലീസു് പിടികൂടിയില്ലെങ്കിൽ അവർ ജയിച്ചു എന്നാണു് ഭാവം. എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും ഏററം ചെറിയ പാതകത്തെപ്പോലും നീതിയോടുകൂടി വിധിക്കുന്നവനുമായ ഒരു ദൈവം അവരെ കാണുന്നുണ്ടെന്നു അവക്കു വിചാരമില്ല. അവിടുത്തെ നിത്യശിക്ഷയെപ്പററി അവക്കു ഭയമില്ല. അവരുടെ പ്രവൃത്തി ബുദ്ധിപൂവ്വകമാണോ?

ലൂസി:- ഒരിക്കലുമല്ല. അതാണു് ഞാൻ പറഞ്ഞതു്.

പിതാവു്:- വേറൊരു കൂട്ടരുണ്ടു്. അവർ അവരുടെ കുററങ്ങൾ നീതീകരിക്കുന്നവരാണു്. ഞാൻ മോഷ്ടിച്ചില്ലെങ്കിൽ എന്റെ വീടു പട്ടിണിയാകും. കുഞ്ഞുങ്ങൾ കഷ്ടപ്പെടും. എന്റെ വ്യാപാരത്തിൽ വഞ്ചനകാണിച്ചില്ലെങ്കിൽ ലാഭം കിട്ടുകയില്ല. പിന്നെ ഞാനെന്തിനീ പണിക്കുപോകണം? എന്റെ യജമാനനു ധാരാളം പണമുണ്ടു്. അയാളെ തട്ടിച്ചാലല്ലാതെ എന്റെ ആവശ്യത്തിനു പണം കിട്ടുകയില്ല. ഈ ന്യായങ്ങൾ പറഞ്ഞു അന്യന്റെ സ്വത്തപഹരിച്ചാൽ അതു നീതിയാകുമോ?

മേരി:- അതില്ല. എങ്കിലും....

പിതാവു്:- എന്താണു്, എങ്കിലും... മേരി! നമ്മുടെ ആവശ്യങ്ങൾ നിവത്തിക്കുന്നതിനാണെന്നു പറഞ്ഞു നമുക്കു മററുള്ളവരുടെ എന്തെങ്കിലും സാധനം എടുക്കാമോ?

മേരി:- അതു പാടില്ല.

പിതാവു്:- ഒരിക്കലും പാടില്ല. നമുക്കുള്ളതുകൊണ്ടു് നാം തൃപ്തിപ്പെടണം. നമുക്കില്ലെങ്കിൽ ന്യായമായവിധത്തിൽ ഉണ്ടാക്കുന്നതിനു ശ്രമിക്കണം. ദൈവസഹായത്തോടുകൂടി പരിശ്രമിച്ചാൽ ദൈവം നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും വേണ്ടവ നമുക്കു തരും. ചുരുക്കത്തിൽ നാം എല്ലാ കാര്യത്തിലും നീതിബോധമുള്ളവരായിരിക്കണം. വഞ്ചകനായ ആ കാര്യസ്ഥനെ കണ്ടുപഠിക്കരുതു്.

ലൂസി:- അപ്പച്ചാ, സുവിശേഷത്തിന്റെ അവസാനത്തിൽ ഈശോ ആ കാര്യസ്ഥന്റെ പ്രവൃത്തി ബുദ്ധിപൂവ്വമായിരുന്നു എന്നല്ലേ പറയുന്നതു്?

പിതാവു്:- ഈശോ ആ ബുദ്ധി ഏതുതരത്തിലുള്ളതാണെന്നു പിന്നീടു് സൂചിപ്പിക്കുന്നില്ലേ? ലോകത്തിന്റെ സന്താനങ്ങളുടെ ബുദ്ധിയാണതു്; പ്രകാശത്തിന്റെ സന്താനങ്ങളുടെ ബുദ്ധിയല്ല. പ്രകാശത്തിന്റെ സന്താനങ്ങളുടെ ബുദ്ധി ഏതുതരത്തിലുള്ളതായിരിക്കണമെന്നും ഈശോ അവിടെ പറയുന്നില്ലേ? നശിച്ചുപോകുന്ന ലോകത്തിന്റെ ധനംകൊണ്ടു് നശിച്ചുപോകാത്ത സ്വർഗ്ഗീയസമ്പാദ്യം ഉണ്ടാക്കുന്നതാണു് ആ ബുദ്ധി. അതാണു് ശരിയായ വിവേകം. മനസ്സിലായില്ലേ?

ജോണി:- ഉവ്വു്. ഞാൻ പെട്ടെന്നു തെററിദ്ധരിച്ചുപോയി.

For Favours Received

Through Sr. Alphonsa

T. C. Cherian
Photographer
& Ex- Recruiter
Perumanoor, Ernakulam

റവ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. പ്രസിദ്ധീകരിപ്പാൻ താമസിച്ചതിനു ക്ഷമാപണം.

സി. തങ്കമ്മ ജോൺ
തൃശ്ശൂർ

ലൂർ്ദുമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.


മിസ്സിസ് എൻ. ഐ. തോമസ്,
തൃശ്ശൂർ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

E. C. Antony
Perinkunnu

For favours received



Kurian Parakal B. A.
Angamaly

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

1 ഞാ: പന്തക്കുസ്താ 8-ാം ഞായർ
2 തി: അൽഫോൻസ് ലിഗോരി
3 ചൊ: എസ്തപ്പാനോസിന്റെ ശരീരം കണ്ടെത്തൽ
4 ബു: ഡൊമനിക്കോസ്
5 വ്യാ: മഞ്ഞുമാതാവിന്റെ പള്ളികൂദാശ
6 വെ: കത്താവു് മറുരൂപനായതു്
7 ശ: ഡൊനാത്തോസ്

സെൻറു് വിൻസെൻറു ഡി പോൾ സഖ്യം

# അംഗങ്ങൾ

(ഡേവിഡ് മഹാപിള്ള)

(തുടർച്ച)

അംഗങ്ങൾ സാധുക്കളെ എത്ര നിസ്സാരമായ തോതിലായാലും സഹായിക്കുവാൻ കഴിവുള്ളവരായിരിക്കണമെന്നു് 1-ാം വകുപ്പിന്റെ വിശദീകരണം ആവശ്യപ്പെടുന്നു. പ്രസ്തുത വകുപ്പിൽ പറയുന്നതുപോലെ, പരസ്നേഹപ്രവൃത്തികളിൽ ഭാഗഭാക്കാകുന്നതിനു് ഇതാവശ്യമായിരിക്കുന്നു. സാധാരണ യോഗങ്ങളിലെ രഹസ്യപ്പിരിവിലേക്കു എന്തെങ്കിലും കൊടുക്കുവാൻ കഴിവുള്ളവർ എന്നേ ഇതിനർത്ഥമുള്ളു. ഇതു ഗൗനിക്കാത്ത പക്ഷം സഹായം കൊണ്ടുവരുന്നതിനുപകരം അവർ കോൺഫറൻസിൽനിന്നു സഹായം ആവശ്യപ്പെടുന്നവരാം. അതു പലവിധതെററിദ്ധാരണകൾക്കും ചിലപ്പോൾ അപവാദത്തിനും കാരണമാകാവുന്നതാണു്. "പണസംബന്ധമായ ബുദ്ധിമുട്ടുകൾക്കതീതരല്ലാത്തവരെ അംഗങ്ങളായി ചേർക്കുന്നതു യോഗ്യമോ? എന്നു കൗൺസിൽ ജനറലിനോടു് പലപ്പോഴും ചോദിക്കാറുണ്ടു്. അതിനു നിഷേധാത്മകമായ മറുപടിയാണു് എല്ലായ്പോഴും കൊടുത്തിട്ടുള്ളതു്." കൗൺസിൽ ജനറൽ 1-ാംവകുപ്പിനു നൽകിയിട്ടുള്ള ഈ വിശദീകരണം ചിലരിൽ ചില ചിന്താകുഴപ്പങ്ങൾക്കു കാരണമാകാം. സാമ്പത്തികമായി സുസ്ഥിതിയിലുള്ളവർ—രഹസ്യപ്പിരിവിലേക്കു ഗണ്യമായവിധം സംഭാവന കൊടുക്കുവാൻ കഴിവുള്ളവർ—ആയിരിക്കണം അംഗങ്ങൾ എന്ന ഒരു ധാരണ ചിലരിലുണ്ടു്. പ്രവർത്തകരുടെ രഹസ്യപ്പിരിവുകൊണ്ടുതന്നെ കോൺഫറൻസിന്റെ ചിലവുകൾ നടത്തപ്പെടണമെന്ന പ്രാരംഭത്തിലെ നടപ്പും, പില്ക്കാലത്തു്, കോൺഫറൻസിന്റെ രഹസ്യപ്പിരിവു മററു വരവിന്റെ ഗണ്യമായ ഒരനുപാതമായിരിക്കണമെന്നുള്ള കൗൺസിൽ ജനറലിന്റെ നിലയും ഈ ധാരണയ്ക്കു ഉപോൽബലകമായി ഉന്നയിക്കപ്പെടുന്നു. ഇതു അല്പം അതിരുകടന്ന ഒരു വ്യാഖ്യാനമാണു്. സാമ്പത്തികകഴിവു കുറഞ്ഞവരും എന്നാൽ സേവനസന്നദ്ധരും സൽഗുണസമ്പന്നരുമായിട്ടുള്ളവരെ ഒഴിച്ചുനിർത്തണമെന്നു സഖ്യത്തിനു ഒരിക്കലും അഭിപ്രായമുണ്ടായിട്ടില്ല. കൗൺസിൽ ജനറൽ പറഞ്ഞിട്ടുണ്ടു്: "സഖ്യത്തിൽ ചേരുന്നതിനു് സമ്പത്തുകൊണ്ടു് അനുഗൃഹീതരായിരിക്കണമെന്നില്ലെന്നുള്ളതു നിസ്സന്ദേഹമത്രെ. തത്സംബന്ധമായി ആ കോൺഫറൻസിന്റെ പ്രവർത്തനസ്ഥലത്തെ സാഹചര്യങ്ങൾ അവഗാഢം പരിഗണിക്കേണ്ടതാണു്. ഒരു കുഗ്രാമത്തിലെയും നഗരത്തിലെയും സ്ഥിതി ഒന്നായിരിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഒരംഗം എന്തെങ്കിലും എത്ര നിസ്സാരമായിരുന്നാലും, സാധുസഹായത്തിനായി ചെയ്യാൻ കഴിവുള്ളവനായിരിക്കണം, ഒരിക്കലും സഖ്യത്തിൽനിന്നു സഹായിക്കപ്പെടുവാൻ തക്ക നിലയിലുള്ളവനായിരിക്കരുതു്. ഇതിനു വിപരീതമായ പ്രയോഗത്തിൽനിന്നുണ്ടാകാവുന്ന അസൗകര്യങ്ങൾ ആർക്കും സുഗ്രാഹ്യമാണല്ലോ." (മാനുവൽ)

സഖ്യത്തിൽ പ്രവർത്തകാംഗമായി ചേർന്നു് എല്ലാവിധ ചുമതലകളും പ്രവർത്തനങ്ങളും വേണ്ടപോലെ നിർവ്വഹിക്കുവാൻ കഴിവും സൗകര്യവുമില്ലാത്തവർക്കു പ്രോത്സാഹകാംഗങ്ങളായി ഇതിലെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ആദ്ധ്യാത്മികഫലങ്ങളിലും മററും ഭാഗഭാക്കാകുകയും ചെയ്യാവുന്നതാണു്. പ്രോത്സാഹകാംഗങ്ങളും സാമാന്യമായിട്ടെങ്കിലും സജീവകത്തോലിക്കാജീവിതം നയിക്കുന്നവരായിരിക്കണം. മാസത്തിലോ, ആണ്ടിലോ എന്തെങ്കിലും ക്ലിപ്തതുക സഖ്യത്തിനു നൽകുകയും, സഖ്യത്തിന്റെ പൊതുയോഗങ്ങളിലും തിരുനാളുകളുടെ ദിവ്യപൂജയിലും മററും സംബന്ധിക്കുകയും ചെയ്യണം. "പ്രോത്സാഹകാംഗങ്ങളും യഥാർത്ഥത്തിൽ നിയമമനുസരിച്ചു് സഖ്യത്തിന്റെ അംഗങ്ങൾ തന്നെയാണു്. ഇവർ പ്രവർത്തകാംഗങ്ങളാകുവാൻ ആവശ്യപ്പെട്ടാൽ നിഷേധിക്കുക വിഷമമത്രെ. സഖ്യത്തിനു നൽകപ്പെട്ടിട്ടുള്ള വിപുലമായ ദണ്ഡവിമോചനങ്ങൾക്കു ഇവരും അവകാശികളാണു്. ഇക്കാരണങ്ങളാൽ ഇവരും പ്രവർത്തകാംഗങ്ങൾക്കുള്ള വ്യവസ്ഥയിൽതന്നെ സഖ്യത്തിൽ ചേർക്കപ്പെടണം." (മാനുവൽ) എന്തെങ്കിലും വരിസംഖ്യതരുന്ന ഏതുതരം കത്തോലിക്കാ പുരുഷന്മാരേയും പ്രോത്സാഹകാംഗങ്ങളാക്കുന്ന പതിവാണു് ഇപ്പോൾ മിക്ക കോൺഫറൻസുകളിലുമുള്ളതു്. ഇതു തെററാണെന്നു മേൽ കാണിച്ചിട്ടുള്ളതിൽനിന്നുതന്നെ വ്യക്തമാണല്ലോ. ഇവരെയും പ്രവർത്തകാംഗങ്ങളുടെ കാര്യത്തിലെന്നപോലെ, ഒരു യോഗത്തിൽ പ്രസ്താവിക്കുകയും, പിറേറയോഗത്തിൽ, അവരെ സ്വീകരിക്കുന്നതിൽ ആക്ഷേപമില്ലെങ്കിൽ, അന്നു അംഗങ്ങളാക്കുകയുമാണു വേണ്ടതു്. (നിയമം 55-ാം വകുപ്പും വിശദീകരണങ്ങളും നോക്കുക)

കോൺഫറൻസിൽനിന്നും വീട്ടു് അകലെ താമസിക്കുവാൻ ഇടയാകുന്ന ഒരംഗത്തിനു കത്തുമൂലം അംഗമായി തുടരാവുന്നതാണു്. ഇങ്ങനെയുള്ളവരെ "കത്തുമൂലമുള്ള അംഗങ്ങൾ" എന്നു പറയും. (54-ാം വകുപ്പും വിശദീകരണങ്ങളും നോക്കുക)

വൈദികർക്കു് ഇതിൽ പ്രവർത്തകാംഗങ്ങളായി ചേരാമോയെന്നു സംശയിക്കുന്നവരുണ്ടു്. അങ്ങനെ പാടില്ലെന്നു നിയമത്തിലില്ല; ആകാമെന്നു കൗൺസിൽ ജനറൽ വിശദമാക്കിയിട്ടുമുണ്ടു്. എന്നാൽ അവർക്കു് സാധാരണ അംഗം എന്നു പോരാ "ബഹുമാന്യഅംഗം" എന്നു പറയണമെന്നത്രെ കൗൺസിൽ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതു്. (മാനുവൽ) പ്രോത്സാഹകാംഗങ്ങളുടെ ഗണത്തിൽ ചേരുന്ന ഒരു വൈദികൻ വരിസംഖ്യ കൊടുക്കണമോയെന്നു ചിലർ സംശയിക്കാറുണ്ടു്. രഹസ്യപ്പിരിവുമൂലം കോൺഫറൻസു് ഫണ്ടിനെ പോഷിപ്പിക്കുന്ന പ്രവർത്തകാംഗങ്ങളൊഴിച്ചു് മറെറല്ലാ അംഗങ്ങളും വരിക്കാരും ക്ലിപ്തസംഖ്യ കൊടുക്കണമെന്നു് നിയമം (55-ാംവകുപ്പു്) ഖണ്ഡിതമായി പറയുന്നുണ്ടു്. ഇതു ദണ്ഡമോചനങ്ങൾക്കുള്ള വ്യവസ്ഥകളിൽ പെടുന്നതുമാണു്. ഇങ്ങനെ നോക്കുമ്പോൾ വൈദികർ ഇതിൽനിന്നും ഒഴിവാക്കപ്പെടുന്നില്ലെന്നു സ്വയം വ്യക്തമാണല്ലോ.

മേൽ വിവരിച്ചതരത്തിലുള്ള അംഗങ്ങളാകുവാൻ അവകാശമില്ലാത്തവർക്കു്—പ്രത്യേകിച്ചും സ്ത്രീകൾക്കും അകത്തോലിക്കർക്കും—വരിക്കാർ എന്ന നിലയിൽ ഇതിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും, ആദ്ധ്യാത്മികഗുണങ്ങൾ പ്രാപിക്കുകയും ചെയ്യാവുന്നതാണു്. (56-ാം വകുപ്പും വിശദീകരണവും നോക്കുക.)

## കൃതജ്ഞത

വി. 10-ാംപീയൂസിന്റെ മാദ്ധ്യസ്ഥത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു കൃതജ്ഞത.

കെ എ. ഔസേപ്പു്.

തിരുസഭാചരിത്രം 38

# രണ്ടാംശതാബ്ദത്തിലെ വിശ്വാസസംരക്ഷകർ

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

ആദിമശതാബ്ദങ്ങളിലെ ക്രിസ്തുമതപീഡനത്തിന്റെ പിന്നിൽ റോമൻ സാമ്രാജ്യാധികാരത്തിന്റെ ക്രൂരഹസ്തങ്ങളാണു് പ്രവർത്തിച്ചിരുന്നതെങ്കിലും സാമ്രാജ്യത്തിലെ എല്ലാ പൗരവിഭാഗങ്ങളും അതിൽ പങ്കാളികളായിരുന്നു. ജനക്കൂട്ടത്തിന്റെ അക്രമങ്ങളും, ഭരണകൂടത്തിന്റെ മർദ്ദനങ്ങളുംപോലെതന്നെ ക്രിസ്തുമതവിരോധികളായ തത്വജ്ഞാനികളുടെ നിശിതമായ ആക്ഷേപശരങ്ങളും വിതണ്ഡാവാദങ്ങളും പീഡനത്തിനു മൂർച്ചകൂട്ടി. ക്രൈസ്തവപ്രേഷിതന്മാർ സുവിശേഷപ്രചരണത്തിനായി തൂലികയെ ആയുധമാക്കിത്തുടങ്ങിയ പ്പോൾ പ്രതിപക്ഷവും പുതിയമതത്തെ ചെറുക്കുവാൻ അതേ ആയുധംതന്നെ പ്രയോഗിക്കുന്നതിൽ ഉൽസുകരായി. അക്രൈസ്തവപണ്ഡിതന്മാരുടെ ആരോപണങ്ങളെയും അവർ ക്രിസ്ത്യാനികളെപ്പററി പ്രചരിപ്പിച്ചിരുന്ന അപവാദങ്ങളെയും ഖണ്ഡിച്ചു് സഭയേയും വിശ്വാസത്തേയും സംരക്ഷിക്കുവാൻവേണ്ടി രണ്ടും മൂന്നും ശതാബ്ദങ്ങളിൽ പല ക്രൈസ്തവപണ്ഡിതന്മാർ രംഗപ്രവേശം ചെയ്തു. ഇവരെ വിശ്വാസസംരക്ഷകന്മാർ (Apologists) എന്നു വിളിച്ചുവരുന്നു. ഇവരുടെ കൃതികളെ അപ്പോളജിസ് (Apologies) എന്നു പറയുന്നു.

ഈ ഗ്രന്ഥങ്ങളിൽ പലതും സമകാലികരായ റോമാചക്രവർത്തിമാരുടെ പേർക്കോ ഭരണാധിപന്മാരായ പ്രോകോൺസൽമാരുടെപേർക്കോ എഴുതി സമർപ്പിക്കപ്പെട്ടിട്ടുള്ളവയാണു്. മററു ചിലതു് രണ്ടു പക്ഷക്കാർ തമ്മിലുള്ള വാദപ്രതിവാദരീതിയിലും എഴുതപ്പെട്ടിരിക്കുന്നു. തെർത്തുല്യനു മുൻപുള്ള ക്രൈസ്തവഗ്രന്ഥകാരന്മാരെല്ലാവരും ഗ്രീക്കുഭാഷയിലാണു് ഗ്രന്ഥരചന നടത്തിയിരുന്നതു്.

സഭാസംരക്ഷകന്മാരായ ഈ എഴുത്തുകാരിൽ ആദ്യത്തെ ആൾ ക്വാഡ്റേററസ് (Quadratus) എന്നു പേരായ ഒരു ഗ്രീക്കുപ്രേഷിതനാണു്. ഹാഡ്രിയൻ ചക്രവർത്തി ആതൻസ് നഗരം സന്ദർശിച്ച അവസരത്തിൽ ക്വാഡ്റേററസ് തന്റെ ഗ്രന്ഥം അദ്ദേഹത്തിനു സമർപ്പിക്കുകയുണ്ടായി. ഈ ഗ്രന്ഥം ഇന്നു് അവശേഷിക്കുന്നില്ലെങ്കിലും അതിൽനിന്നു് ചില ഭാഗങ്ങൾ യൂസേബിയൂസ് എന്ന സഭാചരിത്രകാരൻ ഉദ്ധരിക്കുന്നുണ്ടു്. പെല്ലായിലെ അരിസ്റ്റോ (Aristo) എന്ന ക്രൈസ്തവഗ്രന്ഥകാരന്റെ കൃതിയെപ്പററിയും യൂസേബിയൂസിൽനിന്നാണു് നമുക്കു് അറിവു ലഭിക്കുന്നതു്. അലക്സാണ്ട്റിയാക്കാരനായ ഒരു യഹൂദനും ജേസൺ (Jason) എന്നു പേരായ ഒരു യഹൂദക്രിസ്ത്യാനിയും തമ്മിലുള്ള ഒരു സംവാദത്തിന്റെ രീതിയിൽ എഴുതപ്പെട്ടിരിക്കുന്ന പ്രസ്തുത കൃതിയിൽ യഹൂദവൽക്കരണപ്രസ്ഥാനത്തിന്റെയും സമകാലികരായ ക്രിസ്തുമതവിരോധികളുടെയും വാദങ്ങളെ ഖണ്ഡിച്ചിരിക്കുന്നു. ആതൻസുകാരനായ അരിസ്റ്റയിഡ്സ് (Aristides) എന്ന ക്രൈസ്തവതത്വജ്ഞാനിയുടെ കൃതിയാണു് ഇന്നു് അവശേഷിച്ചിട്ടുള്ള ക്രിസ്തുമതതത്വസ്ഥാപനകൃതികളിൽ (Apalogies) വച്ചു് ഏററം പഴക്കമുള്ളതു്. മേൽപറയപ്പെട്ട ക്വാഡ്റേററസിന്റെയും അരിസ്റ്റോയുടെയും കൃതികൾ നഷ്ടപ്പെട്ടുപോയി. അരിസ്റ്റയിഡ്സിന്റെ ഗ്രന്ഥത്തിൽ മനുഷ്യജാതിയെ നാലായി വിഭാഗിച്ചിരിക്കുന്നു. അതിൽ കിരാതന്മാർ പ്രകൃതിശക്തികളെ ആരാധിക്കുന്നു; ഗ്രീക്കുകാർ മനുഷ്യന്റെ ജഡികാസക്തികളിൽ ദിവ്യത്വം ആരോപിക്കുന്നു. യഹൂദന്മാർ പഴകിയ ആരാധനക്രമത്തിന്റെ ബാഹ്യമുറകളിൽമാത്രം വ്യാപരിക്കുന്നു. എന്നാൽ നാലാംവിഭാഗമായ ക്രിസ്ത്യാനികൾ മാത്രം ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു. യഥാർത്ഥസത്യവും സന്മാർഗ്ഗവും ക്രിസ്ത്യാനികളിൽ മാത്രമേ കാണുവാനുള്ളു. പുരാതനക്രിസ്ത്യാനികളുടെ ആകർഷകമായ ഒരു ചിത്രീകരണത്തോടുകൂടി ഗ്രന്ഥം സമാപിക്കുന്നു. ഈ ഗ്രന്ഥം അന്തോനിനൂസ് പീയൂസ് (Antoninus Pius) എന്ന റോമാ ചക്രവർത്തിക്കാണു് സമർപ്പിക്കപ്പെട്ടതു്.

രണ്ടാംശതാബ്ദത്തിന്റെ പ്രാരംഭഘട്ടത്തിലെ ഏററം പ്രമുഖനും പ്രശസ്തനുമായ ഗ്രന്ഥകാരൻ (Apologist) വി. ജസ്റ്റിൻ ആണു്. A. D. 100-നും 110-നും ഇടയ്ക്കു് അക്രൈസ്തവരും ഗ്രീക്കുവംശജരുമായ മാതാപിതാക്കന്മാരിൽനിന്നു് സമേറിയായ്ക്കടുത്ത സിക്കെം (Sychem) എന്ന സ്ഥലത്തു് അദ്ദേഹം ജനിച്ചു. അന്നു് പ്രചാരത്തിലിരുന്നിരുന്ന വിവിധതത്വശാസ്ത്രങ്ങളിൽക്കൂടി സത്യം കണ്ടെത്തുവാൻ ജസ്റ്റിൻ ചെയ്ത പരിശ്രമങ്ങളെല്ലാം പരാജയമടഞ്ഞു. ഒടുവിൽ സത്യവും മനശ്ശാന്തിയും അദ്ദേഹം ക്രിസ്തുമതത്തിലാണു കണ്ടെത്തിയതു്. അന്തോനിനൂസ് (Antoninus) ചക്രവർത്തിയുടെ ഭരണകാലത്തു് അദ്ദേഹം റോമാനഗരത്തിൽ എത്തിച്ചേരുകയും അവിടെ പ്രഖ്യാതമായ ഒരു വിദ്യാലയം സ്ഥാപിക്കുകയുംചെയ്തു. ജസ്റ്റിൻ രചിച്ചതായ മൂന്നു മതതത്വഗ്രന്ഥങ്ങൾ (apologies) നമുക്കു ലഭിച്ചിട്ടുണ്ടു്. ആദ്യത്തേതു് അന്തോനിനൂസ് ചക്രവർത്തിക്കും, രണ്ടാമത്തേതു് റോമൻ സെനററിനും സമർപ്പിക്കപ്പെട്ടിരിക്കുന്നു. മൂന്നാമത്തേതു് ട്രൈഫോ (Trypho) എന്നു പേരായ ഒരു യഹൂദനുമായുള്ള സംവാദമാണു്. ആദ്യത്തെ രണ്ടു ഗ്രന്ഥങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരായി ഉന്നയിക്കപ്പെട്ടിരുന്ന അപവാദങ്ങളെയും നിരീശ്വരത്വം, അസാന്മാർഗ്ഗികത്വം തുടങ്ങിയ സത്യവിരുദ്ധമായ ആരോപണങ്ങളേയും ജസ്റ്റിൻ സമർത്ഥമായി ഖണ്ഡിക്കുന്നു. ചക്രവർത്തിക്കു സമർപ്പിക്കപ്പെട്ട ഗ്രന്ഥത്തിൽ ജസ്റ്റിൻ രാജസ്ഥാനത്തെ പരിപൂർണ്ണമായി ആദരിച്ചുകൊണ്ടും എന്നാൽ ഏററം നിർഭയനായും ക്രിസ്ത്യാനികളുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി ശക്തിയുക്തം വാദിക്കുന്നു. ക്രിസ്ത്യാനിയായിരിക്കുക എന്നുള്ളതുപോലും ശിക്ഷാർഹമായ ഒരു കുററമാക്കുന്ന റോമൻ രാജ്യനിയമത്തോടെതിരായി ജസ്റ്റിൻ പ്രതിഷേധസ്വരം ഉയർത്തുന്നു. അദ്ദേഹം ക്രിസ്ത്യാനികൾക്കുവേണ്ടി ചക്രവർത്തിയോടു് കരുണയാചിക്കുകയല്ല ചെയ്യുന്നതു്, പ്രത്യുത തീക്ഷ്ണമായ അവകാശബോധത്തോടുകൂടി ന്യായവാദം ചെയ്യുകയാണു്.

ദൈവശാസ്ത്രദൃഷ്ട്യാ ജസ്റ്റിന്റെ കൃതികൾ അമൂല്യങ്ങളാണു്. പുരാതനസഭയിലെ ദിവ്യകർമ്മാനുഷ്ഠാനങ്ങളുടെ രീതിയെയും വിശ്വാസസത്യങ്ങളുടെ വികസനത്തേയും സംബന്ധിച്ചു് വിലയേറിയ അറിവു് അവയിൽനിന്നു നമുക്കു ലഭിക്കുന്നു. തത്വജ്ഞാനത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും സങ്കേതങ്ങൾക്കു ക്ലിപ്തമായ രൂപം കൈവന്നിട്ടില്ലാതിരുന്ന കാലഘട്ടത്തിൽ എഴുതപ്പെട്ടവയായിരുന്നതുകൊണ്ടു് ജസ്റ്റിന്റെ ഗ്രന്ഥങ്ങളിൽ ചില സ്ഖലിതങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നാണു് പണ്ഡിതാഭിപ്രായം. ദൈവമായ പുത്രൻ പിതാവിനു കീഴ്പ്പെട്ടവനായിരുന്നു എന്നു് അദ്ദേഹം വിശ്വസിച്ചിരുന്നതായി തോന്നിപ്പോകുന്നു. ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയിലും ജസ്റ്റിൻ വിശ്വസിച്ചിരുന്നു. ട്രൈഫോയുമായുള്ള സംവാദം യഹൂദന്മാർക്കെതിരായി എഴുതപ്പെട്ടിട്ടുള്ളതാണു്. ചിരപ്രതീക്ഷിതനായ മിശിഹായെ സംബന്ധിച്ചുള്ള പ്രവചനങ്ങളെല്ലാം ക്രിസ്തുവിൽ അക്ഷരംപ്രതി നിറവേറിയിരിക്കുന്നു എന്നു് അദ്ദേഹം സമർത്ഥിക്കുന്നു. ജസ്റ്റിന്റെ ഭാഷാശൈലിയിൽ വളരെ ന്യൂനതകളുണ്ടെന്നും, അദ്ദേഹത്തിന്റെ പ്രതിപാദനരീതിയിൽ ശരിയായ അടുക്കോ ക്രമമോ ഇല്ലെന്നും വിമർശകന്മാർ അഭിപ്രായപ്പെടുന്നു. മേൽവിവരിച്ച ഗ്രന്ഥകാരന്മാരുടെ കൃതികൾകൊണ്ടു് പറയത്തക്ക ഫലസിദ്ധിയുണ്ടായില്ല. ന്യായവാദംകൊണ്ടു് ചക്രവർത്തിമാരിൽ ഹൃദയപരിവർത്തനമുണ്ടാക്കാമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ ഹാഡ്റിയാന്റെ വിചാരശൂന്യതയും അന്തോനിനൂസിനു് റോമൻ ദേശീയമതത്തോടുണ്ടായിരുന്ന പ്രതിപത്തിയും അതിനു് പ്രതിബന്ധമായിനിന്നു.

## സംഭവകഥകൾ

### ആ പട്ടണം എന്റേതാകണം

മാസിഡോണിയായിലെ ഫിലിപ്പുരാജാവിനെ ആതൻസുനഗരിയിലെ ഡെമസസ് എന്ന ന്യായാധിപൻ ഒരു ദിവസം മുഖം കാണിച്ചു. തദവസരത്തിൽ രാജാവു പറഞ്ഞു:- "ഞാൻ നിങ്ങളുടെ മനോഹരമായ ആ നഗരത്തെപ്പററി വളരെ കേട്ടിട്ടുണ്ടു്. അതിനെപ്പററി കൂടുതൽ അറിയുവാൻ എനിക്കു അഭിവാഞ്ഛയുണ്ടു്. ഡെമസസിന്റെ മറുപടി ഇപ്രകാരമായിരുന്നു:- "തിരുമേനി, അതു കേട്ടതു വാസ്തവംതന്നെ. പക്ഷേ അതിന്റെ മാഹാത്മ്യം കണ്ടറിയേണ്ടതാണു്. അതിനെപ്പററി വർണ്ണിക്കുക അസാദ്ധ്യമാണു്." രാജാവിന്റെ നിർബന്ധത്താൽ ന്യായാധിപൻ കുറെക്കൂടി വിവരിച്ചു കേൾപ്പിച്ചു: പട്ടണവാസികളുടെ സമ്പൽസമൃദ്ധിയേയും, കെട്ടിടങ്ങളുടെ ആകർഷകത്വത്തേയും, വിജ്ഞാനത്തിൽ പൗരന്മാരുടെ സമ

നതസ്ഥാനത്തേയും മററുംപററി സശ്രദ്ധം കേട്ടപ്പോൾ ഉദ്ധേചിത്തനായി രാജാവു പറഞ്ഞുപോയി, "എന്തുതന്നെയായാലും ആ പട്ടണം എനിക്കു കരസ്ഥമാക്കണം," എന്നു്.

## പരിശുദ്ധാത്മപ്രിയുടെ ഗേഹം

"ലെയോനിഡസു്" എന്നായിരുന്നു ആ ധന്യാത്മാവിൻെറ നാമധേയം. മൂന്നാംനൂററാണ്ടിൻെറ ആരംഭദശയിൽ ജീവിച്ചിരുന്ന ഇദ്ദേഹം, സെവേരുസു് ചക്രവത്തി അഴിച്ചുവിട്ട നിഷ്ഠുരമായ മതപീഡനവേളയിൽ സത്യവിശ്വാസസംരക്ഷണാത്ഥം രക്തസാക്ഷിമകുടം ചൂടി. ഇദ്ദേഹത്തിൻെറ അരുമസന്താനമായിരുന്നു, മഹാപണ്ഡിതനും, വിശ്വവിശ്രുതനുമായ ഓറിജൻ (Origen)· പിതാവിൻെറ ഒരു പതിവായിരുന്നു, ഉറങ്ങിക്കിടക്കുന്ന തൻെറ ഓമനസുതനെ അവൻെറ ഹൃദയഭാഗത്തു് ചുംബിക്കുകയെന്നതു്. ഇതേപ്പററി ആരെങ്കിലും അദ്ദേഹത്തോടു് ചോദ്യംചെയ്താൽ അദ്ദേഹം നൽകിയിരുന്ന മറുപടി ഇതായിരുന്നു:- "നിങ്ങൾക്കറിഞ്ഞുകൂടെ, എൻെറ മകൻെറ ശരീരം പരിശുദ്ധാത്മപ്രിയുടെ ആവാസസ്ഥലമാണെന്നു്."

## നമുക്കും കഴിയും ദൈവത്തെ സ്നേഹിക്കുവാൻ

ബ്രദർ ഗിൽസ് അസ്സീസി പുണ്യവാൻെറ ഒരുത്തമ ശിഷ്യനായിരുന്നു. അദ്ദേഹം ഒരുദിവസം ബൊനവൻതുരാ മല്പാനെ സമീപിച്ചു് ആവലാതി പറയുകയാണു് ഇപ്രകാരം:- "പിതാവേ, അങ്ങു് മഹാ ഭാഗ്യവാനാണു്. എന്തെന്നാൽ മഹാ പണ്ഡിതനായ അവിടുത്തേക്കു കഴിയും, ദൈവത്തെ കൂടുതലായി അറിയുന്നതിനും, തദനുസരണം അവിടുത്തെ സേവിക്കുന്നതിനും. എന്നാൽ ഞങ്ങളുടെ സ്ഥിതി വളരെ പരിതാപകരംതന്നെയാണു്. ദൈവത്തിൻെറ നന്മയ്ക്കനുസരണമായി, ഈ അജ്ഞരായ ഞങ്ങൾ കെന്തുചെയ്യുവാൻ കഴിയും? വിശുദ്ധനായ മല്പാൻെറ മറുപടി ഇങ്ങനെയായിരുന്നു!! സഹോദരാ, സ്വർഗ്ഗപ്രാപ്തിക്കു ദൈവസ്നേഹമാണു് ഏററവും പററിയ മാർഗ്ഗം. ഒരു വിജ്ഞാനിയെപ്പോലെ—പലപ്പോഴും അതിലും ഉപരിയായി—ദൈവത്തെ സ്നേഹിക്കുന്നതിനു് കഴിയും ഒരു സാധാരണക്കാരനു്." ഇതുകേട്ടു പ്രത്യാശാഭരിതനായ ഗിൽസ്, തുള്ളിച്ചാടി തെരുവീഥിയിലേക്കു് ഓടി വിളിച്ചുപറയുകയാണു്:- "നിഷ്കപടരായ തൊഴിലാളികളേ, കേട്ടാലും. വലിയ വലിയ പണ്ഡിതരെപ്പോലെതന്നെ—പോരാ അവരിലും കൂടുതലായി—നമുക്കും കഴിയും ദൈവത്തെ സ്നേഹിക്കുവാൻ."

## ചോദ്യോത്തരപംക്തി

ചോ: കർബാനയുടെ ആദിമുതൽ അന്ത്യംവരെ ഒരാൾ പള്ളിയിലുണ്ടു്. എന്നാൽ അവിടെ നടക്കുന്ന തിരുകമ്മങ്ങളെപ്പററി ചിന്തിക്കാതെ പല വിചാരങ്ങളിൽ മുഴുകി ഇരുന്നാൽ, അയാൾ കടം നിറവേററുന്നുണ്ടോ? പാപമാകുമോ?

കർബാനയ്ക്കു പുറമെയുള്ള സമയങ്ങളിൽ ഒരാൾ ഇങ്ങനെ "ആകാശക്കോട്ടകൾ കെട്ടുന്ന" ചിന്തകളിൽ വ്യാപൃതനായിരുന്നാൽ അതും പാപമാകുമോ?

ഉ: കർബാന ശരിക്കു കാണുന്നതിനു ശാരീരികസാന്നിധ്യം, ശ്രദ്ധ ഇവ അവശ്യഘടകങ്ങളാണു് നമ്മുടെ കത്താവു് ഗാഗുൽത്തായിൽ അപ്പിച്ച അതേബലിതന്നെ സാരാംശത്തിൽ വ്യത്യാസമില്ലാതെ വൈദികകരങ്ങളാൽ തൻെറ പരമപിതാവിനു സമപ്പിക്കപ്പെടുന്നുവെന്നുള്ള വിശ്വാസത്തോടെ പള്ളിയിൽ സമാഗതനായി അവിടെ നടക്കുന്ന ദൈവികവും മഹനീയവുമായ കമ്മങ്ങളോടു് മാനസികമായെങ്കിലും യോജിച്ചുകൊണ്ടും അതിനു സഹായകങ്ങളായ മുട്ടുകുത്തു്, കുരിശുവരയ്ക്കൽ, തലയെങ്കിലും കുനിച്ചുകൊണ്ടുള്ള കർബാന ഉയത്തുന്ന സമയങ്ങളിലുള്ള ആരാധന, പിഴയിടി, വിശ്വാസപ്രമാണം, ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞമറിയം മുതലായ ജപോച്ചാരണം, പീഡാനുഭവധ്യാനം മുതലായവയാൽ പ്രസ്തുത ശ്രദ്ധ സജീവമാക്കണം.

അല്ലാതെ ആദ്യവസാനം യാതൊരു ശ്രദ്ധയുമില്ലാതെ പലവിചാരങ്ങളിൽത്തന്നെ മുഴുകിയിരുന്നാൽ, അയാൾ ദൈവത്തെ ബഹുമാനിക്കയല്ല, അപമാനിക്കയത്രെ ചെയ്യുന്നതു്. ഈ പലവിചാരങ്ങൾ സ്വയമെ അശുദ്ധവിചാരങ്ങളെങ്കിൽ ഇരട്ടി പാപവുമാകും.

എന്നാൽ മനുഷ്യബലഹീനതനിമിത്തം വന്നുപോകുന്ന പലവിചാരങ്ങളെങ്കിൽ, അവയെ മനഃപൂർവ്വം സ്വാഗതം ചെയ്കയോ വെച്ചുപുലത്തുകയോ ചെയ്യാതെ ഉടനുടൻ തള്ളിക്കളഞ്ഞു ശ്രദ്ധ ദിവ്യബലിയിലേക്കു തിരിച്ചുവിടണം. ഇതിനു സഹായകമായിട്ടത്രെ ബലിപീഠത്തിന്മേൽ സാമാന്യം എല്ലാവക്കും ദൃശ്യമായവിധം നമ്മുടെ കത്താവിൻെറ ക്രൂശിതരൂപം സ്ഥാപിതമായിരിക്കുന്നതു്.

മററു സമയങ്ങളിൽ സ്വയമെ അശുദ്ധങ്ങളല്ലാത്ത "ആകാശക്കോട്ട ചിന്താഗതി"കളിൽ വ്യാപരിക്കുന്നവർ പാപം പിഴയ്ക്കുന്നില്ല, പ്രത്യുത, വിലയേറിയ സമയം വ്യത്ഥമാക്കിക്കളയുന്നു

—o—

# മരിയവത്സരമഞ്ജരി

### സൂനം 16

ദൈവത്തെ നാം ബഹുമാനിക്കുന്നതു ആരാധന വഴിയായിട്ടാണു്. വിശുദ്ധന്മാരെ ബഹുമാനിക്കുന്നതിനു വണക്കമെന്നാണു് പറയുക. ദൈവത്തെ നാം ആരാധിക്കുന്നതിനു കാരണം അവിടുന്നു നമ്മുടെ സ്രഷ്ടാവും രക്ഷകനും പരമാന്ത്യവുമാകയാലത്രെ. വിശുദ്ധന്മാരെ നാം വണങ്ങുന്നതു് അവരുടെ പ്രകൃത്യതീതമായ സ്ഥാനമാഹാത്മ്യംകൊണ്ടും, ആത്മീയമാ



യ പുണ്യപരിപാകതകൊണ്ടും, വിശുദ്ധമായ അവരുടെ പദപ്രാപ്തികൊണ്ടുമത്രെ. "മറെറല്ലാ വിശുദ്ധന്മാരിലും ഉപരിയായി ഏററം പരിശുദ്ധകന്യകമറിയത്തെ പുത്രനിർവ്വിശേഷമായ ഭക്തിയോടുകൂടി വിശ്വാസികൾ ബഹുമാനിക്കണം" എന്നു കാനോൻ നിയമമുണ്ടു്. മറിയത്തിൻെറ നേക്കു പ്രദശിപ്പിക്കപ്പെടേണ്ട ഈ പ്രത്യേക വണക്കത്തിൽ അതിൻെറ കാരണവും, അതു പ്രകടിതമാക്കേണ്ട രീതിയായ പ്രാത്ഥനയും, അനുകരണവും പ്രത്യേകം ശ്രദ്ധാർഹങ്ങളാണു്.

### മാതൃവണക്കം

പരിശുദ്ധ കന്യകമറിയത്തിൻെറ നേക്കു നാം പ്രത്യേകവണക്കം കാണിക്കുന്നതിനുള്ള കാരണം ദൈവം ഈ അമ്മയുടെമേൽ വർഷിച്ചിട്ടുള്ള അമൂല്യങ്ങളും അതിസ്വാഭാവികങ്ങളുമായ അനുഗ്രഹദാനങ്ങളാണു്. ഉദാ: അവിടുത്തെ ദിവ്യമാതൃത്വം, അമലോത്ഭവം, വരപ്രസാദപൂർണ്ണത, ശാരീരികസ്വർഗ്ഗാരോപണം, രക്ഷണീയകമ്മത്തിലുള്ള ഭാഗഭാഗിത്വം, സകല അനുഗ്രഹങ്ങളുടേയും മദ്ധ്യസ്ഥത മുതലായവ. പരിശുദ്ധകന്യകമറിയംതന്നെ "മാഗ്നിഫിക്കാത്തു്" എന്ന ദൈവസ്തുതിഗീതത്തിൽ ഈ അനർഘദാനങ്ങളെ പ്രകീത്തിക്കുന്നുണ്ടു. സത്യത്തിൻെറ പ്രകാശനമായ എളിമയിൽ ദൈവത്തിൻെറ ദാനങ്ങളെ ഏററുപറയുന്ന മറിയം ദൈവം എത്രമാത്രം തന്നെ ബഹുമാനിച്ചിരിക്കുന്നു എന്നുള്ള വസ്തുതയ്ക്കും പ്രകാരാന്തരേണ സാക്ഷ്യം വഹിക്കുകയാണു്. ദൈവം സവ്വസൃഷ്ടികളേക്കാൾ ഉപരിയായി മറിയത്തെ ബഹുമാനിച്ചതുകൊണ്ടു മറിയം എല്ലാവരുടേയും വണക്കത്തിനു യോഗ്യയായിരിക്കുന്നു. ആകാശവും ഭൂമിയും അവിടുത്തെ സ്തുതിച്ചുവണങ്ങുന്നു.

വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം സത്യവിശ്വാസത്തിൻെറ ഒരു സിദ്ധാന്തമാണു്. സവ്വോപരി പരിശുദ്ധ കന്യകമറിയത്തിൻെറ മാദ്ധ്യസ്ഥം അപേക്ഷിക്കണമെന്നു തിരുസഭ ഉൽബോധിപ്പിക്കുന്നു. കാരണം നമ്മുടെ ആദ്ധ്യാത്മികജീവിതത്തിനു ദൈവവരപ്രസാദം അവശ്യം ആവശ്യമായ ഒരു ഘടകമാണു്. അതു കൂടാതെ ആത്മരക്ഷയുടെ കാര്യത്തിൽ നമുക്കൊന്നും ചെയ്യാൻ കഴിയുകയില്ല. മറിയ രക്ഷണീയകമ്മത്തിൽ സഹരക്ഷകയായിരിക്കുന്നതുകൊണ്ടു വരപ്രസാദദാനത്തിൽ മറിയത്തിനുള്ള മാദ്ധ്യസ്ഥശക്തി എല്ലാവിധ അനുഗ്രഹങ്ങളേയും ഉൾക്കൊള്ളുന്നു. മാത്രമല്ല പരിശുദ്ധകന്യകമറിയത്തിൻെറ മാദ്ധ്യസ്ഥം നാം തേടുമ്പോൾ ദൈവപിതാവിൻെറ അടുത്തു മനുഷ്യവർഗ്ഗത്തിൻെറ ഏകമദ്ധ്യസ്ഥനായിരിക്കുന്ന മിശിഹായെ അവിടുത്തെ ഏററം പ്രിയ മാതാവു വഴി നാം സമീപിക്കുകയാണു് ചെയ്യുന്നതു്. വിശുദ്ധന്മാരുടെയും ദൈവദൂതന്മാരുടേയും മാദ്ധ്യസ്ഥത്തിൽ സംപ്രീതനാകുന്ന അവിടുന്നു എത്രകൂടുതലായി ഈ മാദ്ധ്യസ്ഥത്തെ ബഹുമാനിക്കാതിരിക്കയില്ല.

വണക്കത്തിൻെറ അവശ്യമായ ഒരു പ്രകടനമാണു് അനുകരണം. വിശുദ്ധന്മാരിൽ കാണുന്ന സൽഗുണങ്ങളെ നമ്മിൽ പകത്തുന്നതിനു പരിശ്രമിക്കാത്തിടത്തോളംകാലം അവരോടു നമുക്കു വണക്കമുണ്ടെന്നു പറയുന്നതു് നിരത്ഥകമാണു്. പരിശുദ്ധകന്യകമറിയത്തെ യഥാർത്ഥമായി നാം വണങ്ങണമെങ്കിൽ ആ അമ്മയിലുള്ള വിശിഷ്ടഗുണങ്ങളെ നമ്മുടെ ജീവിതത്തിൽ നാം അനുകരിക്കണം. ദൈവമാതാവിൻെറ അസാധാരണമായ പുണ്യപൂർണ്ണതകളെ അതേപടി നമ്മിൽ പകത്തുക സാദ്ധ്യമല്ല. എന്നാൽ നമ്മുടെ പരിമിതികൾക്കും കഴിവുകൾക്കും അനുസരിച്ചു ഈ അമ്മയുടെ കാല്പാടുകളെ നമുക്കനുഗമിക്കാം. ഈ അനുകരണാസക്തിയാണു് അമ്മയോടുള്ള നമ്മുടെ സ്നേഹത്തിൻേറയും വണക്കത്തിൻേറയും ഏററം പ്രകടമായ തെളിവു്. "മറിയത്തിൻെറ നേതൃത്വത്തിൽ മിശിഹായുമായുള്ള ഐക്യത്തിലേക്കു നീങ്ങുന്നതാണു്" യഥാത്ഥ മരിയഭക്തി എന്നാണു് പരിശുദ്ധപിതാവു് 12-ാംപീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു്. അതുകൊണ്ടു ദൈവത്തിൻെറ സൃഷ്ടിയിൽ നന്മപൂർണ്ണയും മനോഹരിയുമായിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തെ ബഹുമാനിക്കുകയും, മറിയത്തിൻെറ മാതൃസഹജമായ മദ്ധ്യസ്ഥതയിൽ ശരണംതേടുകയും, മനോഹരങ്ങളായ ഈ അമ്മയുടെ ഗുണഗണങ്ങളെ തമ്മിൽ പകത്തുകയും ചെയ്യുന്നതിനു വേണ്ട അനുഗ്രഹങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം:-

**വണക്കത്തിനു് ഏററം യോഗ്യയായ കന്യകേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

### സൂനം 17

പരിശുദ്ധ കന്യകമറിയത്തെ വ്യക്തിഗതമായവിധത്തിൽ വണങ്ങേണ്ടതിനെപ്പററി മുൻഅഭിധാനത്തിൽ നാം കണ്ടു. മറിയം പരസ്യമായ വണക്കത്തിനു അതിമാത്രം അർഹയാണു്. പരിശുദ്ധാത്മപ്രിയാൽ പൂരിതയായ മറിയം തന്നെ "മാഗ്നിഫിക്കാത്തു്" എന്ന വിശുദ്ധ കീത്തനത്തിൽ ഇതു പ്രകടമാക്കുന്നുണ്ടു്. "എല്ലാ തലമുറകളും എന്നെ അനുഗ്രഹീത എന്നു വിളിക്കും"എന്നാണല്ലോ അതിൽ മറിയം പ്രഖ്യാപിക്കുന്നതു്. ഈ സ്തുതിക്കു മറിയം അർഹയാണെന്നുള്ളതു് മനുഷ്യബുദ്ധിയും വിശ്വാസവും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു. തിരുസഭയുടെ ഇന്നുവരെയുള്ള ചരിത്രം ഈ വസ്തുതയ്ക്കു പ്രകടമായ തെളിവാണു്.

### പരസ്യവണക്കം

ആരാധന ദൈവത്തിനു മാത്രം അർഹമായ വണക്കമാണു്. അതു പരസ്യമായി പ്രകാശിപ്പിക്കപ്പെടുന്നതു ദൈവത്തിൽ വിശ്വസിക്കുന്നതിൻേറയും ദൈവത്തിൻെറ പരമാധീശത്വത്തെ ഏററുപറയുന്നതിൻേറയും ഔദ്യോഗികവും പ്രസ്പഷ്ടവുമായ പ്രകാശനവും സ്ഥിരീകരണവുമാണു്. മാനുഷികകണ്ണുകൾക്കെത്തുപെടാത്ത അദൃശ്യലോകത്തെപ്പററിയും ഭൗതികത്വമനോഭാവത്തിനു വിലയിരുത്തുവാൻ സാദ്ധ്യമല്ലാത്ത ആദ്ധ്യാത്മികമൂല്യങ്ങളെപ്പററിയും അതു വിശ്വാസപ്രഖ്യാപനം നടത്തുകയാണു്. പഞ്ചേന്ദ്രിയങ്ങൾക്കു അനുഭവവേദ്യമായ ഭൂതാത്മകമായ കാര്യങ്ങളിൽമാത്രം സവ്വ ശ്രദ്ധയും നിക്ഷേപിക്കുകയും മനുഷ്യനെ ഒരു വെറും മൃഗമായി തരംതാഴ്ത്തി ലോകവസ്തുക്കളിൽ മാത്രം ആമഗ്നമാക്കുന്നതിനു വെമ്പൽകൊള്ളുകയുംചെയ്യുന്ന ആധുനികാബദ്ധസിദ്ധാന്തങ്ങൾക്കെതിരായുള്ള ഒരു വെല്ലുവിളിയാണതു്. പരസ്യാരാധന ആദ്ധ്യാത്മികമായ വിശ്വാസത്തിൻെറ ശക്തിമത്തായ ഒരു പ്രചോദനവും പ്രചാരണവുമാണു്. അനേകസഹസ്രം വരുന്ന ഒരു ജനത പരസ്യാരാധന നടത്തുമ്പോൾ ഏതു മനുഷ്യഹൃദയത്തെയാണു് അതു ശക്തിയായി സ്പർശിക്കാത്തതു്? സ്വർഗ്ഗത്തിൽ ഈ പ്രചോദനപ്രവാഹം എങ്ങിനെ പ്രവത്തിക്കുന്നു എന്നു വിശുദ്ധ യോഹന്നാൻ അദ്ദേഹത്തിൻെറ വെളിപാടുകളിൽ വർണ്ണിച്ചിരിക്കുന്നു.

ദൈവാരാധനയിൽതന്നെ പ്രതിഫലിക്കുന്ന ഒരു പ്രകടനമാണു് വിശുദ്ധന്മാക്കുവേണ്ടി നടത്തപ്പെടുന്ന പരസ്യവണക്കം. വിശുദ്ധന്മാർ വിശുദ്ധന്മാരായിരിക്കുന്നതും വണക്കത്തിനർഹമായ ഔന്നത്യം പ്രാപിച്ചിരിക്കുന്നതും ദൈവത്തിൻെറ അനുഗ്രഹത്താലാണല്ലോ. അവരോടുള്ള വണക്കം അവരെ അനുകരിച്ചു് ദൈവത്തെ ആരാധിക്കുന്നതിനും അവിടുത്തെ അഭീഷ്ടം നിറവേററുന്നതിനുമുള്ള ഒരു പ്രേരണയെയാണു് ലക്ഷ്യമാക്കുന്നതും. അതുകൊണ്ടു് തിരുസഭ നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായ പരസ്യവണക്കം ദൈവാരാധനയ്ക്കു വിരുദ്ധമോ അതിൻെറ മാഹാത്മ്യത്തെ കുറയ്ക്കുന്നതോ അല്ല; പ്രത്യുത അതു ദൈവമഹത്വത്തെ പ്രകീത്തിക്കുന്നതും, ദൈവത്തിനനുയോജ്യരായ ആദർശപാത്രങ്ങളായ വിശുദ്ധരുടെ ജീവിതമാതൃകയെ നമ്മിൽ പകത്തി അവരെപ്പോലെ നാമും ദൈവത്തിനിഷ്ടമുള്ള വിശുദ്ധന്മാരായിത്തീരുന്നതിനു് അത്യധികം സഹായിക്കുന്നതുമാണു്.

വിശുദ്ധന്മാരോടുള്ള പരസ്യമായ വണക്കത്തിൻെറ ഉദ്ദേശ്യവും അതുവഴിയായി മനുഷ്യക്കു ലഭിക്കുന്ന സൽഫലങ്ങളും ഇത്ര മഹത്തരങ്ങളാണെങ്കിൽ, പരിശുദ്ധാത്മാവിൻെറ നിമ്മലമണവാട്ടിയും, മനുഷ്യാവതാരം ചെയ്തദൈവപുത്രൻെറ ദിവ്യമാതാവും, അത്യുന്നത പരമപിതാവിൻെറ വത്സലപുത്രിയുമായ മറിയത്തോടുള്ള പരസ്യമായ വണക്കപ്രകടനങ്ങൾക്കു തിരുസ്സഭ അനന്യസാധാരണമായ അഭിനിവേശം പ്രദാനം ചെയ്യുന്നതു് എത്ര ആശാസ്യവും അനുപേക്ഷണീയവുമായ ഒരു കൃത്യമാണെന്നു നമുക്കു കാണാൻ വിഷമമില്ല. തിരുസഭയുടെ ആരാധനക്രമത്തിൽ എവിടെയും പരിശുദ്ധ കന്യകമറിയത്തെ പ്രത്യേകവിധമായി അനുസ്മരിക്കുന്നുണ്ടു്. ദൈവാരാധനാകമ്മങ്ങളിൽ പരമപ്രാധാന്യം അർഹിക്കുന്ന വിശുദ്ധ ബലിയിൽ ബലിവസ്തുവായ ക്രിസ്തുവിൻെറ മാതാവിനു ഉചിതമായ സ്മരണയും വണക്കവും നൽകപ്പെടുന്നുണ്ടു്. മറിയത്തിൻെറ സ്തുതിക്കായി ഈ അമ്മയുടെ നിരവധി അഭിധാനങ്ങളെ കീത്തിക്കുന്ന തിരുനാളുകൾ തിരുസഭ സ്ഥാപിച്ചിട്ടുണ്ടു്. മറിയത്തിൻെറ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ദേവാലയങ്ങൾക്കും, കപ്പേളകൾക്കും, ഭക്തസംഘടനകൾക്കും കൈയും കണക്കുമില്ല. എത്രയെത്ര പ്രത്യേക ഭക്തമുറകളാണു് ഈ അമ്മയുടെ നേക്കുള്ള വണക്കത്തെ പ്രകടമാക്കുന്നതിനു് അനുവത്തിക്കപ്പെട്ടുപോരുന്നതു്. മറിയത്തിൻെറ വണക്കത്തിനായി ചെയ്യപ്പെടുന്നതെല്ലാം മറിയത്തിൻെറ തിരുസുതൻെറ ബഹുമാനത്തെ വർദ്ധിപ്പിക്കുന്നുവെന്നാണു് പരിശുദ്ധ കന്യകയുടെ അമലോത്ഭവസത്യത്തെ പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള മാർപ്പാപ്പായുടെ ഔദ്യോഗികകല്പനയിൽ പ്രസ്താവിച്ചിരിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ സ്വർഗ്ഗീയഅമ്മയായ പരിശുദ്ധ കന്യകമറിയത്തെ സ്തുതിക്കുന്നതിനു പുത്രസഹജമായ ആവേശത്തോടുകൂടി നമുക്കു മുന്നോട്ടു കുതിക്കാം. ആ അമ്മയെ അഭിസംബോധനം ചെയ്തുകൊണ്ടു നമുക്കു പറയാം:-

**സ്തുതിക്കു യോഗ്യയായ കന്യകേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

വിമർശനവീഥി

# മലയാളസാഹിത്യത്തിൽ ക്രിസ്തീയ മിഷനറിസേവനം

തിരുവനന്തപുരം സാഹിത്യചർച്ചാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രസംഗങ്ങളിലൊന്നു് ശ്രീ പി. കെ. പരമേശ്വരൻ നായരുടേതാണു്. ആധുനിക മലയാളസാഹിത്യത്തിൽ ക്രിസ്തീയ മിഷനറിമാർ ചെയ്തിട്ടുള്ള സേവനങ്ങളുടെ ചുരുങ്ങിയ വിവരണം ആ പ്രസംഗത്തിൽ കൊടുത്തിരുന്നതു് ഉദ്ധരിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്:-

## പാശ്ചാത്യസമ്പർക്കം

പാശ്ചാത്യസാഹിത്യസമ്പർക്കംതന്നെയാണു് ഇന്നത്തെ മലയാളഗദ്യത്തിന്റെ ആവിർഭാവത്തിനു് പ്രധാനമായി മാർഗ്ഗം തെളിച്ചതെന്നുള്ളതിനു് സംശയമില്ല. ഈ പാശ്ചാത്യസമ്പർക്കത്തിന്റെ ചരിത്രം 11-ാംശതകത്തിലേ ആരംഭിക്കുന്നുള്ളുവെന്നു് ഒരു വിശ്വാസം പൊതുവെയുണ്ടു്. അതു ശരിയല്ല. ബ്രിട്ടീഷ് ആധിപത്യത്തോടുകൂടി മാത്രമല്ല കേരളത്തിൽ പാശ്ചാത്യസമ്പർക്കം തുടങ്ങിയതു്. ബ്രിട്ടീഷുകാർ പ്രവേശിച്ചതിനു് എത്രയോ മുൻപുമുതൽക്കേ പോർട്ടുഗീസുകാരും ഡച്ചുകാരുംകേരളത്തിലെരാഷ്ട്രീയവും സാമൂഹ്യവുമായ ചരിത്രത്തിൽ പ്രമുഖസ്ഥാനം വഹിച്ചിരുന്നു. കേരളസംസ്കാരത്തേയും കേരളഭാഷയേയും ആ രണ്ടു പാശ്ചാത്യവർഗ്ഗക്കാരുടെ സമ്പർക്കം സാരമായി സ്പർശിച്ചിട്ടുണ്ടു്. മലയാളഗദ്യത്തിന്റെ ആധുനിക പ്രവണതകൾ ക്രി: വ: 17-ാംശതകത്തിലെ (കൊ: വ: 9-ാംശതകം) പോർട്ടുഗീസു് സമ്പർക്കത്തോടുകൂടി ആരംഭിച്ചു് ഡച്ചുകാരുടെ സാഹചര്യത്തിൽ കൂടുതൽ തെളിഞ്ഞുവെന്നും കാണാവുന്നതാണു്. അങ്ങനെ നോക്കുമ്പോൾ എഴുത്തച്ഛനോടുകൂടി കവിതയിൽക്കൂടി ആവിർഭവിച്ച നവീനയുഗത്തോടു് ഏറെക്കുറെ സമകാലികമായിത്തന്നെ ആധുനികഗദ്യത്തിന്റേയും ചരിത്രം ആരംഭിക്കുന്നുണ്ടെന്നു കാണുവാൻ കഴിയും. അതിനാൽ ഗദ്യപദ്യവിഭാഗങ്ങൾ രണ്ടും ഉൾപ്പെടുത്തിയുള്ള ആധുനികസാഹിത്യത്തിന്റെ പ്രപഞ്ചനം എഴുത്തച്ഛന്റെ കാലംമുതൽ ആരംഭിക്കുന്നതിൽ അപാകമില്ലെന്നുതോന്നുന്നു.

## പോർട്ടുഗീസുകാരും ഡച്ചുകാരും

ബ്രിട്ടീഷുകാർക്കു് മുൻപു് ഒന്നിലധികം ശതാബ്ദക്കാലത്തേക്കു് കേരളത്തിൽ പ്രാമാണ്യവും സ്വാധീനശക്തിയും ചെലുത്തിയിരുന്ന പോർട്ടുഗീസുകാരും, ഡച്ചുകാരും കേരളസംസ്കാരത്തെ സാരമായി സ്പർശിച്ചിട്ടുണ്ടു്. കേരളത്തിൽ പാശ്ചാത്യസംസ്കാരപ്രവണതകളുടെ ആദ്യസംവാഹകന്മാർ അവരായിരുന്നു. ആദ്യം കച്ചവടത്തിനും പിന്നെ സാമ്രാജ്യസ്ഥാപനത്തിനുള്ള അഭിലാഷത്തോടും ഇവിടെ വ്യാപരിച്ച ഈ പാശ്ചാത്യവർഗ്ഗക്കാർക്കു് ഇവിടത്തെ നാട്ടുവാഴികളോടുണ്ടായ നിരന്തരസമ്പർക്കവും ഉൾനാട്ടുകളുമായിപ്പോലും പരിപാലിക്കാൻ കഴിഞ്ഞ വാണിജ്യപരമായ ബന്ധങ്ങളും, സർവ്വോപരി അവർ നടത്തിവന്ന മതപ്രചരണപരമായ പ്രവർത്തനങ്ങളും കേരളസംസ്കാരത്തിൽ ദൂരസ്പർശകങ്ങളായ മുദ്രകൾ പതിച്ചു. മലയാളഭാഷയെ അതു ഗാഢമായി സ്പർശിച്ചിട്ടുണ്ടു്. ഈവക സാംസ്കാരിക മുദ്രകൾ അനന്തരകാലത്തെ ഇംഗ്ലീഷ് ആധിപത്യംകൊണ്ടുണ്ടായ കൂടുതൽ അഗാധമായ പരിവർത്തനങ്ങൾമൂലം ഇന്നു് ഏറെക്കുറെ അസ്പഷ്ടങ്ങളായിത്തീർന്നിട്ടുണ്ടെങ്കിലും അന്നു പ്രകടമായ യാഥാർത്ഥ്യങ്ങൾതന്നെയായിരുന്നു. പില്ക്കാലത്തു് കുഞ്ചൻനമ്പ്യാർതന്നെ "ലന്തപറങ്കിയും ഇങ്കരസ്സേസും, ബഹുവതാമിനിയരചന്മാക്കും" എന്നു പറയേണ്ടതായി വന്നു.

ഡച്ചുകാരുടെ ഇടയിൽ വിജ്ഞാനഗവേഷകന്മാരും ഉണ്ടായിരുന്നു. 1673-നും 77-നും മദ്ധ്യേ കൊച്ചിയിലെ കമാൻഡറായിരുന്ന വാൻറീസു് Hortus Malabaricus (മലബാറിലെ ഔഷധങ്ങൾ) എന്നപേരിൽ ഈ നാട്ടിലെ സസ്യങ്ങളുടെ വിവരണങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം നിർമ്മിച്ചതായി കാണുന്നു. ഇതു് 1686-ാമാണ്ടോടുകൂടി ഹോളണ്ടിൽ അച്ചടിപ്പിക്കുകയും ചെയ്തു. അതിൽ മലയാളത്തിലെ സസ്യങ്ങളുടെയുംഔഷധികളുടെയുംപേരുകൾ ലാററിനിലും, അറബിഭാഷയിലും, സംസ്കൃതത്തിലും, മലയാളത്തിലും കൊടുത്തിരിക്കുന്നു. ചില ഭാഗങ്ങൾമലയാളത്തിൽത്തന്നെ എഴുതിയിട്ടുണ്ടു്. ഒരു പക്ഷേ മലയാളലിപികളിലുള്ള ആദ്യത്തെ അച്ചടി ഈ ഗ്രന്ഥത്തിലെ മലയാളഭാഗങ്ങളായിരിക്കണമെന്നാണു് തോന്നുന്നതു്. അതിനുമുമ്പുള്ള മാതൃകകളൊന്നും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല.

## വിദേശമിഷനറിമാരുടെ സാഹിത്യശ്രമം

പോർട്ടുഗീസു് സമ്പർക്കംകൊണ്ടു് കേരളത്തിലെ ക്രിസ്തുമതത്തിനുണ്ടായ പ്രചാരവും അതിലേക്കു് യത്നിച്ച വിദേശികളും സ്വദേശികളുമായ മിഷനറിമാരിൽനിന്നുണ്ടായ സംഭാവനകളും മലയാളഗദ്യസാഹിത്യത്തിനുണ്ടാക്കിയ പ്രചോദനമാണു് പ്രസ്താവയോഗ്യമായ മറെറാരു സംഗതി. അർണ്ണോസു് പാതിരി, ആഞ്ജലോഫ്രാൻസിസു്, പൗലിനോസു് പാതിരി, മുതലായ പാശ്ചാത്യപാതിരിമാരുടെ പേരുകൾ ഈ അവസരത്തിൽ അനുസ്മരണീയമാണു്. പതിനേഴും പതിനെട്ടും ശതകങ്ങളിൽ ഇവിടെ വന്നഈ മതപ്രചാരകന്മാരാണു്, മലയാളത്തിലെ നിഘണ്ടുക്കൾ വ്യാകരണങ്ങൾ മുതലായവയുടെ ആദ്യമാതൃകകൾ കാണിച്ചുതന്നതു്. ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിന്റെ മാതൃകയും ആദ്യം കാണിച്ചതു് ഇവരായിരുന്നു. ഇവരുടെ ഗ്രന്ഥങ്ങൾ കേരളത്തിൽ അത്ര പ്രചരിക്കുകയോ പിൽക്കാലത്തു സാഹിത്യത്തിന്റെ വളർച്ചയെ സ്ഥായിയായി സഹായിക്കുകയോ ചെയ്തിട്ടില്ല. കാരണം, പാതിരിമാരുടെ ഗ്രന്ഥനിർമ്മാണത്തിന്റെ പ്രധാന ഉദ്ദേശം മതപരമായിരുന്നുവെന്നുള്ളതാണു്. ഒന്നുകിൽ മതവിഷയത്തെപ്പററിയുള്ള ചർച്ചകൾ, അല്ലെങ്കിൽ മതപ്രചരണത്തിനു് സഹായിക്കത്തക്ക പ്രബന്ധങ്ങൾ, ഇത്രയേ അവർ ഗ്രന്ഥനിർമ്മാണത്തിൽ ലക്ഷ്യം കണ്ടിരുന്നുള്ളു. സാമൂഹ്യവും ശാസ്ത്രീയവുമായ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രതിപാദനങ്ങൾ, നിഘണ്ടുക്കൾ, വ്യാകരണങ്ങൾ മുതലായവയാണെങ്കിൽ അവയും മേല്പറഞ്ഞ ആവശ്യത്തിലേക്കുതന്നെ. അനന്തരകാലികരായ മിഷനറിമാർക്കു് കേരളത്തേയും അവിടത്തെ ജനങ്ങളേയുംപററി മനസ്സിലാക്കാൻഎഴുതപ്പെട്ടവയാണെന്നല്ലാതെ നാട്ടുകാരെ ഉദ്ദേശിച്ചു രചിക്കപ്പെട്ടവയല്ല. അതുകൊണ്ടാണു് അവ റോമിലെ ഗ്രന്ഥശേഖരങ്ങളിലും ഏതാനും ഇവിടെ ഉണ്ടെങ്കിൽത്തന്നെ വരാപ്പുഴ മുതലായ സിമ്മനാരികളിലും ഇരുന്നുപോകാൻ ഇടയായിട്ടുള്ളതു്. ഈവഹ പരിമിതികൾ ഇല്ലായിരുന്നുവെങ്കിൽ കത്തോലിക്കാമിഷനറിമാരുടെ യത്നങ്ങൾ കേരളസാഹിത്യത്തിൽ ഉജ്ജ്വലമായ ഒരധ്യായത്തിനു വകനൽകുമായിരുന്നുവെന്നു് തീർത്തുപറയാം.

ഇങ്ങനെയൊക്കെയാണെങ്കിലും മിഷനറിമാരുടെ പരിശ്രമങ്ങളെപ്പററി ഒന്നുരണ്ടുസംഗതികളെപ്പററി എടുത്തുപറയേണ്ടതായിട്ടുണ്ടു്. സാമാന്യകാര്യങ്ങൾ സാമാന്യരീതിയിൽ പറയാനുള്ള ഒരു ശൈലി അവർ മലയാളത്തിൽ നടപ്പാക്കി. നാട്ടുകാരായ ക്രിസ്തുമതപ്രവർത്തകന്മാരും ആ രീതിയെ അനുകരിച്ചു. കത്തോലിക്കാ മിഷനറിമാർ നിർമ്മിച്ച വ്യാകരണങ്ങളും നിഘണ്ടുക്കളും പിൽക്കാലത്തു വന്ന പ്രോട്ടസ്റ്റൻറു് മിഷനറിമാരുടെ പരിശ്രമങ്ങൾക്കു് വളരെ സഹായകമായിട്ടുണ്ടു്. റോബർട്ടു് ഡ്രമണ്ടു്, ഡോക്ടർ ഗുണ്ടർട്ടു് മുതലായ അനന്തരകാലത്തെ നിഘണ്ടുകാരന്മാർക്കു് വരാപ്പുഴ മിഷനറിമാരുടെ ഗവേഷണങ്ങളിലും ഗ്രന്ഥങ്ങളിലുംനിന്നു സിദ്ധിച്ചിട്ടുള്ള മാർഗ്ഗദർശനത്തെപ്പററി അവർതന്നെ സ്വന്തം ഗ്രന്ഥങ്ങളിൽ പ്രത്യേകം സ്മരിച്ചിട്ടുണ്ടു്.

## സ്വദേശവൈദികരുടെ സേവനം

വിദേശീയമിഷനറിമാരിൽനിന്നു് മേൽവിവരിച്ചവിധത്തിലുള്ള ഉജ്ജീവനങ്ങൾ മലയാളത്തിനു് ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ നാട്ടുകാരായ ക്രിസ്തുമതപ്രവർത്തകന്മാരുടെ ഇടയ്ക്കും ചില യത്നങ്ങൾ ഉണ്ടാകാതിരുന്നില്ല. വിശേഷിച്ചും പാശ്ചാത്യഭാഷകളും ദേശങ്ങളുമായി സമ്പർക്കം സിദ്ധിച്ച പല വൈദികന്മാരും മിഷനറിമാരുടെ കാല്പാടുകൾ തുടർന്നു് ക്രിസ്തുമതത്തിന്റെ സംരക്ഷണത്തിനും പ്രചരണത്തിനും യത്നിച്ചതു് മലയാളഭാഷയുടെ വികസനത്തിനു സഹായകമായിത്തീർന്നു. അങ്ങനെയുള്ള പ്രവർത്തകരിൽ രണ്ടുപേർ പ്രത്യേകം പ്രസ്താവനയെ അർഹിക്കുന്നു. കരിയാററിൽ യൗസേപ്പു് മല്പാനും പാറേമാക്കൽ തോമാ മല്പാനുമാണു് അവർ. യൂറോപ്യൻ ഭാഷകൾ പഠിച്ച മലയാളികളിൽനിന്നു് നമ്മുടെ സാഹിത്യത്തിനു സിദ്ധിച്ച വികാസത്തിന്റെ ചരിത്രത്തിൽ ഇവർക്കു് പ്രമുഖസ്ഥാനം നൽകേണ്ടതായിട്ടുണ്ടു്.

## കരിയാററി മല്പാനും പാറേമാക്കൽ കത്തനാരും

കരിയാററിമല്പാൻ എഴുതിയ (മല്പാനെപ്പററി പാറേമാക്കൽ കത്തനാർ എഴുതിയ—സ. പ.) ഒരു യാത്രാവിവരണഗ്രന്ഥമാണു് "വർത്തമാനപ്പുസ്തകം."

ബ്രിട്ടീഷ് ആധിപത്യത്തിനു മുൻപു് പാശ്ചാത്യഗ്രന്ഥങ്ങൾ വായിച്ചു പല നവീനമാതൃകകളും മനസ്സിലാക്കിയ നാട്ടുകാരനായ ഒരു പണ്ഡിതനിൽനിന്നും മലയാളസാഹിത്യത്തിനു ലഭിച്ച അമൂല്യമായ ഒരു സംഭാവനയാണു് പ്രസ്തുത ഗ്രന്ഥം. അതിന്റെ ശൈലിയും പ്രതിപാദനവും തികച്ചും പാശ്ചാത്യമാണു്; യാത്രാവിവരണമെഴുതുകയെന്ന ആശയംതന്നെ വൈദേശികമാണു്.

ആഫ്രിക്കാ, തെക്കെ അമേരിക്ക, യൂറോപ്പു് എന്നീ നാടുകളിൽ കത്തനാർ കണ്ടകാഴ്ചകളെ അനുഭവരസം തുളുമ്പുന്ന ഭാഷയിൽ ആകർഷകമായി വർണ്ണിച്ചിട്ടുണ്ടു്. ഉത്തരതിരുവിതാംകൂറിൽനിന്നു് തെക്കോട്ടുതിരിച്ചു് കായംകുളം, കുളച്ചൽ, ഉദയഗിരി, കോട്ടാർ, ആരുവാമൊഴി മുതലായ സ്ഥലങ്ങൾകടന്നു് പാണ്ടിയിലെത്തി പാണ്ടിച്ചേരിയിലൂടെ ചെന്നാപട്ടണത്തിലെത്തുന്നതുവരെയുള്ള കരവഴിയാത്രതന്നെ രസകരമായ ഒരു വിവരണമാണു്. വിശേഷിച്ചും ഉദയഗിരിയിൽ ചെന്നു് ഡെലനായി (അദ്ദേഹം മരിച്ചിട്ട ഒരുകൊല്ലം ആയിരുന്നു) യുടെ വിധവയെ സന്ദർശിച്ച ഭാഗം വർണ്ണിച്ചിട്ടുള്ളതു് ചരിത്രപരമായും യാത്രാവിവരണപരമായും ഒന്നുപോലെ വിജ്ഞേയമാണു്. പാണ്ടിച്ചേരിയിൽ എത്തിയപ്പോൾ ഫ്രഞ്ചുകാരുമായുള്ള യുദ്ധത്തിന്റെ ഫലമായി ഇംഗ്ലീഷുകാർ അവിടം വളഞ്ഞിരിക്കുകയായിരുന്നു. അതിനാൽ ചെന്നാപട്ടണത്തുചെന്നേ കപ്പൽ കയറുവാൻ സാധിച്ചുള്ളു. അതുതന്നെയും വളരെ ശുപാർശകൾ ചെയ്തു കാത്തുനിന്നതിനുശേഷം മാത്രം. കപ്പൽ കയറിയതിനുശേഷമുള്ള അനുഭവങ്ങൾ കഷ്ടതരമായിരുന്നു. വഴിക്കു് രോഗംകൊണ്ടു വളരെ വലഞ്ഞു. കപ്പൽ ആഫ്രിക്കചുററി ദക്ഷിണഅമേരിക്കയിൽ ബ്രസ്സിൽവഴിയാണു പോയതു്. ആ സ്ഥലങ്ങൾ വർണ്ണിച്ചിട്ടുള്ളതു് ആകർഷകമായിട്ടുണ്ടു്. എന്നാൽ യൂറോപ്പിലെത്തിയതിനുശേഷം ലിസ്ബൺ, ജനീവാ, റോം, എന്നീ പട്ടണങ്ങളിലെ കാഴ്ചകൾ വിവരിച്ചിട്ടുള്ളതാണു് ഗ്രന്ഥത്തിലെ ഏററവും നല്ല ഭാഗങ്ങളിൽ ചിലതു്.

ഇങ്ങനെ കഥനോപപാദനപരമായ പല ഭാഗങ്ങളും ഈ ഗ്രന്ഥത്തിലുണ്ടെങ്കിലും അന്നത്തെ കേരളീയക്രിസ്ത്യാനികൾക്കു് ഗോവാ മെത്രാന്മാരിൽനിന്നുണ്ടായ അവമതികൾ ഗ്രന്ഥകാരന്റെ ഹൃദയത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങളുടെ ചിന്താപരമായ പ്രകാശനമാണു് ഈ ഗ്രന്ഥത്തിലെ അംഗിയായ രസം. സംഭവങ്ങൾ പലവിധ വികാരങ്ങളിലേക്കും നയിക്കുന്നു. അവ ആവേശജനകമായ ഭാഷയിൽ ബഹിർഗ്ഗമിക്കുന്നു. ആകപ്പാടെ ഈ ഗ്രന്ഥത്തെ ആധുനികഗദ്യപ്രസ്ഥാനത്തിൽ എണ്ണപ്പെട്ട പ്രഥമകൃതിയാണെന്നുതന്നെ പറയാം. ഭാഷാരീതികൾ പാതിരിച്ചുവ നല്ലതുപോലെയുണ്ടെങ്കിലും സമഗ്രമായി നോക്കുമ്പോൾ ഗ്രന്ഥം ഒരു കലാശില്പമാതൃകയായി പരിണമിച്ചിട്ടുണ്ടെന്നുള്ളതിനു തർക്കമില്ല.

—o—



Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, July 28, 1954 No. 47

## —വിവിധവൃത്താന്തങ്ങൾ—

### രാഷ്ട്രീയസേവനത്തിൽനിന്നു പൗരോഹിത്യത്തിലേക്ക്

മാൾട്ടായിലെ മുൻഫൈനാൻസ് മിനിസ്റ്ററായിരുന്ന ഡോക്ടർ കൊളൊംബൊ കപ്പൂച്ചിൻ സഭയിൽ ചേർന്ന് ഫാദർ ഫെർഡിനാൻഡോ എന്ന പേരിൽ പുരോഹിതപദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. മിലാൻ കത്തീഡ്രലിൽവച്ച് കർദ്ദിനാൾ ഷൂസ്റ്റർ തിരുമേനിയിൽനിന്നാണ് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചത്. അദ്ദേഹം പ്രസിദ്ധനായ ഒരു ഭിഷഗ്വരനായിരുന്നു. കഴിഞ്ഞ യുദ്ധാനന്തരം അദ്ദേഹം ഇപ്പോൾ ഡെപ്യൂട്ടി പ്രൈംമിനിസ്റ്ററായിരിക്കുന്ന ഡോക്ടർ ബോഫാ ഓംബി. ഇദ്ദേഹത്തിന്റെ കീഴിൽ ലേബർപാർട്ടി അംഗമായി രാഷ്ട്രീയസേവനം നിർവ്വഹിച്ചു. ആദായനികുതി ഏർപ്പെടുത്തുന്നതിനും നാഷനൽ ഭാഗ്യക്കുറി നടത്തുന്നതിനും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. 1950 ലെ തിരഞ്ഞെടുപ്പിലും അദ്ദേഹം പ്രശസ്തമായ വിജയം നേടി. അതിനുശേഷമാണ് അദ്ദേഹം രാഷ്ട്രീയപ്രവർത്തനങ്ങൾ നിറുത്തി കപ്പൂച്ചിൻ സഭയിൽ പ്രവേശിച്ചത്.

### "മുപ്പതേക്കർ കുന്നു" "ജപമാലമല"യായി

ഡൗൺപാട്രിക്ക് എന്ന സ്ഥലത്തു "മുപ്പതേക്കർ കുന്നു" എന്ന പേരിൽ വളരെക്കാലമായി അറിയപ്പെട്ടിരുന്ന ഒരു സ്ഥലത്തുവച്ച് ഈയിടെ ഫാദർ പാട്രിക്ക് പെയ്റ്റന്റെ നേതൃത്വത്തിൽ ഒരു ജപമാലറാലി നടത്തപ്പെടുകയുണ്ടായി. അതിന്റെ പര്യവസാനത്തിൽ ഈ മഹാസംഭവത്തിന്റെ സ്മരണയെ നിലനിർത്തുന്നതിന്, സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച ഡൗൺ-കോണോർ മെത്രാൻ റൈററ് റവ. ഡോക്ടർ മാഗിൻ തിരുമനസ്സുകൊണ്ടു് ആ കുന്നിനു് "ജപമാലമല" എന്നു നാമകരണംചെയ്തു. 50,000 ത്തിലധികം വരുന്ന ജനക്കൂട്ടം ഈ പ്രഖ്യാപനത്തെ ആഹ്ലാദപൂർവ്വം സ്വീകരിക്കുകയും ആർത്തട്ടഹസിക്കുകയുംചെയ്തു.

### കൊന്തയ്ക്കുവേണ്ടി മർദ്ദനമേററബാലൻ

ബെൽഫാസ്റ്റ് എന്ന സ്ഥലത്തുവച്ച് നടത്തപ്പെട്ട ജപമാലറാലിയിൽ സംബന്ധിച്ച് അതിന്റെ ബാഡ്ജുധരിച്ചതിനു് 15 വയസ്സു പ്രായമുള്ള ഓലിവർ വാൽഷ് എന്ന ബാലൻ ശത്രുക്കളായ ഒരു യുവസംഘത്തിന്റെ മർ

ദ്ദനത്തിനു് വിധേയനായിരിക്കുന്നു. മററു കുട്ടികളുമൊരുമിച്ച് അടുത്തുള്ള മൈതാനത്തിൽ ഫുട്ബോൾ കളിക്കുന്നതിനായി പോവുകയായിരുന്നു ഓലിവർ. ജപമാല ബാഡ്ജുധരിച്ച ഈ കുട്ടികളെ കണ്ടപ്പോൾ ഒരുകൂട്ടം യുവാക്കന്മാർക്ക് കലിയിളകി. അവർ ആ കുട്ടികളെ തടഞ്ഞുനിർത്തി. മററു കുട്ടികൾ ഒരുവിധത്തിൽ ഓടി രക്ഷപെട്ടു. ഓലിവരെ അവർ പിടികൂടുകയും തലയിലും ദേഹത്തിലും അടിച്ചും ഇടിച്ചും ഗൗരവമായ പരുക്കുകൾ ഏല്പിക്കുകയും ചെയ്തു. ഓലിവർ ആശുപത്രിചികിത്സയിലാണ്.

### ന്യായമായും മര്യാദയായും വിമർശിക്കുക

അർമാഗിലെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ ഡി ആൾട്ടൻ മേയ്നൂത്തിലെ സെൻറ് പാട്രിക്ക് കോളേജ് വാർഷികത്തിൽ സമ്മാനദാനം നിർവ്വഹിച്ചുകൊണ്ടു് പ്രസംഗിക്കുകയിൽ ഇപ്രകാരം പ്രസ്താവിച്ചു: "പൗരോഹിത്യത്തോടു് ആഴമായ ബഹുമാനവും നമ്മുടെ കത്തോലിക്കാ പാരമ്പര്യങ്ങളുടെ പാവനതയെമലിനമാക്കാതെ പരിപാലിക്കുന്നതിനുള്ള അഭിവാഞ്ഛയും ഉള്ള ആളുകളിൽനിന്നുണ്ടാകുന്ന ബോധപൂർവ്വകമായ വിമർശനങ്ങൾ സ്വാഗതം ചെയ്യപ്പെടണം; അവ നമുക്കു ഗുണദായകമാണ്. എന്നാൽ അജ്ഞതയിൽനിന്നും, മുൻവിധിയിൽനിന്നും, അന്ധമായ വിരോധഭാവത്തിൽനിന്നും പുറപ്പെടുന്ന വിമർശനങ്ങൾ വിലയില്ലാത്തവയത്രെ"

### ഭവനസന്ദർശനവും അൽമായപ്രേഷിതത്വവും പ്രോത്സാഹിപ്പിക്കപ്പെടണം

ബൽജിയം പ്രൈമേററായ അത്യുന്നത കർദ്ദിനാൾ വാൻറോയി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിന്റെ മാലിൻസ് രൂപതയിലെ വൈദികർക്ക് നൽകിയിട്ടുള്ള ഒരു ഇടയലേഖനത്തിൽ അവർ ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് വിശ്വാസികളുടെ ജീവിതവുമായി അടുത്ത സമ്പർക്കം പുലർത്തണമെന്നും, പ്രായോഗികകത്തോലിക്കാ ജീവിതം നയിക്കാത്ത ക്രിസ്ത്യാനികളെ തിരുസഭയ്ക്കു നേടിക്കൊടുക്കുന്നതിനു് തീവ്രമായി പരിശ്രമിക്കുന്ന കത്തോലിക്കാ അൽമായസംഘടനകളെ പ്രോത്സാഹിപ്പിക്കണമെന്നും ശക്തിയായി ഉൽബോധിപ്പിച്ചിരിക്കുന്നു. അൽമായസംഘടനകളെ പ്രോത്സാഹിപ്പിക്കുക എന്നതു വൈദികരുടെ പ്രമുഖമായ ഒരു കടമയാണെന്നു തിരുമേനി പ്രസ്താവിക്കുന്നു. എന്നാൽ കർമ്മപരമായ പ്രവർത്തനങ്ങൾക്കു പ്രാധാന്യം കല്പിച്ച് ആദ്ധ്യാത്മികജീവിതത്തിനു് മാന്ദ്യം വരുത്തരുതെന്നു പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ടു്.

### റോഡരുകുകളിൽ കുമ്പസാരം

പോർത്തുഗലിലുള്ള ബ്രാഗായിലെ സമേയ്രോ മാതാവിന്റെ പുണ്യതീർത്ഥത്തിൽ അവിടത്തെ ദേശീയ മരിയൻ കോൺഗ്രസ്സിന്റെ സമാപനത്തോടനുബന്ധിച്ച് ലിസ്ബണിലെ അത്യുന്നത കർദ്ദിനാൾ ചെരെജേരാ തിരുമനസ്സുകൊണ്ടു് ഒരു പരസ്യമായ ദിവ്യബലി അർപ്പിക്കുകയുണ്ടായി. 5 ലക്ഷത്തോളം പേർ അതിൽ സംബന്ധിച്ചു. പോർത്തലെഗ്രെയിലെ മെത്രാനാണ് പാതിരാക്കുർബാന ചൊല്ലിയതു്. അതിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു് വിശ്വാസികൾ വളരെയേറെപ്പേരുണ്ടായിരുന്നു. അവരുടെ കുമ്പസാരം കേൾക്കുന്നതിനു തക്ക സ്ഥലസൗകര്യം കുറവായിരുന്നതുകൊണ്ടു് അനേകം വൈദികർ റോഡരുകുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുകയാണുണ്ടായതു്.

### ഇരുമ്പുമറയ്ക്കകത്തു മെത്രാന്റെ ശവസംസ്കാരം

ചെക്കോസ്ലോവാക്കിയായിൽ കമ്മ്യൂണിസ്റ്റ് തടവിൽക്കിടന്നു് മൃതിപ്പെട്ട റൈററ് റവ ഡോക്ടർ അഗസ്റ്റിൻ റാസ്കാ മെത്രാൻ തിരുമനസ്സിലെ ശവസംസ്കാരം ട്രിണവാ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ടു. 20,000 ജനങ്ങൾ ധൈര്യപൂർവ്വം അതിൽ പങ്കെടുത്തു. ട്രിണവായിലെ മെത്രാനായ ഇദ്ദേഹത്തെ കമ്മ്യൂണിസ്റ്റുകൾ പലപ്രാവശ്യം അറസ്റ്റുചെയ്യുകയും പല മർദ്ദനങ്ങളും ഏല്പിച്ച് ജയിൽവാസം അനുഭവിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഓരോ പ്രാവശ്യവും അദ്ദേഹം ആരോഗ്യം നഷ്ടപ്പെട്ടു ക്ഷീണിതനായിട്ടാണ് പുറത്തുവന്നിട്ടുള്ളതു്. കഴിഞ്ഞ ജനുവരിയിൽ ജയിൽവിമുക്തനായപ്പോൾ അദ്ദേഹത്തിനു ഇടതുകണ്ണു നഷ്ടപ്പെട്ടിരുന്നു. അടുത്തു് അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ട ഉടനെതന്നെയാണ് ഈ ദാരുണസംഭവം ഉണ്ടായതു്. വത്തിക്കാൻ റേഡിയോ വഴിക്കാണു് ഈ വാർത്ത പുറത്തുവന്നതു്.

### "ജനകീയവൈദിക" അസോസിയേഷൻ

യൂഗോസ്ലാവിയായിലും മററു കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെന്നപോലെ വൈദികരെ പ്രലോഭിപ്പിച്ച് "ജനകീയവൈദിക" അസോസിയേഷൻ രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഡൽമാസിയായിലുള്ള ഹാവാറിലെ പൂസിക്ക് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഇതിനെതിരായി ശക്തിയായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. ഈയിടെ അസോസിയേഷൻ ഒരു ശാഖ സംഘടിപ്പിക്കുന്നതിനു് സ്പ്ളീററ് എന്ന സ്ഥലത്തു ഒരു യോഗംചേന്നു. അതിൽ സംബന്ധിച്ച വൈദികരെ പൂസിക്ക് തിരുമേനി മുടക്കുകയും ചെയ്തു. അതേപ്പററി കമ്മ്യൂണിസ്റ്റു ഗവമ്മെൻറു നടപടിയെടുക്കുകയും 50 പവൻ അദ്ദേഹത്തിനു പിഴശിക്ഷ നൽകുകയുംചെയ്തു എന്നു …ാ ന്യൂസ് ഏജൻസി റിപ്പോ… ചെയ്യുന്നു. സ്പ്ളീററിലെ സഹായമെത്രാൻ തിരുമേനി അതിൽ പങ്കെടുത്തവരേയും അതിനുവേണ്ടി പുറമെനിന്നു വന്ന വൈദികരേയും ദിവ്യബലി അർപ്പിക്കുന്നതിനും മററു കൂദാശകർമ്മങ്ങൾ നടത്തുന്നതിനും നിരോധിക്കുകയുണ്ടായി.

### കത്തോലിക്കരുടെ ജനസംഖ്യ

ലോകത്തിൽ ഒട്ടാകെ ഇപ്പോൾ 47 കോടി 20 ലക്ഷം കത്തോലിക്കരുണ്ടെന്നാണ് "പ്രീസ്റ്റ് ആൻഡ് ദി മിഷൻ" എന്ന പാരീസിലെ ഒരു പ്രസിദ്ധീകരണത്തിൽ ഫാദർ ആഡ്റിയൻ ബൗഫാർസ് നൽകിയിട്ടുള്ള സ്ഥിതിവിവരക്കണക്കിൽ കാണുന്നതു്. പ്രതിവർഷം 54 ലക്ഷം കത്തോലിക്കാ കുട്ടികൾ ജനിക്കുന്നു എന്നദ്ദേഹം പ്രസ്താവിക്കുന്നു. ഓരോ ഭൂഖണ്ഡങ്ങളിലേയും സ്ഥിതിവിവരം ഇപ്രകാരമാണ്:- ഏഷ്യയിൽ ആകെ ജനസംഖ്യ 130 കോടി—അതിൽ കത്തോലിക്കർ 3 കോടി 10 ലക്ഷം. യൂറോപ്പിൽ ആകെ ജനസംഖ്യ 59 കോടി—കത്തോലിക്കർ 23 കോടി. അമേരിക്കയിൽ ആകെജനസംഖ്യ 33 കോടി 70 ലക്ഷം—കത്തോലിക്കർ 19 കോടി. ആഫ്രിക്കയിൽ ആകെ ജനസംഖ്യ 19 കോടി 80 ലക്ഷം—കത്തോലിക്കർ 1 കോടി 70 ലക്ഷം. ഓഷ്യാനിയായിൽ ആകെ ജനസംഖ്യ 1 കോടി 40 ലക്ഷം—കത്തോലിക്കർ 28 ലക്ഷം.

ഇപ്രകാരം ആകെയുള്ള ജനസംഖ്യയിൽ ഏകദേശം അഞ്ചിൽ ഒരു ഭാഗം കത്തോലിക്കരാണ്. കമ്മ്യൂണിസ്റ്റധീനത്തിൽ ഇപ്പോഴുള്ള ജനസംഖ്യ ഉദ്ദേശം 78 കോടി 40 ലക്ഷം വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്—അതിൽ കത്തോലിക്കർ 6 കോടി 40 ലക്ഷം വരുന്നതാണ്.

### മരിയവത്സരത്തിലെ ഉത്തരാർദ്ധവർഷ പരിപാടി

മരിയവത്സരംസംബന്ധിച്ചുള്ള റോമിലെ കേന്ദ്രകമ്മിററി വർഷത്തിന്റെ ഉത്തരാർദ്ധത്തിലേക്കുള്ള പ്രത്യേകനിയോഗങ്ങൾ ലോകത്തിലുള്ള എല്ലാ രൂപതകളിലേക്കും അറിയിച്ചിരിക്കുന്നു. കർമ്മലമാതാവിന്റെ തിരുനാൾദിനമായ ജൂലൈ 16-ാംതീയതി ക്രിസ്തീയ അടക്കം പാലിക്കപ്പെടുന്നതിനായും, മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളായ ആഗസ്റ്റ് 15-ാംതീയതി തിരുസഭയുടെ ഐക്യത്തിനും വിജയത്തിനുമായും, മറിയത്തിന്റെ ജനനത്തിരുനാളായ സെപ്റ്റംബർ 8 മുതൽ മറിയത്തിന്റെ തിരുനാമത്തിന്റെ തിരുനാളായ സെപ്റ്റംബർ 12-ാംതീയതിവരെ ദൈവദ്രോഹപരമായ കൃത്യങ്ങൾക്കുള്ള പരിഹാരത്തിനായും പ്രാർത്ഥിക്കുന്നതിനു നിയോഗിച്ചിരിക്കുകയാണ്. ഒക്ടോബർമാസം ജപമാലവഴിയായി കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും, നവമ്പർ മാസം ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകളുടെ സഹായത്തിനുമായി നിയോഗിച്ചിരിക്കുന്നു.

### മാർപ്പാപ്പാ അനുദിനകൃത്യങ്ങളിൽ ഏർപ്പെടുന്നു

പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ ആരോഗ്യം വീണ്ടെടുത്തതോടെ പണ്ടത്തെപ്പോലെ ശ്രമകരമായ അനുദിനകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. തിരുമേനി ക്രമപ്രകാരം കർദ്ദിനാളന്മാർക്കും കൂരിയാ അംഗങ്ങൾക്കും നിശ്ചിതസമയങ്ങളിൽ സന്ദർശനങ്ങൾ അനുവദിക്കുകയും സഭാകാര്യങ്ങളെപ്പററി ചർച്ചകൾ നടത്തി അവക്കു് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പൊതുസന്ദർശനങ്ങളും അനുവദിക്കുന്നുണ്ടു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

